www.malankaralibrary.com



# ത്രിയേക ദൈവം

ഗീവർഗ്ഗീസ് ചേടിയത്ത്

www.malankaralibrary.com

# ത്രീയേക ദൈവം

ഫാ. ജി. ചേടിയത്ത്

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം—686 010

NO.59

www.malankaralibrary.com

# അവതാരിക

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനതത്വമാണ് പരിശുദ്ധ പരമത്രിത്വത്തിലുള്ള വിശ്വാസം. ഒരു ദൈവം, ആ ദൈവത്തിൽ മൂന്നു ദൈവിക ആളുകൾ; ഈ വിശ്വാസം ക്രിസ്ത്യാനികളായ നമ്മുടെ മാത്രം സവിശേഷതയുമാണ്. നിഗൂഢമായ ഈ രഹസ്യം ദൈവത്തിന്റെ നേരിട്ടുള്ള വെളിപാടുകൂടാതെ മനുഷ്യബുദ്ധിക്കു തികച്ചും അപ്രാപ്യമാണ്. പരിശുദ്ധ ത്രിത്വത്തിലൊരുവനും, പിതാവിന്റെ മാർവിടത്തിൽ സ്ഥിതി ചെയ്യുന്നവനുമായ പുത്രൻതമ്പുരാൻ തന്നെയാണ് ഈ സത്യം നമ്മെ പഠിപ്പിച്ചത്.

ത്രിത്വരഹസ്യം കാല്പനികമായ ഒരു സിദ്ധാന്തം മാത്രമല്ല, ജീവിതത്തിനാവശ്യമായ പരമപ്രധാനമായ ഒരു തത്വം തന്നെയാണ്. ദൈവാരാധനയുടെ മധ്യേ നാം ഇപ്രകാരം ഏറ്റുപറയുന്നു. ''തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏക പിതാവ് നമ്മോടുകൂടെ; തന്റെ വിലയേറിയ പീഡാനുഭവത്താൽ അതിനെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ; ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർണ്ണമാക്കുന്ന ജീവനുള്ള ഏക പരിശുദ്ധാത്മാവ് നമ്മോടു കൂടെ''.

ഒരാൾ ദൈവവുമായി സജീവബന്ധം ആരംഭിക്കുന്നതും ദൈവത്തിന്റെ ആന്തരികചൈതന്യത്തിൽ പങ്കുചേരുന്നതും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടുകൂടിയാണ്. അതോടൊപ്പം ഏക സാരാംശമായ ത്രിത്വത്തിലെ മൂന്നു ദൈവിക ആളുകളോടും, അയാൾ വ്യക്തിപരമായി പ്രത്യേകം ബന്ധപ്പെടുന്നു.

പിതാവ് സകലത്തിന്റെയും ഉറവിടവും ആധാരവുമാണ്. പുത്രൻ പിതാവിന്റെ ആത്മജ്ഞാനത്താൽ ജന്മം കൊള്ളുന്ന രണ്ടാമത്തെ ദൈവിക ആൾ ആണ്. പിതാവിന്റെയും പുത്രന്റെയും പരസ്പരസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമാണ് പരിശുദ്ധാത്മാവ്.

www.malankaralibrary.com

നമ്മുടെ വിശ്വാസത്തിൻെറയും ജീവൻെറയും ഉറവിടമായ ഈ മഹാരഹസ്യം, മനുഷ്യബുദ്ധിക്കു തികച്ചും അതീതമാണെങ്കിലും എളിയവരായ നമുക്കു ദൈവം കരുണാപൂർവം വെളിപ്പെടുത്തിത്തന്നു. ഈ മഹാദാക്ഷിണ്യത്തിന് അങ്ങയെ നാം പുകഴ്ത്തുന്നതോടൊപ്പം, ദൈവസഹായത്തിൽ ആശ്രയിച്ച് ഈ രഹസ്യത്തിൻെറ ഉയരവും ആഴവും ഗ്രഹിക്കുവാൻ, പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കണം. നമ്മുടെ ആരാധനക്രമം ഈ സത്യം ഉടനീളം പ്രഘോഷിക്കുന്നു.

വിശ്വാസത്തിൻെറ മങ്ങിയ പ്രകാശത്തിൽകൂടിയുള്ള ഈ ലോകത്തിലെ നമ്മുടെ പരദേശ യാത്ര അവസാനിക്കുമ്പോഴാം നമ്മുടെ ആത്മാവിൻെറ കണ്ണുകളിൽ നിന്ന് മൂടുപടം നീക്കപ്പെടുകയും, ത്രിയേകദൈവത്തെ മുഖാമുഖം കണ്ട് നാം നിത്യസൗഭാഗ്യത്തിൽ വിലയം പ്രാപിക്കുകയും ചെയ്യും. "കർത്താവിൻെറ മഹത്വം, കണ്ണാടിയിൽ എന്നപോലെ, മൂടുപടം അണിഞ്ഞമുഖത്ത് പ്രതിഫലിപ്പിക്കുന്ന നാമെല്ലാവരും അവിടുത്തെ സാദൃശ്യത്തിലേക്ക്, മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്കു രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്"

(2 കൊറി. 3:18)

ഏററം പ്രാഥമികവും, അതേസമയം ഏററം അത്യന്തികവുമായ ഈ സത്യത്തിലേക്ക്, ഈ ചെറുഗ്രന്ഥം നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ദൈവജനത്തിന് വിലയേറിയ ഈ സംഭാവന നൽകിയ ഫാദർ ഗീവർഗീസ് ചേടിയത്തിന് എൻെറ ഹൃദയപൂർവകവും പ്രാർത്ഥനാനിർഭരവുമായ ആശംസകൾ.

ത്രീയേകദൈവത്തിൻെറ തിരുനാമം എന്നും മഹത്വപ്പെടട്ടെ!

†ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്
തിരുവനന്തപുരം മെത്രാപ്പോലീത്താ

ഡിസംബർ 2, 1992

www.malankaralibrary.com

# ഉള്ളടക്കം

അവതാരിക: അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

ആമുഖം 9

**അധ്യായം 1:** ത്രിത്വപ്രബോധനം ആരാധനക്രമത്തിൽ 10

1. ജനങ്ങളുടെ പ്രാർത്ഥനക്രമം 10
2. വൈദികരുടെ യാമപ്രാർത്ഥന 15
3. കർബാനക്രമം 17
4. മററു കൂദാശകൾ 22
5. തിരുനാളുകൾ 26

**അധ്യായം 2:** ത്രിത്വപ്രബോധനം പുതിയനിയമത്തിൽ 30

*1. സുവിശേഷങ്ങളിൽ* 31

1. "എൻെറ പിതാവ്" 32
2. എൻെറ പിതാവ്—നിങ്ങളുടെ പിതാവ് 34
3. യോഹന്നാൻെറ സുവിശേഷത്തിൽ 35
4. ത്രിത്വത്തിൻെറ വെളിപ്പെടുത്തൽ—ചില സാക്ഷ്യങ്ങൾ കൂടി 41
5. യേശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്നു. 44
6. യേശുവിനെപ്പററിയുള്ള ചില സാക്ഷ്യങ്ങൾ 45

*2. നടപടിപുസ്തകത്തിൽ കാണുന്ന ത്രിത്വപ്രബോധനം* 48

www.malankaralibrary.com

**5. പൗലോസിന്റെ ലേഖനങ്ങളിൽ** 54

1. യേശു ആര്? 55
2. പിതാവാര് 59
3. പരിശുദ്ധാത്മാവ് 60
4. സത്യാരാധന—ത്രിത്വാരാധന 61

**അദ്ധ്യായം 3:** ത്രിത്വവിശദീകരണം 65

1. ആരാണ് ക്രിസ്ത്യാനികൾ? 65
2. ത്രിത്വം എന്ന പദം 69
3. പഴയനിയമത്തിലെ സൂചനകൾ 70
4. ത്രിത്വവിശദീകരണം 73
5. പുരാതന പാഷണ്ഡതകൾ 79
   a. ഭാവവാദം 80
   b. ദത്തെടുക്കൽവാദം 80
   c. ആരിയനിസം 80
   d. ജ്ഞാനവാദം 82
6. സഭാപിതാക്കന്മാരുടെ പ്രതികരണം 82
7. ആധുനിക പാഷണ്ഡതകൾ 84
   a. യൂണിറേററിയൻസ് 84
   b. യഹോവാ സാക്ഷികൾ 85
   c. യേശുനാമക്കാർ 86
8. മുന്നറിയിപ്പുകൾ 88

www.malankaralibrary.com

# ത്രീയേകദൈവം

''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദി മുതൽ എന്നേക്കും ആമ്മീൻ'' എന്ന് ക്രിസ്ത്യാനികളായ നാം നിരന്തരം ഉരുവിടുന്നു. ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ. ആമ്മീൻ'' എന്നു ചൊല്ലിക്കൊണ്ട് നാം നമ്മുടെ എല്ലാ കർമ്മങ്ങളും ആരംഭിക്കുന്നു.

നാം രാവിലെ ഉണരുമ്പോാം നമ്മുടെ മേൽ കുരിശു വരച്ചുകൊണ്ട് ത്രിത്വനാമം ഉരുവിടാൻ നമ്മുടെ മാതാപിതാക്കൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നാം ഉറങ്ങാൻ കിടക്കുമ്പോഴും ഇപ്രകാരം തന്നെ ചെയ്യുന്നു. നാം യാത്ര പുറപ്പെടുന്നതിനു മുമ്പും ഇപ്രകാരം പ്രാർത്ഥിക്കുന്നു. നാം എന്തെങ്കിലും ജോലി ചെയ്യുന്നതിനു മുൻപും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അനുസ്മരിച്ചുകൊണ്ട് കുരിശു വരച്ച് അനുഗ്രഹം യാചിച്ച ശേഷമേ തുടങ്ങുകയുള്ളൂ.

നമ്മുടെ മാതാപിതാക്കളും മൂത്ത സഹോദരങ്ങളും ഇപ്രകാരം ചെയ്യുന്നതു നാം കണ്ടിട്ടുണ്ട്. അവരുടെ മാതൃകയും അവരുടെ ഉപദേശവുമാണ് ഇതിലേക്കു നമ്മെ പ്രേരിപ്പിച്ചത്. നാം പള്ളിയിൽ മതപഠനത്തിനു പോകുമ്പോാം അവിടെയുള്ള ഗുരുക്കന്മാരിൽ നിന്ന് ഇതേപ്പററി കൂടുതലായി നാം ഗ്രഹിക്കുന്നു. ഇതുതന്നെ നാം നമ്മുടെ യാമപ്രാർത്ഥനകളിലും പള്ളിയിലെ ആരാധനകളിലും കാണുന്നു. നാം ശിശുക്കളും കുട്ടികളുമായിരുന്നപ്പോഴേ നാം ദൈവത്തെ ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്ന് പറഞ്ഞ് വാഴ്ത്തുവാൻ പഠിച്ചിട്ടുള്ളതാണ്.

www.malankaralibrary.com

അധ്യായം 1

# ത്രിത്വപ്രബോധനം ആരാധനക്രമത്തിൽ

നമ്മുടെ ആരാധന ത്രിത്വാരാധനയാണ്. യാമപ്രാർത്ഥനകളിലും വിശുദ്ധ കുർബാനയിലും മററു കൂദാശകളിലും നാം ത്രീയേകദൈവത്തെയാണ് ആരാധിക്കുന്നത്. എല്ലാ പുരാതന ആരാധനക്രമങ്ങളിലും ഇപ്രകാരം തന്നെ കാണാവുന്നതാണ്. നമ്മുടെ പ്രാർത്ഥനകളിലും ശുശ്രൂഷക്രമങ്ങളിലും നാം ദർശിച്ചവ നാം നമ്മുടെ സ്വന്തമാക്കി. നമ്മുടെ ആരാധനക്രമത്തിൻെറ സാക്ഷ്യം നമുക്ക് പരിശോധിച്ചുനോക്കാം.

## 1 ജനങ്ങളുടെ പ്രാർത്ഥനക്രമം

നമ്മുടെ വിവിധ യാമങ്ങളിലെ പ്രാർത്ഥനകളിൽ ഉടനീളം നാം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നിരന്തരമായി സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു.

*സന്ധ്യാപ്രാർത്ഥന:* ''വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളെ അനുഗ്രഹിക്കണമെ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളെ അനുഗ്രഹിക്കണമെ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, കൃപയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കണമെ.''

നാം ചൊല്ലുന്ന വിശ്വാസപ്രമാണത്തിൽ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഉള്ള വിശ്വാസം നാം ഏററുപറയുന്നു.

സന്ധ്യയ്ക്കു നാം ചൊല്ലുന്ന സമർപ്പണപ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ടല്ലോ:

www.malankaralibrary.com



"പിതാവായ ദൈവമേ, നീ ഞങ്ങളുടെ സ്രഷ്ടാവും സംരക്ഷകനുമാകയാൽ നിനക്കു സ്തോത്രം. പുത്രനായ ദൈവമേ, നീ ഞങ്ങളുടെ രക്ഷകനും പരിത്രാതാവും ആകയാൽ നിനക്കു സ്തോത്രം. പരിശുദ്ധാത്മാവായ ദൈവമേ, നീ ഞങ്ങളെ ശുദ്ധീകരിക്കുന്നവനും നടത്തുന്നവനുമാകയാൽ നിനക്കു സ്തോത്രം. വിശുദ്ധ ത്രിത്വമേ, വിശുദ്ധ കത്തോലിക്കാസഭയ്ക്ക് നീ സ്വയം വെളിപ്പെടുത്തിയിരിക്കുന്നതിനാലും അതിന്റെ മക്കളായി ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നതിനാലും സ്തോത്രം." അതോടുകൂടി ഇതും കൂട്ടിച്ചേർത്തു ചൊല്ലുന്നു: "പിതാവായ ദൈവമേ, നിന്റെ സ്നേഹവും പുത്രനായ ദൈവമേ, നിന്റെ കൃപയും പരിശുദ്ധാത്മാവായ ദൈവമേ, നിന്റെ സംസർഗവും ആവാസവും ഇന്നുമെന്നും ഞങ്ങൾക്കുണ്ടാകണമെ."

*സുത്താറാ പ്രാർത്ഥന:*

"ത്രിത്വൈകത്വവുമേകത്വ
ത്രിത്വവുമായി സ്ഥിതി ചെയ്യും
പിതൃസുതശുദ്ധാത്മാത്മകനാം
സത്യൈകപരന്നായ് സ്തോത്രം

"പിതൃസുതപരിശുദ്ധാത്മകനാം
സത്യൈകപരന്നായ് സ്തോത്രം
ചെയ്തീടേണം നാം സത്യ
ജ്ഞാനവിവേകത്തോടുകൂടി."

അതിന്റെ സമാപനത്തിൽ നാം ഇങ്ങനെ ചൊല്ലുന്നു: "പരിശുദ്ധനായ ബാവാതമ്പുരാനേ, നിന്റെ പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ കാത്തുകൊള്ളണമെ. രക്ഷിതാവായ പുത്രൻതമ്പുരാനേ, നിന്റെ ജയമുള്ള സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളണമെ. പരിശുദ്ധനായ റൂഹാതമ്പുരാനേ, ഞങ്ങളെ നിന്റെ അധിവാസത്തിനു ഭവനങ്ങളാക്കിത്തീർക്കണമെ. ഞങ്ങളുടെ ദൈവമായ കർത്താവേ, എല്ലാ സമയത്തും നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചുകൊള്ളണമെ."

www.malankaralibrary.com



*പാതിരാത്രി പ്രാർത്ഥന:* അവസാനഭാഗത്ത് നാം ഇപ്രകാരം ചൊല്ലുന്നു: ''നല്ലവനും അനുഗ്രഹിക്കുന്നവനും സകലവും പൂർണ്ണമാക്കുന്നവനും വിശുദ്ധീകരിക്കുന്നവനുമായ പിതാവായ ദൈവമേ, നിനക്കും നിന്റെ ഏകപുത്രനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇടവിടാതെ സ്തുതി കരേററുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.''

*പ്രഭാതപ്രാർത്ഥന:* ''പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, സ്വർഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീയാകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടുകൂടെ ഇപ്പോഴും എല്ലാസമയത്തും എന്നേക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

''ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദ്യന്തമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ, എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.''

''സർവശക്തിയുള്ള പിതാവായ ദൈവവും സ്വർഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ, നിന്നെയും, യേശുമിശിഹാ ആയ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ, നിന്നെയും, പരിശുദ്ധറൂഹായോടുകൂടെ നിന്റെ മഹത്വത്തിന്റെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു........''. തുടർന്നുള്ള ഭാഗം മുഴുവൻ ത്രിത്വസ്തുതിയാണ്. അതിന്റെ അവസാനം: ''എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. പിതാവായ ദൈവത്തിനു മഹത്വം. ആമ്മീൻ.''........''സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായയവനേ, നിനക്കും ഏകപുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ആമ്മീൻ.''

www.malankaralibrary.com



പ്രഭാതപ്രാർത്ഥനയുടെ അവസാനം: ''വിശുദ്ധ ത്രിത്വമേ, ആദ്യന്തമില്ലാത്ത നിൻെറ കൃപയും ശക്തിയും ഞങ്ങളുടെ സഹായത്തിനായി അയച്ചു തരണമെ. കർത്താവേ, നിൻെറ രക്ഷ എപ്പോഴും ഞങ്ങൾക്കുണ്ടായിരിക്കണമെ.''

*ഏഴരയുടെ പ്രാർത്ഥന:* രണ്ടാം നമസ്കാരത്തിൽ പരിശുദ്ധാത്മാവിനെ അയച്ചു തരുവാൻ പിതാവിനോടപേക്ഷിക്കുന്നു: ''യേശുമിശിഹാ ആയ തൻെറ പുത്രനാൽ പാപത്തിൽ നിന്നു രക്ഷയുണ്ടാക്കിയവനും....പരിശുദ്ധറൂഹാ മുഖാന്തരം ഞങ്ങളെ ശ്രേഷ്ഠതപ്പെടുത്തിയവനുമായ ദൈവമായ കർത്താവേ, നിൻെറ പരിശുദ്ധറൂഹായെ എല്ലായ്പ്പോഴും ഞങ്ങൾക്കു തന്ന് ഞങ്ങളെ ഐശ്വര്യപ്പെടുത്തണമെ.'' അതേ പരിശുദ്ധാത്മാവിനെ അയച്ചു തരുവാൻ അടുത്ത പ്രാർത്ഥനയിൽ പുത്രനോടും അപേക്ഷിക്കുന്നു. ''ഞങ്ങളുടെ കർത്താവായ യേശുമിശിഹാ,.... പുത്രസ്വീകാര്യത്തിൻെറയും അറിവിൻെറയും ശക്തിയുടെയും റൂഹായെ ഞങ്ങൾക്കു തരണമെ.''

*ഉച്ചപ്രാർത്ഥന:* കർത്താവ് കുരിശിൽ കിടന്നുകൊണ്ട് തൻെറ പിതാവിനോട് പ്രാർത്ഥിച്ച വേദപുസ്തകഭാഗം ഉദ്ധരിച്ചുകൊണ്ട് ഒരു ഭാഗത്ത് പ്രാർത്ഥിക്കുന്നുണ്ടല്ലോ: ''പിതാവേ, തങ്ങൾ ചെയ്യുന്നത് ഇന്നതെന്ന് ഇവരറിയുന്നില്ല, അവരോട് ക്ഷമിക്കണമെ'' എന്ന് തന്നെ കുരിശിൽ തൂക്കിയവർക്കു വേണ്ടി പിതാവിനോടപേക്ഷിച്ച കർത്താവേ,.... ഞങ്ങൾ ചെയ്ത പാപങ്ങളൊക്കെയും ഞങ്ങളോട് ക്ഷമിക്കണമെ.'' അതിൻെറ അവസാനം, ''കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകകൊണ്ട് നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.''

അടുത്ത അപേക്ഷ പിതാവിനോടാണ്: ''സകലത്തിൻെറയും ഉടയവനേ, ....നീ നിൻെറ ഏകപുത്രൻെറ കഷ്ടാനുഭവങ്ങളുടെ നേരങ്ങളെ പ്രാർത്ഥനയുടെയും ആശ്വാസത്തിൻെറയും നേരങ്ങളാക്കിത്തീർത്തു....ആദിയും

www.malankaralibrary.com



അന്തവുമില്ലാത്ത പിതാവേ, നിന്നേയും നിൻെറ ഏകപുത്ര നേയും നിൻെറ പരിശുദ്ധ റൂഹായേയും സ്തുതിച്ചുകൊണ്ട് നിൻെറ ഏകപുത്രൻെറ ഭയങ്കര സിംഹാസനത്തിൻ മുൻ പാകെ കുററം കൂടാതെ നില്ക്കുന്നതിനു ഞങ്ങളെ യോഗ്യരാക്കണമെ.''

*ഇരുപത്തിരണ്ടരയുടെ പ്രാർത്ഥന :* ''പിതാവിൻെറ ഏകപുത്രനും വചനവുമായ കർത്താവേ,...... നിൻെറ പരിശുദ്ധ റൂഹായുടെ കൃപ ഞങ്ങൾക്കു ദാനം ചെയ്യണമെ....നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സ്തുതി യോഗ്യമാകുന്നു.''

നമുക്ക് കാര്യമായി ഒന്നും മനസ്സിലാക്കാൻ കഴിവില്ലാതിരുന്നപ്പോഴും നാം ഈ പ്രാർത്ഥനകളിൽ പങ്കെടുത്തിരുന്നു. ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്നു പറഞ്ഞുകൊണ്ട് നമ്മുടെ മേൽ കുരിശടയാളം വരച്ച് ത്രിത്വത്തെ കൈകൂപ്പി സ്തുതിച്ചിരുന്നു. നമ്മെപ്പോലെ ലോകം മുഴുവനുമുള്ള ക്രൈസ്തവ ജനത പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും വിളിച്ചപേക്ഷിച്ച് സ്തുതിക്കുന്നു.

ലോകജനസംഖ്യയിൽ തന്നെ നല്ലൊരു ഭാഗം ഇപ്പോൾ ഇപ്രകാരം ചെയ്യുന്നവരാണ്. നമുക്ക് മുൻപ് ജീവിച്ച കോടാനുകോടി ക്രിസ്ത്യാനികൾ ഇപ്രകാരം ദൈവത്തെ ആരാധിച്ചവരാണ്. സത്യ പ്രബോധനത്തിലേക്കും ദിവ്യ പ്രകാശത്തിലേക്കും ആനീതരായവരൊക്കെ ഈ രീതിയിൽ ആരാധന നടത്തുന്നു. നമുക്കു മുൻപ് ജീവിക്കയും സത്യാരാധന നടത്തുകയും ചെയ്ത പിതാക്കന്മാരുടെ തലമുറയാണ് നമ്മുടെ ഈ തലമുറയിലേക്ക് ഇത് കൈമാറിത്തന്നത്.

ഇനിയും നമുക്ക് വൈദികരുടെ യാമപ്രാർത്ഥനകളും കുർബാനക്രമവും മററ് കൂദാശക്രമങ്ങളും കൂടി പരിശോധിക്കാം.

www.malankaralibrary.com



## 2. വൈദികരുടെ യാമപ്രാർത്ഥന

വൈദികർ ചൊല്ലുന്ന സാധാരണ നമസ്ക്കാരത്തിലും (ശ്ഹീമോ) ത്രിത്വത്തെ സ്പഷ്ടമായി എടുത്തു പറഞ്ഞു സ്തുതിക്കുന്ന ഗീതങ്ങളുണ്ട്. ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്ന് പ്രാർത്ഥനകരം ക്കിടയ്ക്ക് കൂടെക്കൂടെ ചൊല്ലുന്നുമുണ്ട്:

''ന്യായസ്ഥലമതിൽ നിന്നീടും
ത്രിത്വത്തിന്നായ് സ്തുതി നിത്യം
ഋണമോചനമേകും ത്രിത്വം
ദേവാ, തേ സ്തോത്രം''
(തിങ്കരം പ്രഭാതം, പേ. 87)

''ഏകമതാം ത്രിത്വം
ആരാധ്യൻ നിൻമുൻ
ആഗതനെൻ മേൽ
കൃപ ചെയ്യേണം''
(ചൊവ്വാ പ്രഭാതം, പേ. 127; മെനഓലം പേ. 78)

''ത്രിത്വത്തിന്നായി
സ്തുതിയും സ്തോത്രവുമേററീടാം''
(ബുധൻ രാത്രി, പേ. 160, മെനഓലം, പേ. 110)

''ഏകത്വം ത്രിത്വവുമാകും
പിതൃ സുത പരിശുദ്ധാത്മാവാം
ത്രിത്വൈകൻ സത്യമതായൊരു
ദൈവത്തിന്നായ് സ്തുതി നിത്യം
സ്തുതിയങ്ങേക്കെന്നെന്നേക്കും
ഞങ്ങരംമേൽ കൃപതോന്നേണം''
(വ്യാഴം രാത്രി, പേ. 208; മെനഓലം, പേ. 158)

''പിതൃസുത പരിശുദ്ധാത്മാവേ നീ
അഭയമിവർക്കുന്നത ദുർഗമത്തും
ശിഷ്ടരെ ദുഷ്ടരിൽ നിന്നും

www.malankaralibrary.com



നീ വേറാക്കുമ്പോൾ
സാത്താൻ സൈന്യമതീന്നിവരെ
കൃപയിൻ ചിറകാൽ സംരക്ഷിക്കണമെ.''
(വ്യാഴം, പ്രഭാതം, പേ. 224)

''സ്തുത്യം ത്രിത്വം താതനു സ്തുതിയും വന്ദന സുതനും
സ്തോത്രമതാത്മനുമുണ്ടാക
ആളുകൾ മൂവർ പേരുകൾ മൂന്നായ് ഏകൻ സത്യ
ദൈവത്തിനു സ്തുതിയാകട്ടെ''
(വെള്ളി, സന്ധ്യ, പേ. 238)

''നാഥാ, സ്തുതി തേ,
ബഹുമാനം നിൻ താതന്നും
ആരാധനനതികൾ
പരിശുദ്ധാത്മാവിനുമാക''
(വെള്ളി, രാത്രി പേ. 251. മെനഓലം പേ. 203)

''ത്രിത്വത്തിൽ ഏററു പറഞ്ഞ
മൃതരെ രണ്ടാം വരവിങ്കൽ നാഥാ,
വലഭാഗം നിർത്തീടണമെ.''
(മെനഓലം ചൊവ്വാ, സന്ധ്യ, പേ. 50)

''വാനവഗണവും ഭൂവാസികളും ആരാധിക്കുന്നു
താതസുതാത്മാക്കളെയവർ നിത്യം സ്തോത്രം ചെയ്യുന്നു
ഉന്നത രഹസ്യം വാഴ്ത്തപ്പെട്ടിടും നിത്യം
തലമുറകൾ തലമുറകൾ തോറും''
(മെനഓലം ചൊവ്വാ, സന്ധ്യ പേ. 51)

''താതാത്മജ റൂഹാ
ആകും ത്രിത്വമതായവനേ
സ്തുതിയങ്ങേയ്ക്കായ് സ്തോത്രമതും
വാനവർ മാനവരും നിന്നെ
സ്തുതി ചെയ്താരാധിക്കുന്നു''
(വ്യാഴം, പ്രഭാതം, മെനഓലം, പേ. 170)

www.malankaralibrary.com



വൈദികർ ചൊല്ലുന്ന പ്രാർത്ഥനകളും പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമാണ്. അവയിൽ നിന്ന് ത്രിത്വത്തെപ്പററി വളരെ സ്പഷ്ടമായി പ്രതിപാദിക്കുന്ന ചില ഗീതങ്ങൾ ഉദ്ധരിച്ചെന്നു മാത്രം. ജനങ്ങളുടെ യാമപ്രാർത്ഥനകൾ പോലെ തന്നെ വൈദികരുടെ യാമപ്രാർത്ഥനകളും ത്രിത്വാരാധനയും ത്രിത്വസ്തുതിയുമാണ്. കാരണം, ക്രൈസ്തവാരാധന ആരംഭം മുതൽ ത്രിത്വാരാധനയാണ്. പരമ്പരാഗതമായി ശ്ലീഹന്മാരിൽ നിന്ന് ആരാധനക്രമത്തിലൂടെ സഭയ്ക്കു ലഭിച്ചിരിക്കുന്നതാണ് ഈ അമൂല്യനിക്ഷേപം.

## 3. കുർബാനക്രമം

നമ്മുടെ കുർബാനയിലെ മിക്കവാറും എല്ലാ പ്രാർത്ഥനകളും പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്. അവിടെയെല്ലാം പിതാവിനോടൊപ്പം പുത്രനെയും പരിശുദ്ധാത്മാവിനെയും നാം അനുസ്മരിക്കുന്നു. പുത്രനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രാർത്ഥനകളിൽ പുത്രനോടൊപ്പം പിതാവിനെയും പരിശുദ്ധാത്മാവിനെയും നാം അനുസ്മരിക്കുകയും പ്രകീർത്തിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. പിതാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥനകളുടെയെല്ലാം അവസാനം ഇപ്രകാരമാണ്: ''ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.''

കുർബാനയിലെ ഒന്നാമത്തെയും മൂന്നാമത്തെയും ആശീർവാദങ്ങൾ ത്രിത്വനാമത്തിലാണ്:

''പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗവും ആവാസവും എന്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.''

''വിശുദ്ധിയും മഹത്വവുമുള്ളതും സൃഷ്ടിയല്ലാത്തതും ഉണ്മയായതും ആദ്യന്തമില്ലാത്തതും വന്ദിക്കത്തക്കതും

www.malankaralibrary.com



സാരാംശത്തിൽ സമമായിരിക്കുന്നതുമായ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയും അനുഗ്രഹങ്ങളും എന്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.''

*അപ്പം മുറിക്കുന്ന ശുശ്രൂഷയും* ത്രിത്വനാമത്തിലാണ്; ''നിത്യജീവനുവേണ്ടി പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും ജീവനുള്ള പരിശുദ്ധാത്മാവിന്റെ നാമത്തിലും സ്വർഗീയ അപ്പം ഞങ്ങൾ മുറിക്കുന്നു.'' തുടർന്ന് ഇപ്രകാരം ചൊല്ലുന്നു: ''ഞങ്ങളുടെ രക്ഷയ്ക്കായി സ്വപുത്രനെ ഏല്പിച്ചുതന്ന പിതാവിനു സ്തുതി. കുരിശിൽ മരിച്ച് ഞങ്ങളെയെല്ലാം ജീവിപ്പിച്ച പുത്രനു വന്ദനം. ഞങ്ങളുടെ രക്ഷയുടെ രഹസ്യം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്ത പരിശുദ്ധാത്മാവിനു സ്തോത്രം. പരമോന്നത ത്രിത്വമേ, ഞങ്ങളിൽ എല്ലാവരിലും കരുണ ചെയ്യണമെ.''

*ധൂപക്കുററി വാഴ്ത്തുമ്പോൾ* നാം ത്രിത്വത്തെ അനുസ്മരിക്കുന്നു. അവിടുത്തെ പരിശുദ്ധി ഏററു പറയുന്നു:

പരിശുദ്ധനായ പിതാവ് പരിശുദ്ധൻ.
പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ.
ജീവപ്രദനായ പരിശുദ്ധറൂഹാ പരിശുദ്ധൻ.

*ദിവ്യരഹസ്യങ്ങൾ ഉയർത്തുമ്പോൾ* ത്രിത്വത്തിന്റെ പരിശുദ്ധി നാം ഏററുപറയുന്നു; ത്രിത്വത്തെ നാം സ്തുതിക്കുന്നു; ത്രിത്വത്തിന്റെ നമ്മോടുകൂടിയുള്ള സാന്നിധ്യം നാം അനുസ്മരിക്കുന്നു: ''വിശുദ്ധമായവ വിശുദ്ധിയും വെടിപ്പും ഉള്ളവർക്ക നൽകപ്പെടുന്നു.'' പ്രത്യുത്തരം: ''പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല.''

തുടർന്ന്, ''ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധാത്മാവിനും സ്തുതി.''

www.malankaralibrary.com



''തൻെറ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏകപിതാവ് നമ്മോടു കൂടെ.'' ആമ്മീൻ.

''തൻെറ വിലയേറിയ പീഡാനുഭവത്താൽ അതിനെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ.'' ആമ്മീൻ. '' ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലവും പൂർത്തിയാക്കുന്ന ജീവനുള്ള ഏകപരിശുദ്ധാത്മാവ് നമ്മോടുകൂടെ.'' ആമ്മീൻ. ''കർത്താവിൻെറ തിരുനാമം ആദി മുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.''

കുർബാനയിലും നാം നിഖ്യാവിശ്വാസപ്രമാണം ചൊല്ലുന്നുണ്ടല്ലോ. അവിടെയും, നേരത്തെ സൂചിപ്പിച്ച തുപോലെ, ത്രീയേക ദൈവത്തിലുള്ള വിശ്വാസം നാം ഏററുപറയുകയാണ്.

വൈദികൻ മുട്ടുകുത്തി അനാഫറയ്ക്കു മുൻപു ചൊല്ലുന്ന രഹസ്യപ്രാർത്ഥനയും പരിശുദ്ധ ത്രിത്വത്തോടാണ്: ''പരിശുദ്ധ ത്രിത്വമേ, ഞങ്ങളോടു കരുണയുണ്ടാകണമെ. പരിശുദ്ധ ത്രിത്വമേ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ. പരിശുദ്ധ ത്രിത്വമേ, പാപികളായ ഞങ്ങളിൽ നിന്ന് ഈ കുർബാന സ്വീകരിക്കണമെ.''

ഒന്നാമത്തെ ആശീർവാദത്തിനുശേഷം വരുന്ന ''സൂർസ്സം ഡയലോഗ്'' (Sursum Dialogue) എന്നറിയപ്പെടുന്ന ഭാഗം പിതാവും പുത്രനും പരിശുദ്ധാത്മാവും ചെയ്തവയും ചെയ്യുന്നവയും അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകളാണ്. ''ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും....'' എന്നു തുടങ്ങുന്ന പ്രാർത്ഥനകൾക്ക് മൊത്തത്തിൽ പറയുന്ന പേരാണ് ''സൂർസ്സം ഡയലോഗ്.''

പിതാവ് സൃഷ്ടികർമ്മം നടത്തി. പുത്രൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽ നിന്നു ജനിച്ചു; ക്ഷയിച്ചുപോയിരുന്ന സാദൃശ്യത്തെ നവീകരിച്ചു. പുത്രൻ തൻെറ പീഡാനുഭവത്തിനു മുൻപ് തൻെറ അന്ത്യത്താഴ വേളയിൽ അപ്പവും വീഞ്ഞും എടുത്ത് ''ഇതെൻെറ ശരീര

www.malankaralibrary.com



മാകുന്നു,'' ''ഇതെന്റെ രക്തമാകുന്നു,'' ''വാങ്ങി ഭക്ഷിക്കുവിൻ, വാങ്ങി കുടിക്കുവിൻ'' ''എന്റെ ഓർമ്മയ്ക്കായി ഇതനുഷ്ഠിക്കുവിൻ'', എന്നു തുടങ്ങി ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ അനുസ്മരിക്കുന്നു. കർത്താവിന്റെ മരണവും ഉത്ഥാനവും സ്വർഗാരോഹണവും പിതാവിന്റെ വലത്തുഭാഗത്തുള്ള വാഴ്ചയും ഓർക്കുകയും തന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു. കന്യകയുടെ ഉദരത്തിൽ പുത്രന്റെ ശരീരം രൂപപ്പെടുത്തിയ പരിശുദ്ധറൂഹാതന്നെ ബലിപീഠത്തിൽ വയ്ക്കപ്പെട്ടിരിക്കുന്ന ''ഈ അപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരവും രക്ഷാകര ശരീരവും നമ്മുടെ ദൈവമായ മിശിഹായുടെ ശരീരവും ആക്കി പൂർത്തിയാക്കട്ടെ'' എന്നു പ്രാർത്ഥിക്കുന്നു. അതുപോലെ, ''അവൻ ഈ കാസായെ പുതിയ നിയമത്തിന്റെ രക്തവും രക്ഷാകര രക്തവും നമ്മുടെ ദൈവമായ മിശിഹായുടെ രക്തവും ആക്കി പൂർത്തിയാക്കട്ടെ'' എന്നും പ്രാർത്ഥിക്കുന്നു. ഈ ഡയലോഗ് ഭാഗത്ത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പരിശുദ്ധി പ്രകീർത്തിക്കപ്പെടുന്നു: ''ലോകങ്ങളുടെ രാജാവേ, നീ യഥാർത്ഥത്തിൽ പരിശുദ്ധനും ശുദ്ധീകരിക്കുന്നവനുമാകുന്നു. നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമിശിഹാ പരിശുദ്ധനാകുന്നു. നിന്റെ നിഗൂഢകാര്യങ്ങളെ പരിശോധിച്ചറിയുന്ന നിന്റെ ആത്മാവും പരിശുദ്ധനാകുന്നു.''

ദൈവമായ കർത്താവിനെ ഇവിടെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു: ''ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു.'' നാം തനിയെയല്ല, അദൃശ്യരും സംഖ്യാതീതരുമായ സ്വർഗീയ ഗണങ്ങളോടും നിരകളോടും ചേർന്നാണ് നാമിതു നടത്തുന്നത്: 'സ്വർഗീയ സൈന്യങ്ങൾ ആരെ മഹത്വപ്പെടുത്തുന്നുവോ, അവനെ നമുക്കും മഹത്വപ്പെടുത്താം'' എന്നു പറഞ്ഞുകൊണ്ടാണ് വൈദികൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നത്.

www.malankaralibrary.com



അവസാന ഭാഗത്ത്, ദിവ്യരഹസ്യങ്ങൾ പടിഞ്ഞാറോട്ട് എടുത്ത് ജനങ്ങളെ ആശീർവദിക്കുകയും ജനങ്ങൾക്ക് കൊടുക്കുകയും ചെയ്യുന്നതിനു മുൻപ് ഡീക്കന്റെ അറിയിപ്പും ജനങ്ങളുടെ പ്രത്യുത്തരവും ത്രിത്വസ്തുതിയാണ്:

''നാം ശബ്ദം ഉയർത്തിപ്പറയണം:''

''പിതാവും പുത്രനും പരിശുദ്ധറൂഹായുമായവൻ വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനുമാകുന്നു. ആദിമുതൽ തലമുറതലമുറകൾ വരെയും തനിക്കു സ്തുതി. ഹാലേലുയ്യാ.''

*സമാപനാശീർവാദം* ത്രിത്വനാമത്തിലാണ്: ''പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിങ്ങളെ ഭരമേല്പിക്കുന്ന ഈ സമയത്ത് സമാധാനത്താലെ പോകുവിൻ. ഈ ത്രിത്വം നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും കുററങ്ങൾ ക്ഷമിക്കുകയും നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുകയും ചെയ്യും.''

വിവിധ കുർബാനക്രമങ്ങളുടെ മൂലരൂപം കർത്താവായ യേശുക്രിസ്തുവിന്റെ ശ്ലീഹന്മാരിൽ നിന്നാണ് സഭയ്ക്കു ലഭിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ വികസിതരൂപം പ്രാപിച്ചെങ്കിലും അടിസ്ഥാനപരമായി ശ്ലൈഹിക പാരമ്പര്യങ്ങളാണ് കുർബാനക്രമങ്ങളിൽ ഉള്ളത്. കർത്തൃപ്രബോധനങ്ങളാണ് വിശുദ്ധ ശ്ലീഹന്മാർ ആരാധനക്രമങ്ങളിലൂടെ കൈമാറിയത്. അവ ദൈവികപാരമ്പര്യങ്ങളുടെ ഭാഗമായതിനാലാണ് മാററിമറിക്കൽ കൂടാതെ നാം ഇന്നും അതുപോലെ ചെയ്യുന്നതും അടിസ്ഥാനഘടനയിൽ മാററം വരുത്താതെ പിൻതലമുറയിലേയ്ക്കു പകർന്നു കൊടുക്കുന്നതും. ഇനിയും നമുക്ക് മററ് കൂദാശക്രമങ്ങൾ പരിശോധിക്കാം.

www.malankaralibrary.com



## 4. മററു കൂദാശകൾ

കുർബ്ബാനപോലെ തന്നെ മററു കൂദാശകളും ത്രിത്വനാമത്തിലാണ് നാം അനുഷ്ഠിക്കുന്നത്.

*മാമോദീസാ*യിലെ വിവിധ റൂശ്മാകളെല്ലാം വിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണ്:

തൈലം കൂടാതെയുള്ള റൂശ്മാ: പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധറൂഹായുടെയും നാമത്തിൽ (പേര്) നിത്യജീവനായി മുദ്രകുത്തപ്പെടുന്നു.''

അഭിഷേകതൈലം (സൈത്ത്) കൊണ്ടുള്ള റൂശ്മായ്ക്കും അപ്രകാരംതന്നെ: ''വീണ്ടും ജനനത്താൽ പുത്രസ്വീകാര്യത്തിനു യോഗ്യനാ (യാ)കുവാൻ പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധറൂഹായുടെയും നാമത്തിൽ ആനന്ദതൈലം കൊണ്ട് (പേര്) നിത്യജീവനിലേക്ക് മുദ്ര കുത്തപ്പെടുന്നു.''

വെള്ളത്തിൽ മൂറോൻ ഒഴിക്കുന്നതും ത്രിത്വനാമത്തിലാണ്: ''പഴയ മനുഷ്യൻ നവീകരിക്കപ്പെടുവാൻ മാമോദീസായുടെ ഈ വെള്ളത്തിൽ പിതാവിന്റെയും പുത്രന്റെയും ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും നാമത്തിൽ ഞങ്ങൾ വിശുദ്ധ മൂറോൻ ഒഴിക്കുന്നു.''

മാമോദീസായ്ക്കുള്ള ജലം ആശീർവദിക്കുന്നതും അപ്രകാരം തന്നെ: ''വീണ്ടും ജനനത്താൽ നിത്യജീവൻ പ്രാപിക്കുവാനുള്ള ദിവ്യസ്നാനജലമായിത്തീരുന്നതിനുവേണ്ടി ഈ വെള്ളം ജീവനുള്ള പിതാവിന്റെ നാമത്തിലും ജീവനുള്ള പുത്രന്റെ നാമത്തിലും ജീവനുള്ള വിശുദ്ധറൂഹായുടെ നാമത്തിലും ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.''

മാമോദീസാ മുക്കുന്നതും ത്രിത്വനാമം അർത്ഥിയുടെമേൽ ഉച്ചരിച്ചുകൊണ്ടാണ്:

''ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധറൂഹാ

www.malankaralibrary.com



യുടെയും തിരുനാമത്തിൽ (പേര്) നിത്യജീവന്നായി മാമോദീസാ മുക്കപ്പെടുന്നു.

***മൂറോനഭിഷേകം*** നൽകുന്നതും ത്രിത്വനാമത്തിൽ തന്നെ: ''സത്യവിശ്വാസത്തിന്റെ മുദ്രയും അടയാളവും പരിശുദ്ധാത്മ നൽവരങ്ങളുടെ പൂർണതയും മിശിഹായുടെ പരിമളവുമായ വിശുദ്ധ മൂറോൻ കൊണ്ട് പിതാവിന്റെയും പുത്രന്റെയും ജീവനുള്ള വിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവനിലേക്ക് (പേര്) മുദ്രകുത്തപ്പെടുന്നു.''

***കിരീടധാരണവും*** ത്രിത്വനാമത്തിലാണ്: ''ദൈവമായ കർത്താവേ, നിന്റെ ഈ ദാസനെ (ദാസിയെ) മഹത്വത്താലും പ്രഭയാലും കിരീടം ധരിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ, ഇവന്റെ (ളുടെ) ജീവിതം നിന്റെ കർത്തൃത്വത്തിനും തിരുനാമ മഹത്വത്തിനും പ്രീതികരവും അനുയോജ്യവുമായിത്തീരണമെ.''

***സമാപനാശീർവാദവും*** ത്രിത്വനാമത്തിലാണ്: 'പിതാവായ ദൈവം നിന്നോടുകൂടെ ആയിരിക്കട്ടെ. വന്ദ്യനായ പുത്രൻ നിന്നെ സംരക്ഷിക്കട്ടെ. നീ ധരിച്ചിരിക്കുന്ന പരിശുദ്ധാത്മാവ് നിന്നെ പൂർണനാ(യാ) ക്കുകയും ഉപദ്രവങ്ങളിൽ നിന്നു നിന്നെ വിടുവിക്കുകയും ചെയ്യട്ടെ.''

മാമോദീസാ വഴി വ്യക്തികരം പരിശുദ്ധ ത്രിത്വത്തിന്റെ ആലയമായിത്തീരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവത്തിന്റെ പരിശുദ്ധവും ശ്രേഷ്ഠവുമായ നാമം അവരുടെമേൽ ഉച്ചരിക്കപ്പെടുന്നു. അവർ അതിനാൽ റൂശ്മാ ചെയ്യപ്പെടുന്നു. സ്നാനപ്പെടുന്നു, ത്രിത്വം അവരിൽ വസിക്കുന്നു. അവർ ദൈവമക്കളായിത്തീരുന്നു. യേശുക്രിസ്തുവിന്റെ അവയവങ്ങളും രക്ഷിക്കപ്പെട്ടവരും സ്വർഗരാജ്യത്തിന് അവകാശികളുമാകുന്നു. അവർ വീണ്ടും ജനിക്കുന്നു. ജലത്തിലെ മാമോദീസാസമയത്ത് ത്രിത്വനാമം ഉച്ചരിക്കുന്നതുവഴി അവർ പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ച് പുതിയ മനുഷ്യനെ ധരിച്ച് നവസൃഷ്ടിയായിത്തീരുന്നു.

www.malankaralibrary.com



*വിവാഹശുശ്രൂഷ:* പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേകദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടാണ് വിവാഹ ശുശ്രൂഷയും നടത്തുന്നത്: "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗ്ഗത്തേയും ഭൂമിയേയും ഉയരത്തേയും ആഴത്തേയും രഞ്ജിപ്പിച്ച നിന്റെ സമാധാനം അന്യോന്യം സമർപ്പിതരായിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരങ്ങളെ സംയോജിപ്പിക്കണമെ."

മോതിരം ആശീർവദിക്കുന്നത് ത്രിത്വനാമത്തിലാണ്: "കാരുണ്യത്താലും ബഹുലവും സനാതനവുമായ കൃപയാലും ഈ മോതിരങ്ങൾ ആശീർവദിക്കുന്ന പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. വിശുദ്ധ സഭയുടെ സന്തോഷപൂർത്തിക്കായി പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ ഈ മോതിരങ്ങൾ ആശീർവദിക്കപ്പെടുന്നു."

മിന്നിന്റെ ആശീർവാദവും അപ്രകാരം തന്നെ: സ്ലീബായുടെ ഈ ചിഹ്നം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കപ്പെടുന്നു.

മണവാട്ടിയെ കിരീടം അണിയിച്ചുകൊണ്ടുചൊല്ലുന്നു: "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി അർപ്പിച്ചുകൊണ്ട് ആയുഷ്ക്കാലമെല്ലാം സന്തോഷിക്കുവാൻ നിനക്കു സംഗതിയാകട്ടെ." നിരന്തരസ്തുതി പരിശുദ്ധ ത്രിത്വത്തിനർപ്പിക്കാനാണ് വൈദികൻ ദമ്പതികളെ ആഹ്വാനം ചെയ്യുന്നത്.

"പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, എന്നു വിളിച്ചുകൊണ്ട് സമാപനാശീർവാദം ത്രിത്വനാമത്തിൽ അവസാനിപ്പിക്കുന്നു."

***പാപമോചനം:*** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് സഭ പാപമോചനം നൽകുന്നത്: "പിതാവിന്റെയും പുത്രന്റെയും

www.malankaralibrary.com



പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്റെ പാപങ്ങൾ മോചിക്കപ്പെടുന്നു.''

***രോഗീലേപനം***: രോഗിയുടെ തലയിൽ കൈവച്ചുകൊണ്ട് വൈദികൻ ഇപ്രകാരം ചൊല്ലുന്നു: ''പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, നിന്റെ നാമത്തിൽ ഈ ദാസന്റെ (ദാസിയുടെ) മേൽ ബലഹീനനായ ഞാൻ എന്റെ കൈവയ്ക്കുന്നു ...''. നെററിയിൽ തൈലം പൂശിക്കൊണ്ട്, ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടട്ടെ'' എന്നു പ്രാർത്ഥിക്കുന്നു.

***ശവസംസ്കാര ശുശ്രൂഷ:*** പിതൃപുത്ര പരിശുദ്ധാത്മാവായ ത്രീയേകദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുന്ന പല പ്രാർത്ഥനകളും ഈ ശുശ്രൂഷയിലുണ്ട്. അവസാനം മൃതശരീരത്തിൽ എണ്ണ ഒഴിച്ചുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥന ത്രിത്വനാമത്തിലാണ്: ''അധ്വാനങ്ങളിൽ നിന്നുള്ള വിശ്രമത്തിനും പോരാട്ടങ്ങളിൽനിന്നുള്ള വിമുക്തിക്കും വിശുദ്ധരോടുകൂടെയുള്ള സൗഭാഗ്യത്തിനുമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിത്യജീവനായി ഈ എണ്ണ ഒഴിക്കപ്പെടുന്നു.''

***ഭവനാശീർവാദം:*** വാതിലിൽ കുരിശടയാളം വരച്ചുകൊണ്ട് വൈദികൻ ഇപ്രകാരമാണ പ്രാർത്ഥിക്കുന്നത്: ''ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ളീബായുടെ അടയാളത്താൽ മുദ്രകുത്തിക്കൊണ്ട്, ഒന്നായിരിക്കുന്ന പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ ഭവനം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു.''

അതുപോലെ വൈദികസ്ഥാനികളുടെ പൂർത്തീകരണ ശുശ്രൂഷകളും പരിപാവനമായ ത്രിത്വത്തിന്റെ നാമത്തിൽ തന്നെയാണ് നടത്തപ്പെടുന്നത്: ശെമ്മാശന്മാർ, വൈദികർ, മെത്രാന്മാർ ആദിയായവരെ കൈവയ്പുവഴി വാഴിക്കുന്നതും ത്രിത്വനാമത്തിലാണ്. സന്യസ്തരുടെ വ്രതവാഗ്ദാന ശുശ്രൂഷകളും ത്രിത്വനാമത്തിലാണ്. ദേവാലയ കൂദാശാകർമ്മവും അപ്രകാരം തന്നെ.

www.malankaralibrary.com



## 5. തിരുനാളുകൾ

*ആണ്ടുവട്ടം മുഴുവനുമുള്ള തിരുനാളുകളിലെ* ആശീർവാദങ്ങളും ത്രിത്വനാമത്തിലാണ്:

*ജനനത്തിരുനാൾ* സന്ധ്യാപ്രാർത്ഥനയിലെ പ്രുമിയോൻ ഇപ്രകാരം ആരംഭിക്കുന്നു. ''സ്വകീയമായ നിത്യതയുടെ മഹാവിശുദ്ധസ്ഥാനത്ത് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ''പരിശുദ്ധൻ'' എന്നു പാടി സ്തുതിക്കപ്പെടുന്ന പരിശുദ്ധനായ കർത്താവേ, നിനക്കു സ്തുതി'' (തിരുനാളകം, 1988, പേ.7–8).

*സെദ്റായിൽ:* ''സാരാംശപ്രകാരം വേർതിരിക്കപ്പെടാൻ പാടില്ലാത്ത മൂന്നു വിശുദ്ധ ആളുകളിൽ ഒരുവനും, പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒരുമിച്ച് ഏകസത്തയായി സ്ഥിതി ചെയ്യുന്നവനുമായിരിക്കെ, നിർമ്മല കന്യകയിൽനിന്ന് ജനിച്ചവനും പിതാവിൻെറ ഏകജാതനുമായ അനാദ്യന്തശിശുവേ, നിനക്കു സ്തുതി'' (പേ. 9)

*എത്രോയിൽ:* ''പിതാവായ ദൈവത്തിൻെറ മഹനീയ മനസിലെ ഉൽകൃഷ്ടജ്ഞാനവും സുഗന്ധവാഹിയായ വിശുദ്ധ പുഷ്പവുമായ, കർത്താവേ, നിനക്കുസ്തുതി (പേ.17).

ജനനത്തിരുനാളിലെ അഗ്നിപ്രദക്ഷിണത്തിനുള്ള കുന്തിരിക്കം ആശീർവദിക്കുന്നത്: ''പരിശുദ്ധ ത്രിത്വത്തിൻെറ സ്തുതിക്കും ബഹുമാനത്തിനും രക്ഷാകരവും വിശുദ്ധവുമായ ജനനപ്പെരുനാളിൻെറ മഹത്വത്തിനും പുകഴ്ചയ്ക്കും ഈ തിരുനാളിൽ സംബന്ധിക്കുന്നവരുടെ സന്തോഷത്തിനുംവേണ്ടി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ കുന്തിരിക്കം ആശീർവദിക്കപ്പെടുന്നു'' (പേ.55).

*ദനഹാത്തിരുനാളിൽ* യോർദ്ദാനിൽ വച്ച് നടന്ന സംഭവം ഈ ശുശ്രൂഷയിൽ അനുസ്മരിക്കുന്നു: ''എനിക്കു

www.malankaralibrary.com


പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയപുത്രൻ ഇവനാകുന്നു'' എന്ന് പിതാവ് സ്വർഗ്ഗത്തിൽ നിന്ന് ഉദ്ഘോഷിച്ചു (പേ. 103).

*പരിശുദ്ധാത്മാവ്* പ്രാവുപോലെ അവന്റെമേൽ ഇറങ്ങി ആവസിച്ചു. ''സർവവും പാവനമാക്കുന്ന പിതൃപുത്ര പരിശുദ്ധാത്മാവായ മൂന്നാളുകൾ'' യോർദ്ദാനിൽ വച്ച് അറിയിക്കപ്പെട്ടു. അതായത് പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലാണ് അവിടെ നടന്നതെന്നാണ് പ്രാർത്ഥനകൾ നമ്മെ അനുസ്മരിപ്പിക്കുക. ''സ്വയംഭൂവും നിത്യനുമായ പിതൃപുത്ര പരിശുദ്ധാത്മാവായ ത്രിത്വത്തിന് സ്തുതി ഉണ്ടായിരിക്കട്ടെ'' എന്നു നാം പാടുന്നു (അതേകൃതി, 104). ''ഇവൻ എന്റെ പ്രിയപുത്രൻ'' എന്നതിന് വ്യാഖ്യാനവും ഒരിടത്തുകൊടുക്കുന്നു. ''ഇവൻ സാരാംശത്തിൽ എനിക്കു സമനും ദൈവത്വത്തിൽ എന്നോടുകൂടി ഇരിക്കുന്നവനും ആകുന്നു'' (പേ. 105).

വചനമായ ദൈവം നമുക്ക് ദൈവത്തെപ്പററി ശരിയായ അറിവു പകർന്നുതന്നു എന്ന് പ്രസ്തുത ശുശ്രൂഷയിൽ നാം കാണുന്നു; ''ദൈവത്തെക്കുറിച്ച് ദാഹിച്ചിരുന്നവർക്ക് ഉത്തമപാനീയം നൽകി. ലോകത്തെ ബാധിച്ചിരുന്ന രോഗങ്ങളിൽ നിന്ന് അവൻ അതിനെ സൗഖ്യമാക്കി'' (അതേകൃതി, 106). അതായത് ദൈവത്തെപ്പററി വികലമായ ധാരണകൾ പുലർത്തുകയും, തെററായി ധരിച്ചിരിക്കുകയും ചെയ്തവർ എന്നർത്ഥം.

*പ്രുമിയോനിൽ* ''ഏകസാരാംശത്തിലും മഹത്വത്തിലും മൂന്നു വിശുദ്ധ ആളുകളായി ഭൗമികരാലും സ്വർഗീയഗണങ്ങളാലും'' നീ സ്തുതിക്കപ്പെടുന്നു. (അതേകൃതി, പേ. 107). കർത്താവ് വന്ന് അജ്ഞാനാന്ധകാരത്തെ ദൂരീകരിച്ചു എന്ന് സെദ്റാപ്രാർത്ഥനയിൽ കാണുന്നു: ''അപ്രമേയമായ ത്രിത്വത്തിന്റെ സമ്പൂർണവും ത്രിവിധവുമായ പ്രകാശത്തിലേക്ക് തെററുകൂടാത്തവരായി ഞങ്ങളെ നയി

www.malankaralibrary.com


ക്കണമെ. ലോകാതീതമായ ആ പ്രകാശത്താൽ ഞങ്ങളെ നിറയ്ക്കണമെ'' (അതേകൃതി, 109). ദൈവത്തെപ്പററി ശരിയായ ജ്ഞാനമില്ലാതിരുന്നതാണ് അജ്ഞാനം. 'കർത്താവ് ജനതകളെ പ്രകാശിപ്പിച്ചു' എന്നു പറഞ്ഞാൽ ''വിശുദ്ധ ത്രിത്വത്തിൻെറ ശോഭയാൽ ദൈവാരാധനയിലേക്ക് പുനരാനയിച്ചു'' എന്നാണർത്ഥം എന്ന് മറെറാരു പ്രാർത്ഥനയിൽ നാം കാണുന്നു (അതേകൃതി, പേ. 118_119).

മിശിഹാതമ്പുരാൻ, ''വിശുദ്ധ ത്രിത്വത്തിൽ ഒരുവനും സത്യദൈവവുമാണ്'' എന്ന് സ്പഷ്ടമായി ശുശ്രൂഷകൻ ഒരിടത്തുൽഘോഷിക്കുന്നു (പേ. 118). ''ലോകാതീതമായ മൂന്നു ജ്യോതിസ്സുകളുടെ ത്രിത്വാഹ്വാനം മൂലം സകല സന്തോഷങ്ങളും വർദ്ധിപ്പിക്കണമെ'' എന്ന് വൈദികൻ പ്രാർത്ഥിക്കുന്നു (പേ. 120).

ശുശ്രൂഷയ്ക്കിടയിൽ, കുർബാനയിലെ ആദ്യത്തെ ആശീർവാദം പോലെ ജനത്തെ ത്രിത്വനാമത്തിൽ വൈദികൻ ആശീർവദിക്കുന്നു (പേ. 124). അവസാനമായി, പാത്രത്തിൽ വച്ചിരിക്കുന്ന വെള്ളത്തെ ത്രിത്വനാമത്തിൽ ആശീർവദിക്കുന്നു: ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഈ വെള്ളം ആശീർവദിക്കപ്പെടുന്നു'' (പേ. 126).

***പെന്തിക്കോസ്തിശുശ്രൂഷ:*** പെന്തിക്കോസ്തിപ്പെരുന്നാൾ ശുശ്രൂഷ മുഴുവനായി ത്രിത്വസംബന്ധമായ ഒരു പ്രബോധനമാണ്. ഒന്നാം ശുശ്രൂഷ പിതാവിനെപ്പററിയും രണ്ടാം ശുശ്രൂഷ പുത്രനെപ്പററിയും മൂന്നാം ശുശ്രൂഷ പരിശുദ്ധാത്മാവിനെപ്പററിയും കൂടുതലായി ചർച്ച ചെയ്യുന്നു. ത്രിത്വത്തിൻെറ നിഗൂഢരഹസ്യങ്ങൾ അപഗ്രഥിക്കാനുള്ള ശ്രമം പ്രസ്തുത ശുശ്രൂഷയിലെ പ്രാർത്ഥനകളിൽ ഉടനീളം കാണാം. ''അപ്രമേയനും സകല മാനുഷിക ചിന്തകൾക്കും ബോധങ്ങൾക്കും അതീതനുമായ കർത്താവേ, നിനക്കു സ്തുതി. നീ സ്വയംഭൂവും സ്വയം അറിയുന്നവനും സ്വയം പര്യാപ്തനുമാകുന്നു.... പിതാവിൻെറയും പുത്ര

www.malankaralibrary.com



ൻെറയും പരിശുദ്ധാത്മാവിൻെറയും സ്വഭാവം ഏകമാകുന്നു; ആധിപത്യം ഏകമാകുന്നു; ഇഷ്ടവും ഏകമാകുന്നു. ആളത്വം അല്ലാതെ അവനിൽ നാമമില്ല'' എന്നു തുടങ്ങിയുള്ള വിവരണങ്ങൾ ഒന്നാം ശുശ്രൂഷയുടെ പ്രുമിയോനിൽ നാം വായിച്ചു ധ്യാനിക്കുന്നു (പേ. 262–2).

ക്രൈസ്തവാരാധനക്രമം ശ്ലൈഹിക സഭകളിൽ ശ്ലീഹന്മാരിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിൽ നിലനില്ക്കുന്ന ശ്ലൈഹിക പാരമ്പര്യത്തിൻെറ ഭാഗമാണ് ഈ ആരാധനക്രമങ്ങൾ. മാററിമറിക്കൽ കൂടാതെയാണ് ശ്ലൈഹിക സഭകൾ അതു നിലനിർത്തുന്നത്. കർത്താവു പഠിപ്പിച്ചവ അവർ മനസ്സിലാക്കി. കർത്താവിൻെറ ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിൻെറ ആവാസം ലഭിച്ച ശ്ലീഹന്മാർ ചില സംഗതികൾ എഴുതിവച്ചു. അവയാണ് പുതിയ നിയമ ഗ്രന്ഥങ്ങൾ. ചില സംഗതികൾ സഭാജീവിതത്തിൽ അവർ നടപ്പാക്കി. അപ്രകാരം നടപ്പാക്കിയവ സഭയിലെ പുരാതനമായ ആരാധന ക്രമങ്ങളിൽ നാം കാണുന്നു. ''ദൈവിക പാരമ്പര്യങ്ങൾ എന്ന് അവ അറിയപ്പെടുന്നു. അവ തിരുലിഖിതത്തിന് അന്യമോ, വിരുദ്ധമോ, അപരിചിതമോ, അല്ല; പ്രത്യുത, തിരുവചനത്തിൻെറ പ്രകാശനവും വിശദീകരണവുമാണ്. അത്തരത്തിൽപ്പെട്ട ഒന്നാണ് ക്രൈസ്തവ ജീവിതത്തിൻെറ അടിസ്ഥാന തത്ത്വമായ ത്രിത്വവിശ്വാസം. അതു തിരുലിഖിതത്തിലധിഷ്ഠിതമാണ്; സഭയിലെ പുരാതനമായ ആരാധനക്രമങ്ങളിൽ ഉടനീളം കാണുന്ന സജീവ സത്യവുമാണത്.

---

1 ശ്ഹീമ്മോ അഥവാ പ്രതിദിന നമസ്ക്കാരം, തിരുവല്ല, 1975.
2 മലങ്കരകത്തോലിക്കാസഭയുടെ ആരാധനക്രമം –തിരുനാളുകൾ, തിരുവല്ല, 1988.

www.malankaralibrary.com

## അധ്യായം 2

# ത്രിത്വ പ്രബോധനം പുതിയനിയമത്തിൽ

മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ് കർത്താവായ യേശുക്രിസ്തു. ശ്ലീഹന്മാർ യേശുവിന്റെ കൂടെ മൂന്നുവർഷം ജീവിച്ചു. യേശു ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും കണ്ടറിഞ്ഞു. യേശുവിന്റെ പീഡാനുഭവത്തിനും ഉത്ഥാനത്തിനും അവർ ദൃക്സാക്ഷികളായി. തങ്ങളോടുകൂടി മനുഷ്യനായി ജീവിച്ച യേശു സത്യമായും ദൈവപുത്രനും കർത്താവും നാഥനും ആണെന്ന ആഴമായ അവബോധം അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു. പരിശുദ്ധാത്മാവിന്റെ ആവാസത്തിനുശേഷം യേശു പഠിപ്പിച്ചവ അവർ ഉറപ്പായി വിശ്വസിക്കുകയും അതിന് സാക്ഷികളായി തീരുകയും ചെയ്തു.

നമ്മുടെ കർത്താവ് പഠിപ്പിച്ചവ ഗ്രഹിച്ച ശ്ലീഹന്മാർ കർത്താവിന്റെ പ്രബോധനങ്ങൾ പ്രസംഗിച്ചുകൊണ്ട് ചുററിനടന്നു. കാലക്രമത്തിൽ അവ ലിഖിതരൂപത്തിലായി. അവ സുവിശേഷങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. തങ്ങൾ സ്ഥാപിച്ച സഭകൾക്കുവേണ്ടി ശ്ലീഹന്മാർ ലേഖനങ്ങൾ എഴുതി. കർതൃപ്രബോധനം ഈ ലേഖനങ്ങളിലും കാണാം.

കർത്താവ് തന്റെ പരസ്യജീവിതകാലത്ത് തന്നെപ്പററിയും തന്റെ പിതാവിനെപ്പററിയും തന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന പരിശുദ്ധാത്മാവിനെപ്പററിയും പഠിപ്പിച്ചു. പിതാവും പുത്രനും തമ്മിലുള്ള ബന്ധവും അവിടുന്ന വ്യക്തമാക്കി. ദൈവം യഥാർത്ഥത്തിൽ ആയിരിക്കുന്ന രീതിയിൽ ദൈവത്തെ അവതരിപ്പിച്ചുതന്നു.

www.malankaralibrary.com



ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആണെന്നും ഏകദൈവം മൂന്ന് ദൈവികയാളുകളാണെന്നും വളരെ സ്പഷ്ടമായും വ്യക്തമായും പുതിയ നിയമഗ്രന്ഥങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഈ ഭാഗത്തെ ചർച്ചയെ മൂന്നായി തിരിക്കാം. 1. സുവിശേഷങ്ങളിൽ കാണുന്ന ത്രിത്വപ്രബോധനം. 2. നടപടി പുസ്തകത്തിൽ ഉള്ള ത്രിത്വപ്രബോധനം. 3. വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന പ്രബോധനം.

മൂന്നു ഭാഗങ്ങളും സ്പഷ്ടമായി ത്രിത്വോപദേശം പഠിപ്പിക്കുന്നു. കാരണം, അതാണല്ലോ ശ്ലീഹന്മാർ നമ്മുടെ കർത്താവിൽ നിന്നു ഗ്രഹിച്ചത്.

## 1. സുവിശേഷങ്ങളിൽ

നാലു സുവിശേഷങ്ങളും ഒരുപോലെ പഠിപ്പിക്കുന്ന സത്യമാണ് ത്രിത്വോപദേശം. വളരെ സ്പഷ്ടമായി മത്തായി 28: 18–20 പിതാവിനെപ്പററിയും പുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും പഠിപ്പിക്കുന്നു.

''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു സ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ.''

ഇത് യഹൂദമതം പഠിപ്പിച്ചതിൽ നിന്ന് വ്യത്യസ്തമായ പ്രബോധനമായിരുന്നു. എന്നാൽ കർത്തൃകല്പന ശിരസ്സാവഹിച്ച ശ്ലീഹന്മാർ ഇത് പ്രസംഗിച്ചു. അനേകർ അത് പരിശുദ്ധാത്മശക്തിയാൽ അംഗീകരിക്കുകയും ചെയ്തു.

ഈ ഭാഗത്തിനു പുറമെ, നിരവധി സ്ഥലങ്ങളിൽ ത്രിത്വപ്രബോധനം കാണാം:

www.malankaralibrary.com



1. "എന്റെ പിതാവ്"

ഒന്നാമതായി യേശു തന്റെ പിതാവിനെപ്പററി പറയുന്ന ഭാഗങ്ങൾ ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിൽ നിന്ന് ഉദ്ധരിക്കാം. ''എന്റെ പിതാവ്'' എന്നുള്ളത് ആലങ്കാരിക ഭാഷയിലല്ല, യഥാർത്ഥമായിട്ടാണ് കർത്താവ് പറയുന്നതെന്ന് സുവിശേഷങ്ങളുടെ സമഗ്രപാരമ്പര്യത്തിൽ നിന്ന് വളരെ വ്യക്തമാണ്.

ദൈവത്തെ ''പിതാവ്'' (ആബാ) എന്നാണ് യേശു എപ്പോഴും വിളിച്ചിരുന്നത്. ''സ്വർഗസ്ഥനായ എന്റെ പിതാവേ,'' ''പിതാവേ,'' ''എന്റെ പിതാവേ,'' എന്നു തുടങ്ങിയ അഭിസംബോധനകൾ പുതിയ നിയമത്തിൽ നമുക്ക കാണാൻ സാധിക്കും (മർക്കോ. 14:36). പിതാവിനോട് യേശുവിന് വ്യക്തിപരമായ ബന്ധമാണുണ്ടായിരുന്നത് എന്ന് ഈ വിളി വ്യക്തമാക്കുന്നു. യേശുവിന്റെ പ്രാർത്ഥനാവസരങ്ങളിലൊക്കെ ഈ സംബോധന ദൃശ്യമാണ്. അതുപോലെ പിതാവിന്റെ സ്വഭാവവിശേഷങ്ങളെപ്പററിയും പ്രവർത്തനങ്ങളെപ്പററിയും പ്രതിപാദിക്കുന്നിടത്തൊക്കെയും ''എന്റെ പിതാവ്'' എന്നാണ് യേശു പറഞ്ഞിട്ടുള്ളത്. ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

''എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനാണ് സ്വർഗത്തിൽ പ്രവേശിക്കുന്നത്'' (മത്ത.7:21).

''മനുഷ്യരുടെ മുമ്പിൽ എന്നെ ഏററുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏററുപറയും: മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും (മത്താ. 10:32-33).

ശെമയോനോട് കർത്താവ് പറയുന്നു: ''മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്കിതു വെളിപ്പെടുത്തിത്തന്നത്'' (മത്താ. 16:17).

''സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ

www.malankaralibrary.com



പിതാവേ,....ഞാൻ നിന്നെ സ്തുതിക്കുന്നു. അതേ പിതാവേ, ഇപ്രകാരമായിരുന്നു നിൻെറ തിരുവുള്ളം'' (മത്താ. 11: 25–26; ലൂ. 10:21).

''ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചു പോകുവാൻ എൻെറ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല'' (മത്താ. 18:14).

''ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ച് ചോദിക്കുന്ന ഏതു കാര്യവും എൻെറ സ്വർഗസ്ഥനായ പിതാവ് നിറവേററിത്തരും'' (മത്താ. 18:19).

''നിങ്ങൾ സഹോദരനോട് ഹൃദയപൂർവം ക്ഷമിക്കുന്നില്ലെങ്കിൽ എൻെറ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും'' (മത്താ. 18:35).

''എൻെറ വലത്തും ഇടത്തും ഇരിക്കുവാനുള്ള വരം....എൻെറ പിതാവ് ആർക്കു വേണ്ടി സജ്ജമാക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്'' (മത്താ. 20:23).

''എൻെറ പിതാവിൻെറ രാജ്യത്തിൽ നിങ്ങളോടൊത്ത് നവമായി ഇതു പാനം ചെയ്യുന്ന ദിവസം വരെ........ഞാൻ വീണ്ടും കുടിക്കുകയില്ല'' (മത്താ. 26:29).

''എൻെറ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ. എങ്കിലും എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം നടക്കട്ടെ''(മത്താ. 26:39; ലൂ. 22:42).

''എൻെറ പിതാവേ, ഞാൻ കുടിക്കാതെ ഇതു കടന്നു പോകയില്ലെങ്കിൽ അങ്ങയുടെ ഹിതം നിറവേറട്ടെ''(മത്താ.26:42).

''എനിക്ക് എൻെറ പിതാവിനോട് അപേക്ഷിക്കാൻ കഴിയുകയില്ലെന്നും ഉടൻതന്നെ അവിടുന്ന് എനിക്ക് തൻെറ ദൂതന്മാരുടെ പന്ത്രണ്ടു വ്യൂഹങ്ങളെ അയച്ചു തരികയില്ലെന്നും വിചാരിക്കുന്നുവോ ?'' (മത്താ: 26:53).

www.malankaralibrary.com



''ആബാ, പിതാവേ, എല്ലാം അങ്ങേയ്ക്കു സാദ്ധ്യമാണ്'' (മർക്കോ. 14:36).

''ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?'' (ലൂ.2:49).

''പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' (ലൂ. 23:46).

''ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു'' (ലൂ. 24:49).

ദൈവത്തെ ''എന്റെ പിതാവ്'' എന്ന് യേശു വിളിച്ചതിൽനിന്ന് യേശു ''ദൈവത്തിന്റെ പുത്രൻ'' ആണെന്ന് സ്പഷ്ടമാണല്ലോ. പിതാവായ ദൈവവുമായി തനിക്ക് വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു എന്ന് ഇതിൽനിന്ന് വ്യക്തമാണ്. അപ്പോൾ ദൈവത്വത്തിലെ രണ്ടാളുകളെ പ്പറ്റിയുള്ള പ്രബോധനം മേല്പറഞ്ഞ വാചകങ്ങളിൽ നിന്ന് നമുക്ക് ഗ്രഹിക്കാനാവും.

## 2. എന്റെ പിതാവ്–നിങ്ങളുടെ പിതാവ്

തന്റെ സ്വർഗസ്ഥനായ പിതാവ് തന്നിൽ വിശ്വസിക്കുന്നവരുടെയും പിതാവാണ് എന്ന് യേശു പഠിപ്പിച്ചു. ''എന്റെ പിതാവ്'', ''നിങ്ങളുടെ പിതാവ്'' എന്നൊക്കെയാണ് പിതാവിനെ അവിടുന്നു വിളിച്ചിട്ടുള്ളത്. ''നമ്മുടെ പിതാവ്'' എന്ന പ്രയോഗം ഒരിടത്തും കാണാനില്ല. അതിന്റെയർത്ഥം ഇതാണ്: പുത്രനും പിതാവും തമ്മിലുള്ള ബന്ധം ഒന്ന്. സൃഷ്ടികളായ മനുഷ്യരും പിതാവും തമ്മിലുള്ള ബന്ധം മറ്റൊന്ന്. പുത്രൻ പിതാവിന്റെ ഏകജാതനാണ്. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടികളും പുത്രനിലൂടെ ദത്തുപുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടവരുമാണ്.

തന്റെ ഏകജാതനിൽ മാമ്മോദീസാ സ്വീകരിച്ച നാം ഏകജാതൻ വഴി ദൈവമക്കളും യേശുവിനോടുകൂടി കൂട്ടവകാശികളുമായിത്തീർന്നിരിക്കുന്നു.

www.malankaralibrary.com



''നിങ്ങളുടെ പിതാവ്'' എന്നതിനു ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാം:

''അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും'' (മത്താ. 5:48). ''നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ'' (5.48). ''രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും'' (മത്താ. 6:6). ''നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' (മത്ത.6.9). ''മററുള്ളവരുടെ തെററുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മററുള്ളവരോട് നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെററുകളും ക്ഷമിക്കുകയില്ല'' (6:15). ''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂ. 6:36), നിങ്ങളുടെ സ്വർഗീയ പിതാവ് ആകാശപ്പറവകളെ തീററിപ്പോററുന്നു. നിങ്ങൾക്കാവശ്യമുള്ളവയെല്ലാം അവിടുന്ന് അറിയുന്നു (മത്താ. 6;26.32). ചോദിക്കുന്നതെന്തും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് നിങ്ങൾക്കു നൽകും (മത്താ. 7:11). ''എന്റെ പിതാവും നിങ്ങളുടെ പിതാവും'' എന്ന് വ്യവച്ഛേദിച്ച് യേശു സംസാരിക്കുന്ന ഒരു ഭാഗം യോഹന്നാനിൽ ഉണ്ട്: ''ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു'' (20:17). ''മനുഷ്യരുടെ മുമ്പിൽ എന്നെ ഏററുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏററുപറയും'' (മത്താ. 10:19.32–33).

### 3. യോഹന്നാന്റെ സുവിശേഷത്തിൽ

യോഹന്നാന്റെ സുവിശേഷം ത്രിത്വത്തെപ്പററിയുള്ള സമഗ്രമായ പ്രതിപാദനമാണ്. കർത്താവിന്റെ വാക്കു

www.malankaralibrary.com



കളായി യോഹന്നാൻ ത്രിത്വരഹസ്യം ഈ സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്നു. യേശു തന്നെപ്പററിത്തന്നെ പഠിപ്പിച്ചു. ''ഞാൻ ആകുന്നു'' എന്നു തുടങ്ങുന്ന പദപ്രയോഗത്തിലൂടെ പിതാവുമായി തനിക്കുള്ള ബന്ധം യേശു വ്യക്തമാക്കി. താൻ പിതാവിലേക്കുള്ള പാതയാണെന്നും അവിടുന്നു ചൂണ്ടിക്കാട്ടി. താൻ ആരാണെന്ന് വളരെ സ്പഷ്ടമായി അവിടുന്നു കാണിച്ചുതന്നു. അതുപോലെ പിതാവാരാണെന്നും തനിക്കും പിതാവിനും തമ്മിലുള്ള ബന്ധമെന്താണെന്നും വെളിപ്പെടുത്തി. പരിശുദ്ധാത്മാവായ ആശ്വാസപ്രദനെപ്പററിയും പഠിപ്പിച്ചു.

അവിടുന്ന് ദേവാലയത്തെ ''എൻെറ പിതാവിൻെറ ആലയം'' എന്നു വിളിച്ചു (യോഹ.2;16). താൻ സ്വർഗത്തിൽ നിന്നുവന്ന മനുഷ്യപുത്രനാണെന്ന് പ്രഖ്യാപിച്ചു: ''സ്വർഗ്ഗത്തിൽനിന്നു വന്ന മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗത്തിൽ കയറിയിട്ടില്ല''(യോഹ.3:13).

പിതാവായ ദൈവം ലോകത്തെ സ്നേഹിച്ചു. തൻെറ ഏകജാതനെ നൽകുവാൻ പോലും അവൻ മടിച്ചില്ല (3:16). ലോകത്തെ രക്ഷിക്കുവാൻ വേണ്ടിയാണ് ദൈവം തൻെറ പുത്രനെ അയച്ചത്. അവനിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുവാൻ ദൈവം എല്ലാ മനുഷ്യരെയും ആഹ്വാനം ചെയ്യുന്നു (3:17). എന്നാൽ ദൈവത്തിൻെറ ഏകജാതനിൽ വിശ്വസിക്കാത്തവൻ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു (3:18). ''ദൈവം അയച്ചവൻ ദൈവത്തിൻെറ വാക്കുകൾ സംസാരിക്കുന്നു....പിതാവു പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവൻെറ കൈകളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കയില്ല. ദൈവകോപം അവൻെറ മേലുണ്ട്'' (3;34–36).

പിതൃഹിതം നിറവേററുകയാണ് തൻെറ ഭക്ഷണം എന്ന് യേശു പ്രഖ്യാപിച്ചു: ''എന്നെ അയച്ചവൻെറ ഇഷ്ട

www.malankaralibrary.com



പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം'' (4;34). ''എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു'' (5:17). കർമ്മനിരതനായ പിതാവിന്റെ കർമ്മനിരതനായ പുത്രനാണ് താൻ എന്ന് ഇതുവഴി യേശു വ്യക്തമാക്കുകയാണ്. പുത്രൻ സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും ചെയ്യുന്നില്ല. പിതാവു ചെയ്തു കാണുന്നതു മാത്രമേ പുത്രന് ചെയ്യാൻ സാധിക്കയുള്ളു. മറിച്ചു ചെയ്യാൻ പുത്രനു സാധ്യമേയല്ല. പിതാവു ചെയ്യുന്നത് അതുപോലെ പുത്രൻ ചെയ്യുന്നു. താൻ ചെയ്യുന്നതെല്ലാം പിതാവ് പുത്രനെ കാണിക്കുന്നു. കാരണം, പിതാവ് പുത്രനെ സ്നേഹിക്കുന്നു. പിതാവ് മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ പുത്രനും തനിക്കിഷ്ടമുള്ളവർക്കു ജീവൻ നൽകുന്നു. പിതാവിനെ ആദരിക്കുന്നതുപോലെ എല്ലാവരും പുത്രനെ ആദരിക്കുവാൻ വിധി മുഴുവൻ പിതാവ് പുത്രനെ ഏല്പിച്ചിരിക്കുന്നു. അങ്ങനെ പുത്രനായിരിക്കും മനുഷ്യരുടെ വിധികർത്താവ്. പുത്രനെ ആദരിക്കാത്തവൻ പിതാവിനെയും ആദരിക്കുന്നില്ല. പുത്രന്റെ വചനം കേൾക്കകയും പുത്രനെ അയച്ചവനിൽ വിശ്വസിക്കകയും ചെയ്യുന്നവർക്കു ശിക്ഷാവിധിയില്ല. അവർ മരണത്തിൽ നിന്നു ജീവനിലേക്ക കടന്നിരിക്കുന്നു. ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന പരേതർ ജീവിക്കും. പിതാവിന്റെ നാമത്തിലാണ് പുത്രൻ വന്നിരിക്കുന്നത് (5:19–30).

മനുഷ്യപുത്രൻ അനശ്വരമായ അപ്പം പ്രദാനം ചെയ്യുന്നവനാണ്. ആ അപ്പത്തിനുവേണ്ടിയാണ് മനുഷ്യർ അദ്ധ്വാനിക്കേണ്ടത് (6:27). മനുഷ്യപുത്രന് പിതാവിന്റെ അംഗീകാരമുദ്രയുണ്ട്; അവന് വിശക്കുകയില്ല, ദാഹിക്കുകയുമില്ല; ''എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കയുമില്ല....എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല (6;35.38). എന്നാൽ ''പിതാവ് എനിക്കു നൽകുന്നവർ മാത്രമേ'' എന്റെ അടുക്കൽ വരുന്നുള്ളു

www.malankaralibrary.com



(6:37.44.45.65). അവരെ പിതാവ് ആകർഷിക്കുന്നതു കൊണ്ടാണ് അവർ അപ്രകാരം വരുന്നത്. അവർ പിതാവിനെ ശ്രവിക്കുകയും പിതാവിൽനിന്നു പഠിക്കുകയും ചെയ്യുന്നു. അവർക്കു പിതാവിൽനിന്നു വരം ലഭിക്കുന്നു. പുത്രൻെറ പക്കൽ അണയുന്നവരെയെല്ലാം അന്ത്യദിനത്തിൽ ഉയിർപ്പിക്കണം എന്നതാണ് പിതാവിൻെറ ഇഷ്ടം.

യേശു പറഞ്ഞു: ''ഞാൻ ആകുന്നു''. പഴയനിയമത്തിൽ യാഹ്വെയെക്കുറിച്ച് പറഞ്ഞിരുന്ന ''ഞാൻ ആകുന്നു'' എന്ന പ്രയോഗം (പുറ. 3:14) യേശു തന്നെപ്പററിത്തന്നെ പറയുന്നു. യേശുവും പിതാവും തമ്മിലുള്ള ബന്ധത്തെ കുറിക്കുന്നവയാണ് ഈ പദപ്രയോഗങ്ങൾ: ''ഞാൻ ഞാൻ തന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും'' (8:24.28). ''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു'' (9:9). ''ഞാൻ വാതിലാകുന്നു'' (10:7–9). ''ഞാൻ നല്ല ഇടയനാകുന്നു'' (10:11.14). ''ഞാൻ വഴിയും സത്യവും ജീവനുമാകുന്നു'' (11:25)—ഇവയെല്ലാം പുത്രന് പിതാവിനോട് സത്തയിലുള്ള സമത്വം വെളിപ്പെടുത്തുന്നു.

യേശുവാണ് പിതാവിലേക്കുള്ളപാത. യേശുവഴിയേ പിതാവിലെത്താനാവൂ: ''എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല'' (14:6). അതായത്, യേശുവിനെ കൂടാതെ പിതാവിനെപ്പററി ഗ്രഹിക്കാൻ ആർക്കും സാധിക്കുകയില്ല. പുത്രൻ വെളിപ്പെടുത്തുന്നതുവഴി മാത്രം ഗ്രഹിക്കാൻ കഴിയുന്ന സത്യമാണിത്. പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആണെന്ന് അപ്പോൾ ഗ്രഹിക്കാൻ കഴിയും. അതാണ് യഥാർത്ഥത്തിലുള്ള അറിവ് (10:38). യേശുവിനെ രക്ഷകനായി അംഗീകരിക്കാത്തവർക്ക്, അവൻെറ വചനം സ്വീകരിക്കാത്തവർക്ക് പിതാവിനെപ്പററിയുള്ള അറിവ് ലഭിക്കയില്ല എന്നു സാരം.

പുത്രൻ പിതാവിനെ അറിയുന്നു; പിതാവ് പുത്രനെയും (10:15). പിതാവ് എപ്പോഴും പുത്രൻെറ പ്രാർത്ഥന

www.malankaralibrary.com


കോരംക്കുന്നു (11:41). പുത്രനെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കുന്നു (12:26). പിതാവ് പുത്രനെ മഹത്വപ്പെടുത്തുന്നു (12:28). പുത്രനെ കാണുന്നവൻ പിതാവിനെ കാണുന്നു. പുത്രനിൽ വിശ്വസിക്കുന്നവൻ പിതാവിൽ വിശ്വസിക്കുന്നു (12:44–45; 14:9). പുത്രനെ സ്വീകരിക്കുന്നവൻ പിതാവിനെ സ്വീകരിക്കുന്നു (13:20). ദൈവം തന്റെ പിതാവാണ് എന്ന് യേശു പറയുന്നതുവഴി ദൈവപിതാവുമായി തനിക്കുള്ള തുല്യത അവിടുന്നു വിളംബരം ചെയ്യുകയാണ്. ''ഞാനും പിതാവും ഒന്നാകുന്നു'' (10:30) എന്നു പറഞ്ഞാൽ സത്തയിലും അധികാരത്തിലും മഹത്വത്തിലും പിതാവിനു തുല്യനാണ് പുത്രൻ എന്നു വെളിപ്പെടുത്തുകയാണ്. ''അബ്രഹാം ഉണ്ടാകുന്നതിനു മുൻപ് ഞാനുണ്ട്'' എന്ന പ്രസ്താവന (8:58) പുത്രന്റെ നിത്യതയെ പ്രഘോഷിക്കുന്നു.

പിതാവ് പുത്രനിൽ വസിക്കുന്നു; പുത്രൻ പിതാവിലും (17:21–22). പിതാവ് ചെയ്യുന്നവ മാത്രം പുത്രൻ ചെയ്യുന്നു. പുത്രൻ തനിയെ ഒന്നും ചെയ്യുന്നില്ല. പുത്രൻ എപ്പോഴും പിതൃഹിതം തേടുന്നു; അതു മാത്രം അനുവർത്തിക്കുന്നു. നിരന്തരമായി പിതാവിനെ മഹത്വപ്പെടുത്തുന്നു; പിതാവ് പുത്രനെയും (17:1). പിതാവ് പുത്രനെ സ്നേഹിക്കുന്നു; പുത്രൻ പിതാവിനെയും. പിതാവും പുത്രനും തമ്മിൽ പരിപൂർണമായ ഐക്യമാണ്. പിതാവാരാണെന്ന് പുത്രൻ മാത്രമേ അറിയുന്നുള്ളു; അതുപോലെ പുത്രനാരാണെന്ന് പിതാവിനു മാത്രമേ അറിയൂ. പുത്രൻ ആർക്കെങ്കിലും വെളിപ്പെടുത്തിയാൽ അവന് അറിയാൻ കഴിയും. അതുപോലെ പിതാവ് ആർക്കെങ്കിലും വെളിപ്പെടുത്തിയാൽ മാത്രം അവനും പുത്രനെ അറിയും. പുത്രനുള്ളതെല്ലാം പിതാവിന്റേതാണ്; പിതാവിനുള്ളതെല്ലാം പുത്രന്റെയും; ''എനിക്കുള്ളതെല്ലാം നിനക്കുള്ളതാകുന്നു; നിനക്കുള്ളതെല്ലാം എനിക്കുള്ളതാകുന്നു'' (17:9).

www.malankaralibrary.com



യേശു പിതൃസവിധത്തിൽ നിന്നു വന്നു. പിതാവ് അയച്ചതിനാലാണ് വന്നത്. തന്റെ ദൗത്യം പൂർത്തിയാക്കിയ ശേഷം പിതൃസവിധത്തിലേക്ക് ആരോഹണം ചെയ്തു. പിതാവിൽ നിന്ന് കണ്ടതും കേട്ടതും മനുഷ്യരെ അറിയിച്ചു. പിതാവിന്റെ സ്നേഹം മനുഷ്യർക്കു വെളിപ്പെടുത്തി. പിതാവിന്റെ നാമം അവർക്കു മനസിലാക്കിക്കൊടുത്തു. പുത്രനു മാത്രം അറിയാമായിരുന്ന ഈ രഹസ്യം പുത്രൻ മനുഷ്യർക്ക് പകർന്നുകൊടുത്തു; ''നീതിമാനായ പിതാവേ, ലോകം അങ്ങയെ അറിഞ്ഞിട്ടില്ല. എന്നാൽ ഞാൻ അങ്ങയെ അറിഞ്ഞിരിക്കുന്നു. എന്നെ അവിടുന്നാണ് അയച്ചതെന്ന് ഇവരും അറിഞ്ഞിരിക്കുന്നു. അങ്ങയുടെ നാമം അവരെ ഞാൻ അറിയിച്ചു'' (17:25–26).

യേശു പിതൃസവിധത്തിലേക്ക് പോകുന്നത് തന്നിൽ വിശ്വസിക്കുന്നവർക്ക് വാസമൊരുക്കാനാണ്: ''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കാൻ ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും''(14:2–4). ഈ സ്നേഹപിതാവിനെയും തന്റെ ഏകജാതനെയും അറിയുന്നതാണ് നിത്യജീവൻ എന്നും യേശു പഠിപ്പിച്ചു: ''ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ'' (17:1–3).

പരിശുദ്ധാത്മാവിനെപ്പററിയും യേശു നമ്മെ പഠിപ്പിച്ചു: ''ഞാൻ പിതാവിനോടപേക്ഷിക്കും. എന്നേക്കും നിങ്ങളോടുകൂടി ആയിരിക്കാൻ മറെറാരു സഹായകനെ അവിടുന്നു നിങ്ങൾക്ക് നൽകും. ഈ സത്യാത്മാവിനെ സ്വീകരിക്കുവാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും'' (14:16–17). പരിശുദ്ധാത്മാവിനെ പിതാ

www.malankaralibrary.com



വാണ് അയയ്ക്കുന്നത്. പുത്രൻെറ നാമത്തിലാണ് അയയ്ക്കുന്നത്. പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും ശിഷ്യരെ പഠിപ്പിക്കും. യേശു പറഞ്ഞിട്ടുള്ളവ അവരെ അനുസ്മരിപ്പിക്കുകയും ചെയ്യും. (14:26). മറെറാരിടത്തു പറയുന്നു: ''ഞാൻ പിതാവിൻെറ അടുത്തു നിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽ നിന്ന് പുറപ്പെടുന്ന ഈ സത്യാത്മാവ് വരുമ്പോഠം അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും.'' (15:26). ''ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ, നിങ്ങളുടെ അടുക്കലേക്ക് വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും''(16:7–8). ''സത്യാത്മാവ് വന്നുകഴിയുമ്പോഠം നിങ്ങളെ സത്യത്തിൻെറ പൂർണതയിലേയ്ക്ക് നയിക്കും. അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്. അവൻ കേഠക്കുന്നതു മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങഠം അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽ നിന്നെടുത്ത് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും'' (16:13–14).

### 4. ത്രിത്വത്തിൻെറ വെളിപ്പെടുത്തൽ– ചില സാക്ഷ്യങ്ങൾ കൂടി

ചില ദൃഷ്ടാന്തങ്ങഠംക്കൂടി സുവിശേഷങ്ങളിൽ നിന്നു പരിശോധിക്കാം: യേശുവിൻെറ മനുഷ്യാവതാരത്തെപ്പററി അറിയിക്കാൻ പരിശുദ്ധ കന്യകാമറിയത്തിൻെറ അടുത്ത് ഗബ്രിയേൽ ദൈവദൂതൻ വന്നപ്പോഠം അവിടെ ത്രിത്വത്തിൻെറ ഒരു വെളിപ്പെടുത്തൽ നടന്നു: ''ദൂതൻ അവളോടു പറഞ്ഞു: മറിയമേ, ഭയപ്പെടേണ്ട. നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും.....പരിശുദ്ധാത്മാവ് നിൻെറ മേൽ വരും. അത്യുന്നതൻെറ ശക്തി നിൻെറ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു

www.malankaralibrary.com



പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും.'' (ലൂ. 1:30–32;35). ഇവിടെ അത്യുന്നതനെപ്പററിയും, ദൈവപുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും സ്പഷ്ടമായി വെളിപ്പെടുത്തുന്നു. യേശുവിൻെറ ജനനം പരിശുദ്ധാത്മ പ്രവർത്തനത്താലാണ് എന്നാണ് ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായിയും ഇതുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്: ''അവരം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്'' (1:20).

യേശുവിനെ ഉദരത്തിൽ വഹിച്ചിരുന്ന ''മറിയത്തിൻെറ അഭിവാദനം കേട്ടപ്പോരം എലിസബത്തിൻെറ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു'' (ലൂ. 1.41). ''എൻെറ കർത്താവിൻെറ അമ്മ'' എന്ന് അവരം മറിയത്തെ വിളിച്ചു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശെമയോനും ഹന്നായും ഇസ്രായേലിൻെറ പ്രതീക്ഷയായ ശിശുവിനെ കൈകളിൽ എടുത്ത് വാഴ്ത്തി ദൈവത്തെ സ്തുതിക്കുന്നതായി ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു: ''പരിശുദ്ധാത്മാവ് അവൻെറമേൽ (ശെമയോൻെറ മേൽ) ഉണ്ടായിരുന്നു. കർത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു. പരിശുദ്ധാത്മാവിൻെറ പ്രേരണയിൽ അവൻ ദേവാലയത്തിലേക്കു വന്നു'' (ലൂ. 2:25–27).

യേശുവിൻെറ സ്നാനാവസരം ത്രിത്വത്തിൻെറ വെളിപ്പെടുത്തൽ നടന്നു: ''സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ അവൻെറമേൽ ഇറങ്ങിവന്നു. സ്വർഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എൻെറ പ്രിയപുത്രൻ. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (ലൂ. 3:21–22). ''ഇവൻ എൻെറ പ്രിയപുത്രൻ'' എന്നൊരു പാഠഭേദം മത്തായിയിൽ കാണുന്നു (3:17). എങ്കിലും സാരാംശത്തിൽ രണ്ടും ഒന്നുതന്നെ. ഈ സംഭവത്തിനു സ്നാപക യോഹന്നാൻ നൽകുന്ന ഭാഷ്യം ശ്രദ്ധേയമാണ്: ''ജലം

www.malankaralibrary.com



കൊണ്ട് സ്നാനം നൽകാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നതു നീ കാണുന്നുവോ, അവനാണ് പരിശുദ്ധാത്മാവുകൊണ്ട് സ്നാനം നൽകുന്നവൻ. ഞാൻ അതു കാണുകയും 'ഇവൻ ദൈവപുത്രനാണ്'' എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു'' (യോഹ. 1:33–34).

ഈ സംഭവം യേശുവിനുവേണ്ടി സംഭവിച്ചതല്ല; യോഹന്നാനുവേണ്ടിയും അവനിലൂടെ നമുക്കുവേണ്ടിയുമാണ് സംഭവിച്ചത്. യോഹന്നാന് ആളെ തിരിച്ചറിയാൻ ഒരടയാളമായിരുന്നത്. പിതാവിനെപ്പററിയും പുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും ഉള്ള സാക്ഷ്യങ്ങൾ അവിടെ നടന്നു. പരിപാവനമായ ത്രിത്വത്തിന്റെ വെളിപ്പെടലാണ് യോർദ്ദാനിലെ സ്നാനാവസരം സംഭവിച്ചത്.

താബോർമലയിൽ വച്ചു സംഭവിച്ച രൂപാന്തരീകരണത്തിലും യേശുവിന്റെ ദൈവത്വത്തിന്റെ വെളിപ്പെടലായിരുന്നു. അവിടെവച്ച് പിതാവിന്റെ സ്വരം യേശുവിന്റെ കൂടെയുണ്ടായിരുന്ന മൂന്നുശിഷ്യന്മാർ കേട്ടു: ''മേഘത്തിൽ നിന്ന് ഇങ്ങനെ ഒരു സ്വരമുണ്ടായി: ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ'' (മത്താ. 17:5). ഈ സംഭവം മർക്കോസും ലൂക്കോസും രേഖപ്പെടുത്തിയിട്ടുണ്ട്: പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ മുഖഭാവം മാറി. വസ്ത്രം വെണ്മയോടെ ശോഭിച്ചു. ....അവർ അവന്റെ മഹത്വം ദർശിച്ചു (ലൂ. 9:28–36; മർക്കോ. 9:2–8). ഈ സംഭവം ഓർത്തിരുന്ന പത്രോസ് ഇതേപ്പററി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''ഞങ്ങൾ അവന്റെ ശക്തിപ്രാഭവത്തിന്റെ ദൃക്സാക്ഷികളാണ്. പിതാവായ ദൈവത്തിൽ നിന്ന് ബഹുമാനവും മഹത്വവും അവൻ സ്വീകരിച്ചു. 'ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന സ്വരം മഹിമപ്രഭാവത്തിൽ നിന്ന് അവന്റെ അടുത്തുവരികയും ചെയ്തു. സ്വർഗ്ഗത്തിൽ നിന്നുണ്ടായ

www.malankaralibrary.com



ആ സ്വരം ഞങ്ങൾ കേട്ടു; എന്തെന്നാൽ ഞങ്ങളും അവന്റെ കൂടെ വിശുദ്ധ മലയിൽ ഉണ്ടായിരുന്നു.'' (2 പത്രോ. 1:16–19).

പിതാവ് തന്റെ പുത്രനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നതാണിവിടെ നാം കാണുക. ഇതിന് മൂന്നു ശിഷ്യന്മാർ മാത്രമേ സാക്ഷികളായി ഉണ്ടായിരുന്നുള്ളു. എങ്കിലും അവരിലൊരാൾ എത്ര ഉറപ്പായിട്ടാണ് അതിനു സാക്ഷ്യം നൽകുന്നത് എന്നു കാണുക.

## 5. യേശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്നു

ദൈവത്തിന്റെ പരിശുദ്ധാത്മാവ് യേശുവിന്റെ പരസ്യ ജീവിതകാലത്ത് നിരന്തരമായി യേശുവിനോടുകൂടെ ഉണ്ടായിരുന്നു. ''യേശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായി യോർദ്ദാനിൽ നിന്നു മടങ്ങി'' (ലൂ. 4:1). ''യേശു ആത്മാവിന്റെ ശക്തിയോടുകൂടെ ഗലീലിയിലേക്ക് മടങ്ങിപ്പോയി'' (4:14), ''കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്'' എന്നുതുടങ്ങുന്ന ഏശായാ വചനം വായിച്ചിട്ട് കർത്താവ് പറഞ്ഞു: ''നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു'' (4:21). യേശു ദൈവത്തെ പിതാവേ എന്നു വിളിച്ചത് ആത്മീയാഭിഷേകത്താലാണ്: ''ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, നിന്നെ ഞാൻ സ്തുതിക്കുന്നു'' (ലൂ. 10:21). യേശുവിൽ വസിച്ച ഈ പാവനാത്മാവ് നിരന്തരമായി യേശുവിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ ആത്മാവ് ''പിതാവിന്റെ വാഗ്ദാനമാണ്'' (ലൂ. 24:49). അത് ഉന്നതത്തിൽ നിന്നുള്ള ശക്തിയാണ്. ശിഷ്യരോടുകൂടി എന്നും ഇരിക്കാനുള്ളതാണ് ആ ആത്മാവ്.

യേശു സ്വർഗത്തിലേക്ക് കരേറുന്നതിനു മുൻപ് ശിഷ്യർക്കു നൽകിയ കല്പനയിലും (മത്താ. 28:18–20) ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ നടക്കുന്നു. ഇതേപ്പററി

www.malankaralibrary.com



നാം പരാമർശിച്ചിട്ടുള്ളതാണല്ലോ. ഈ കല്പന അനുസരിച്ചാണ് ശ്ലീഹന്മാർ ആരംഭിച്ച സഭകളെല്ലാം അന്നുമുതൽ ഇന്നുവരെ ത്രിത്വനാമത്തിൽ സ്നാനം നൽകുന്നത്. ഇപ്രകാരം സഭ ചെയ്യുമ്പോഴം കർത്തൃകല്പന അനുസരിക്കക മാത്രമാണ് ചെയ്യുക. അവർ ചെയ്യുന്നത് കർത്തൃപ്രബോധനത്തിൽ അധിഷ്ഠിതമാണ് എന്നു സാരം.

## 6 യേശുവിനെപ്പററിയുളള ചില സാക്ഷ്യങ്ങൾ

യഹൂദർ മിശിഹായെ പ്രതീക്ഷിച്ചുകഴിഞ്ഞവരാണ്. യേശു തന്നെയാണ് മിശിഹാ എന്ന് യോഹന്നാൻ സ്നാപകൻ സാക്ഷ്യം നൽകി. ''ഞാൻ ക്രിസ്തുവല്ല'' എന്ന് യോഹന്നാൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു (യോഹ. 1:20). യേശുവിനെ കണ്ട സ്നാപകൻ പറഞ്ഞു: ''ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.... എനിക്കു മുൻപുതന്നെ ഇവനുണ്ടായിരുന്നു....ആത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവന്റെമേൽ ആവസിക്കുന്നത് ഞാൻ കണ്ടു....'' (യോഹ. 1:29–32). വീണ്ടും യോഹന്നാൻ പറഞ്ഞു: ''ദൈവം അയച്ചവൻ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു. ദൈവം ആത്മാവിനെ അളവുകൂടാതെയാണ് നൽകിയിരിക്കുന്നത്. പിതാവു പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു'' (യോഹ. 3:34–35).

കാരാഗൃഹത്തിൽ കിടന്ന യോഹന്നാൻ സംശയനിവാരണാർത്ഥം ശിഷ്യരെ യേശുവിന്റെ പക്കലേക്ക് അയച്ചതായി നാം വായിക്കുന്നു. യേശുവാണോ യഹൂദർ പ്രതീക്ഷിച്ചയാൾ അതോ മറെറാരുവനുവേണ്ടി കാത്തിരിക്കണമോ എന്നതായിരുന്നു സംശയം. സംശയം യോഹന്നാനാണോ ശിഷ്യർക്കാണോ ഉണ്ടായത് എന്ന് വ്യക്തമല്ല. യേശുവിന്റെ മറുപടി: ''നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക. അന്ധർ കാഴ്ച പ്രാപിക്കുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർ

www.malankaralibrary.com



പ്പിക്കപ്പെടുന്നു, ദരിദ്രരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു'' (മത്താ. 11:1—6; ലൂ 7:18—23). ക്രിസ്തുവിന്റെ വരവിൽ സംഭവിക്കാനിരിക്കുന്നവയായി ഏശയ്യാ പ്രവചിച്ചിരുന്നവയാണ് ഇവയെല്ലാം (35:5—8; 42, 18;61:1). ഇവ ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു. ഈ പ്രവചനത്തിലേക്ക് പ്രസ്തുത ശിഷ്യരുടെ ശ്രദ്ധതിരിച്ചുകൊണ്ട് താൻ തന്നെയാണ് രക്ഷകൻ എന്ന് യേശു പ്രഖ്യാപിക്കയാണിവിടെ.

യേശു ചെയ്ത ശാരീരിക സൗഖ്യങ്ങൾ യേശു ദൈവപുത്രനാണെന്ന് വ്യക്തമാക്കി. അതുകൊണ്ടാണ് അവിടുന്ന് ഏശായായുടെ വാക്കുകൾ ഉച്ചരിച്ചുകൊണ്ട് സ്നാപകയോഹന്നാന്റെ ശിഷ്യരെ പറഞ്ഞയച്ചത്. ''തളർവാതരോഗിയോട് മകനെ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്ന് യേശു പറഞ്ഞപ്പോൾ നിയമജ്ഞർ പിറുപിറുത്തു. ''ഭൂമിയിൽ പാപങ്ങൾ മോചിക്കാൻ മനുഷ്യപുത്രന് അധികാരം ഉണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനാണിത്'' എന്ന് യേശു തുടർന്നുപറഞ്ഞു (മത്താ. 9:1—8). ''മനുഷ്യപുത്രൻ ശാബതിന്റെയും കർത്താവാണ്'' എന്ന് ഫരിസേയരോട് യേശു പറഞ്ഞു. കർത്താവ് ഒരിക്കൽ കാററിനെയും കടലിനെയും ശാന്തമാക്കിയപ്പോൾ ''വഞ്ചിയിലുണ്ടായിരുന്നവർ അവനെ ആരാധിച്ചുകൊണ്ട് 'നീ ദൈവപുത്രനാണ്'' എന്നു പറഞ്ഞു (മത്താ. 14:38). അന്ന് കർത്താവ് കടലിനുമീതെ നടക്കുന്നതായി ശിഷ്യർ കണ്ടു.

''നീ ദൈവപുത്രനായ ക്രിസ്തുവാണോ?'' എന്നു ചോദിച്ചവരോട് യേശു പറഞ്ഞു: ''നീ പറഞ്ഞുവല്ലോ.'' സുറിയാനിയിൽ ചോദ്യവും ഉത്തരവും ഒരു പോലെയാണ്. ''അത്തു മിശിഹാ ബ്രേ ദാലാഹാ? ''ചോദിക്കുന്ന സ്വരഭേദത്തിൽ നിന്നുമാത്രമേ ചോദ്യമാണെന്ന് വ്യക്തമാകൂ. ''നീ ദൈവപുത്രനായ ക്രിസ്തുവാണോ'' എന്നും ''നീ ദൈവപുത്രനായ ക്രിസ്തുവാണ്'' എന്നും മുകളിൽ പറഞ്ഞ സുറിയാനി വാചകം വിവർത്തനം ചെയ്യാം. തുടന്ന് യേശു പറഞ്ഞു: ''ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ശക്തിയുടെ

www.malankaralibrary.com


വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും'' (മത്താ.26:63–64). മർക്കോസിൽ അല്പം വ്യത്യസ്ത രീതിയിലാണ് ചോദ്യവും ഉത്തരവും: ''പ്രധാന പുരോഹിതൻ വീണ്ടും ചോദിച്ചു: നീയാണോ വാഴ്ത്തപ്പെട്ടവൻെറ പുത്രനായ ക്രിസ്തു? യേശു പറഞ്ഞു: ഞാൻ തന്നെ'' (14:61–62). ലൂക്കോസ് അല്പം കൂടി വിശദീകരിച്ചാണ് ഇത് നൽകുന്നത്: ''നീ ക്രിസ്തുവാണെങ്കിൽ അത് ഞങ്ങളോട് പറയുക. അവൻ അവരോടു പറഞ്ഞു: ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല....ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുഭാഗത്ത് ഇരിക്കും. അവർ എല്ലാവരും കൂടെ ചോദിച്ചു: അങ്ങനെയെങ്കിൽ നീ ദൈവപുത്രനാണോ? അവൻ പറഞ്ഞു: നിങ്ങൾ തന്നെ പറയുന്നുവല്ലോ ഞാൻ ആണെന്ന്'' (22:66–70). യോഹന്നാൻെറ സുവിശേഷത്തിൽ പീലാത്തോസ് ഇതുപോലൊന്ന് ചോദിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു: ''നീ യഹൂദരുടെ രാജാവാണോ? യേശു പ്രതിവചിച്ചു. നീ ഇതു സ്വയമേവ പറയുന്നതോ അതോ മററുള്ളവർ എന്നെപ്പററി നിന്നോട് പറഞ്ഞതോ?.... യേശു പറഞ്ഞു: എൻെറ രാജ്യം ഐഹികമല്ല. ആയിരുന്നെങ്കിൽ ഞാൻ യഹൂദർക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എൻെറ സേവകർ പോരാടുമായിരുന്നു. അപ്പോൾ പീലാത്തോസ് ചോദിച്ചു: അപ്പോൾ നീ രാജാവാണല്ലേ? യേശു പ്രതിവചിച്ചു: നീ തന്നെ പറയുന്നു ഞാൻ രാജാവാണെന്ന്. ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും. സത്യത്തിനു സാക്ഷ്യം നൽകാൻ'' (യോഹ. 18:33–37).

യേശുവിൻെറ മരണസമയം നടന്ന സംഗതികൾ കണ്ട ശതാധിപൻ വിളിച്ചുപറഞ്ഞു: ''സത്യമായും ഇവൻ ദൈവപുത്രനായിരുന്നു'' (മത്താ. 27:54).

''നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹായാകുന്നു'' എന്ന പത്രോസിൻെറ പ്രഖ്യാപനം പിതാവിൽ നിന്നുള്ള ഒരു വെളിപ്പെടുത്തൽ വഴി അവനു ലഭിച്ച അറിവാണ്. (മത്താ. 16:16)

www.malankaralibrary.com



## 2. നടപടിപ്പുസ്തകത്തിൽ കാണുന്ന ത്രിത്വപ്രബോധനം

യേശുവിന്റെ വെളിപാടുവഴി ലഭിച്ച, ത്രിത്വത്തെപ്പററിയുള്ള പുതിയ വെളിച്ചം പകർന്നുകൊടുക്കാൻ ശ്ലീഹന്മാർ പരിശ്രമിച്ചു. യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും ആയിരുന്നു അവരുടെ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു. പെന്തിക്കൊസ്തി ദിനത്തിലെ പരിശുദ്ധാത്മാവാസം അവരെ യഥാർത്ഥ ക്രിസ്തുവാഹകരാക്കി. യേശു ഉത്ഥാനം ചെയ്തെന്നും സജീവനായി ഇന്നും തങ്ങളുടെ മദ്ധ്യത്തിലുണ്ടെന്നും അവർക്കു ബോധ്യം വന്നു. യേശുനാഥൻ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് ഒരു യാഥാർത്ഥ്യമായി തങ്ങളിൽ ഇറങ്ങി ആവസിച്ചതും തങ്ങളിലൂടെ പ്രവർത്തിക്കുന്നതും അവർക്ക് അനുഭവവേദ്യമായി. യഹൂദന്മാർ വിശ്വസിച്ച യാഹ്വെയെപ്പററിയാണ് യേശു പ്രസംഗിച്ചതെന്നും അവർ മനസ്സിലാക്കി.

യേശുവിനെ കർത്താവും രക്ഷകനും ജീവന്റെ നാഥനും ദൈവവും പാപമോചനം നൽകുന്നവനും ക്രിസ്തുവുമായി ശിഷ്യന്മാർ അംഗീകരിച്ചു. യാഹ്വെയെ യഹൂദർ വിളിച്ചിരുന്ന പേരാണ് കർത്താവ് (അദൊണായ്). ആ പേരു് അവർ യേശുവിനു നൽകുന്നു. ''യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി'' (നടപടി 3:26). ''മററാരിലും രക്ഷയില്ല. നമ്മുടെ രക്ഷയ്ക്കായി ആകാശത്തിൻ കീഴിൽ മറെറാരു നാമവും മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ടിട്ടില്ല'' (നടപടി 4:12). നടപടിപ്പുസ്തകത്തിന്റെ ആരംഭഭാഗത്ത് അപ്പസ്തോലന്മാരുടെ ചില പ്രസംഗങ്ങൾ കാണാം. അവയിൽ ശ്ലൈഹിക പ്രബോധനങ്ങളുടെ രത്നച്ചുരുക്കം ദർശിക്കാവുന്നതാണ്. യേശുവിന്റെ ഉത്ഥാനമാണ് ഇവയിലെല്ലാം പ്രധാന പ്രസംഗവിഷയം. മരിച്ചവരിൽനിന്ന് യേശുവിനെ ഉയിർപ്പിച്ചതുവഴി അവൻ ദൈവപുത്രനാണ് എന്ന് അസന്നിഗ്ദ്ധമായി പിതാവ് പ്രഖ്യാപിക്കയത്രേ ചെയ്തതു്. പഴയനിയമത്തിൽ ദൈവത്തിനു നൽകി

www.malankaralibrary.com



യിരുന്ന പേരുകൾ ശിഷ്യർ യേശുവിനു നൽകുന്നതു വഴി യേശുവിനെ ദൈവമായി അവർ ഏറ്റുപറയുന്നു.

നടപടിയിലെ ചില പ്രസംഗങ്ങൾ അപഗ്രഥിച്ചു നോക്കാം:

ഒന്നാം പ്രസംഗത്തിൽ പരിശുദ്ധാത്മാവിനെപ്പററിപറയുന്നു: ''യൂദാസിനെകുറിച്ച് ദാവീദുവഴി പരിശുദ്ധാത്മാവ് അരുൾചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു'' (1:16). ''അതിനാൽ കർത്താവായ യേശുവിൻെറ ഉത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം'' (1:21–22). മത്തിയാസിനെ യൂദാസ്സു പകരം തെരഞ്ഞെടുക്കുന്നതാണ് സാഹചര്യം.

*പെന്തിക്കോസ്തി ദിവസം നടന്ന പ്രസംഗം:* യോവേലിനെ ഉദ്ധരിച്ചുകൊണ്ട് പത്രോസ് പറഞ്ഞു: ദൈവം അരുൾചെയ്യുന്നു: അവസാന ദിവസങ്ങളിൽ എല്ലാ മനുഷ്യരുടെയുംമേൽ ഞാൻ എൻെറ ആത്മാവിനെ വർഷിക്കും. ....കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷപ്രാപിക്കും' (2:17.21). തുടർന്ന് യേശുവിനെപ്പററിയാണ് പ്രസംഗം: ദൈവം നസ്രായനായ യേശുവിനെ....നിങ്ങൾക്ക് സാക്ഷ്യപ്പെടുത്തിത്തന്നു. ദൈവിക പദ്ധതി പ്രകാരം അവൻ നിങ്ങൾക്കേല്പിക്കപ്പെട്ടു. അവനെ നിങ്ങൾ കുരിശിൽ തറച്ചു കൊന്നു. ''എന്നാൽ ദൈവം അവനെ മൃത്യപാശത്തിൽ നിന്നു വിമുക്തനാക്കി ഉയിർപ്പിച്ചു .. '' (2:22–24). അല്പം കഴിഞ്ഞ് വീണ്ടും, ''ആ യേശുവിനെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്. ദൈവത്തിൻെറ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും പിതാവിൽനിന്ന് പരിശുദ്ധാത്മാവിൻെറ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവൻ ഈ ആത്മാവിനെ വർഷിച്ചിരിക്കുന്നു'' (2:32–33). ''നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവൻ വ്യക്തമായി അറിയട്ടെ (2:36). തങ്ങൾ എന്തു ചെയ്യണം എന്നാ

www.malankaralibrary.com



രാഞ്ഞ ജനത്തോട് പത്രോസ് പറഞ്ഞു ''നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുവിൻെറ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിൻെറ ദാനം നിങ്ങൾക്കു ലഭിക്കും' (2:38).

*മുടന്തനെ സൗഖ്യമാക്കിയശേഷം പത്രോസ് ചെയ്ത പ്രസംഗം*

''അബ്രഹാമിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം, തൻെറ ദാസനായ യേശുവിനെ മഹത്വപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ അവനെ ഏല്പിച്ചുകൊടുത്തു.... നിങ്ങൾ അവനെ തള്ളിപ്പറഞ്ഞു....നിങ്ങൾ അവനെ നിരാകരിച്ചു.... ജീവൻെറ നാഥനെ നിങ്ങൾ വധിച്ചു. എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ്. അവൻെറ നാമത്തിലുള്ള വിശ്വാസം മൂലം അവൻെറ നാമമാണ്....ഈ മനുഷ്യനെ സുഖപ്പെടുത്തിയത്'' (3:13–16). ഇതിൻെറ തുടർച്ചയായി യഹൂദ പ്രമാണികളുടെ സംഘത്തിൻെറ മുമ്പാകെ പത്രോസ് ഇപ്രകാരം പ്രസംഗിച്ചു: ''നിങ്ങൾ കുരിശിൽ തറച്ചു കൊല്ലുകയും മരിച്ചവരിൽ നിന്ന് ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസറായനായ യേശുക്രിസ്തുവിൻെറ നാമത്തിലാണ് ഈ മനുഷ്യൻ സുഖം പ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്....ആകാശത്തിൻ കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല.'' (4: 10–12).

മോചിതരായ ശിഷ്യർ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു: ''അവർ ഏകമനസോടെ ഉച്ചത്തിൽ ദൈവത്തോട് അപേക്ഷിച്ചു: നാഥാ, സകലത്തിൻെറയും സ്രഷ്ടാവേ, പരിശുദ്ധാത്മാവു മുഖേന ദാവീദിൻെറ അധരത്തിലൂടെ നീ ഇപ്രകാരം അരുൾചെയ്തിട്ടുണ്ടല്ലോ....അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിനെതിരെ ഹേറോദേസും പീലാത്തോസും....ഈ നഗരത്തിൽ ഒരുമിച്ചുകൂടി....അവിടുത്തെ പരിശുദ്ധ ദാസനായ യേശുവിൻെറ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്ന

www.malankaralibrary.com



തിനായി അവിടുത്തെ കൈകരം നീട്ടണമെ'' (4:24–31). തദവസരം അവർ ഇരുന്ന സ്ഥലം കുലുങ്ങി. അവരെല്ലാം പരിശുദ്ധത്മാവിനാൽ നിറഞ്ഞു. ദൈവവചനം ധൈര്യപൂർവ്വം പ്രസംഗിച്ചു. ''അപ്പസ്തോലന്മാർ കർത്താവായ യേശുവിൻെറ ഉത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നൽകി'' (4:33). പത്രോസ് മററൊരവസരം സംഘപ്രമാണികളുടെ മുൻപാകെ ഇപ്രകാരം സാക്ഷ്യം നൽകി: ''നിങ്ങരം മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിന് അനുതാപവും പാപമോചനവും നൽകാൻ ദൈവം അവനെ നാഥനും രക്ഷകനുമായി തൻെറ വലത്തുഭാഗത്തേക്ക് ഉയർത്തി. ഈ സംഭവങ്ങരംക്ക് ഞങ്ങരം സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്ക് ദൈവം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് ഇതിനു സാക്ഷിയാണ്'' (5: 30–32).

സ്തേഫാനോസിനെപ്പററി നാം ഇപ്രകാരം വായിക്കുന്നു: ''അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, സ്വർഗത്തിലേക്കു നോക്കി ദൈവത്തിൻെറ മഹത്വം ദർശിച്ചു. ദൈവത്തിൻെറ വലത്തുഭാഗത്ത് യേശു നിൽക്കുന്നതും കണ്ടു. അവൻ പറഞ്ഞു: ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻെറ വലത്തുഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു''. ഉടനെ യഹൂദർ അവനെ കല്ലെറിഞ്ഞു: ''അപ്പോരം അവൻ പ്രാർത്ഥിച്ചു: കർത്താവായ യേശുവേ, എൻെറ ആത്മാവിനെ കൈക്കൊള്ളണമെ....കർത്താവേ ഈ പാപം അവരുടെമേൽ ആരോപിക്കരുത്''. ഇതു പറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു'' (7:54–60).

*കൊർണേലിയോസിൻെറ* ഭവനത്തിൽവച്ച് പത്രോസ് പ്രസംഗിച്ചു: ദൈവം സമാധാനത്തിൻെറ സദ്വാർത്ത സകലത്തിൻെറയും കർത്താവായ യേശുക്രിസ്തുവിലൂടെ വിളംബരം ചെയ്തു. ദൈവം അവനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു. ദൈവം

www.malankaralibrary.com



അവനോടുകൂടെ ഉണ്ടായിരുന്നു. യഹൂദന്മാർ ''അവനെ മരത്തിൽ തൂക്കിക്കൊന്നു. എന്നാൽ ദൈവം അവനെ മൂന്നാം ദിവസം ഉയിർപ്പിക്കുകയും പ്രത്യക്ഷനാക്കുകയും ചെയ്തു. എല്ലാവർക്കുമല്ല, സാക്ഷികളായി ദൈവം മുൻകൂട്ടി തെരഞ്ഞെടുത്ത ഞങ്ങൾക്കു മാത്രം. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേററതിനുശേഷം അവനോടുകൂടെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തവരാണ് ഞങ്ങൾ''. എല്ലാവരുടെയും വിധികർത്താവായി അവനെ ദൈവം നിയോഗിച്ചിരിക്കുന്നു. അവനിൽ വിശ്വസിക്കുന്നവർ എല്ലാവരും അവൻെറ നാമത്തിലൂടെ പാപമോചനം നേടും'' (10: 34–43). പൗലോസിൻെറ എല്ലാ പ്രസംഗത്തിലും ഇതു തന്നെ നാം കാണുന്നു: ''ഇസ്രായേലിനു രക്ഷകനായി യേശുവിനെ ദൈവം ഉയർത്തിയിരിക്കുന്നു:...നമ്മുടെ അടുത്തേക്കു രക്ഷയുടെ വചനം അയയ്ക്കപ്പെട്ടിരിക്കുന്നു''. യഹൂദർ അവനെ ശിക്ഷയ്ക്കു വിധിച്ചു. അവനെ വധിക്കാൻ അവർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. ''അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയായപ്പോൾ അവർ അവനെ കുരിശിൽ നിന്നു താഴെയിറക്കി കല്ലറയിൽ സംസ്ക്കരിച്ചു. എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചു....പിതാക്കന്മാർക്കു നൽകിയിരുന്ന വാഗ്ദാനം യേശുവിനെ ഉയിർപ്പിച്ചുകൊണ്ട് ദൈവം മക്കളായ നമുക്ക് നിറവേററിത്തന്നിരിക്കുന്നു.... നിങ്ങൾക്ക് പാപമോചനം പ്രഘോഷിക്കപ്പെട്ടിരിക്കുന്നത് ഇവൻ വഴിയത്രേ'' (13:29–41).

ശ്ലീഹന്മാർ രോഗശാന്തി നൽകിയത് യേശുക്രിസ്തുവിൻെറ നാമത്തിലാണ് (16:18). ''കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിൻെറ കുടുംബവും രക്ഷ പ്രാപിക്കും'' എന്നത് നിരന്തരപ്രബോധനമായി മാറി(16:31). കർത്താവിൻെറ മരണവും ഉയിർപ്പും തുടരെത്തുടരെ ശ്ലീഹന്മാർ പ്രസംഗവിഷയമാക്കി (17:3;31). അവർ സ്നാനം നൽകിയിരുന്നതും ഈ യേശുവിൻെറ നാമത്തിൽ ആയിരുന്നു (19:5).

www.malankaralibrary.com



ഈ പ്രസംഗങ്ങളിലൂടനീളം ത്രിത്വരഹസ്യം വ്യക്തമാകുന്നുണ്ട്. പിതാവ് ചെയ്തവയും പുത്രൻ ചെയ്തവയും പരിശുദ്ധാത്മാവ് ചെയ്തവയും അവർ വ്യക്തമാക്കി. പിതാവിന്റെ പദ്ധതിയനുസരിച്ചാണ് പുത്രന്റെ രക്ഷാകരകർമ്മം നടന്നത്. ദൈവതിരുമനസ്സ് നിവർത്തിക്കാൻ പുത്രൻ ഇറങ്ങിവന്നു. യേശുവിലൂടെ പ്രവർത്തിച്ചത് പിതാവാണ്. യേശുവിന്റെ പ്രവൃത്തികൾ ദൈവികകർമ്മങ്ങളായിരുന്നു. പിതാവ് യേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ച് മഹത്വത്തിൽ ഉപവിഷ്ടനാക്കി. പിതാവിന്റെ വാഗ്ദാനം ആണ് പരിശുദ്ധാത്മാവ്. ഇപ്പോഴിതാ, യേശുവിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധത്മാവ് ലഭിക്കുന്നു. അവർ പാപമോചനം പ്രാപിക്കുന്നു.

യഹൂദർ ദൈവം [യാഹ്വെ] എന്നു വിളിച്ച ആളാണ് യേശുവിനെ ഉയിർപ്പിച്ചത്. അവർ ദൈവത്തിനുകൊടുത്ത പേരുകളൊക്കെ ശിഷ്യന്മാർ യേശുവിനു നൽകി. മനുഷ്യനായി കാണപ്പെട്ട യേശു അവർക്ക് കർത്താവും ദൈവവുമായി. പിതാവിനോടു പ്രാർത്ഥിച്ചവൻ പ്രാർത്ഥന കേൾക്കുന്നവനായി. യേശു പിതാവിന്റെ നാമത്തിൽ ആണ് പ്രവർത്തിച്ചത്. ഉത്ഥാനം ചെയ്ത യേശുവിന്റെ നാമത്തിലായി ശിഷ്യരുടെ രോഗശാന്തികളും അടയാളങ്ങളും സ്നാനവും. അവരുടെ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു യേശുവായി മാറി. യേശു ദൈവത്തെപ്പററി ശരിയായി പഠിപ്പിച്ചു. ഇസ്രായേലിന്റെ പ്രതീക്ഷയായ മിശിഹായാണ് ഇവൻ എന്ന് ശ്ലീഹന്മാർ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. ഏകദൈവവിശ്വാസികളായ യഹൂദ ശ്രോതാക്കളെ ദൈവത്വത്തിലെ ഈ ബഹുത്വത്തിലേക്ക് ശ്ലീഹന്മാർ കൊണ്ടുവന്നു. ഏകദൈവം പിതാവും [ദൈവവും] പുത്രനും [കർത്താവും ക്രിസ്തുവും] പരിശുദ്ധാത്മാവുമാണ് എന്ന പരമസത്യം അവരുടെ പ്രസംഗത്തിലുടനീളം അവർ പഠിപ്പിച്ചു. ഈ സത്യം സ്വീകരിക്കാൻ യഹൂദരെ ശക്തരാക്കിയത് അവരുടെ ഇടയിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവാണ്. ശ്ലീഹന്മാ

www.malankaralibrary.com



രുടെ വചനങ്ങളെ അടയാളങ്ങളും അത്ഭുതങ്ങളും വഴി സ്ഥിരീകരിച്ചതും അവരെ ശക്തരാക്കിയതും ശ്രോതാക്കളെ യേശുവിലേക്ക് നയിച്ചതും സജീവനായ പരിശുദ്ധാത്മാവാണ്.

## 3. പൗലോസിന്റെ ലേഖനങ്ങളിൽ

ശ്ലീഹന്മാർ യേശുക്രിസ്തുവിന്റെ വെളിപാട് വഴി ത്രിത്വരഹസ്യം ഗ്രഹിച്ചു. അവർ ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി മനസ്സിലാക്കി, അംഗീകരിച്ചു. അത് അവർ ജനതകളെ പഠിപ്പിച്ചു. യഹൂദരിൽ നിന്നും യഹൂദർ അല്ലാത്തവരിൽനിന്നും മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിച്ചവർക്കെല്ലാം ദൈവം ആയിരിക്കുന്ന അവസ്ഥയിൽ അവിടുത്തെ അംഗീകരിക്കാനും ആരാധിക്കാനുമുള്ള കഴിവ് പരിശുദ്ധാത്മാവ് നൽകി.

''പിതാവായ ദൈവം,'' ''കർത്താവായ യേശുക്രിസ്തു'' ''പരിശുദ്ധാത്മാവ്'' എന്നിങ്ങനെ ത്രിത്വത്തിലെ മൂന്നാളുകളെപ്പററി പൗലോസ് ശ്ലീഹാ സ്പഷ്ടമായി പഠിപ്പിച്ചു. പൗലോസിന്റെ പ്രസംഗങ്ങളുടെയും ലേഖനങ്ങളുടെയും കേന്ദ്രബിന്ദു യേശുവിന്റെ മരണവും ഉത്ഥാനവുമായിരുന്നു [1 കൊറി. 2:2]. പൗലോസിന്റെ ലേഖനങ്ങൾ തുടങ്ങുന്നത് ''നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും കൃപയും സമാധാനവും'' ആശംസിച്ചുകൊണ്ടാണ്.1 ലേഖനങ്ങൾ മിക്കവയും അവസാനിപ്പിക്കുന്നത് ''കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ'' എന്ന ആശംസയോടുകൂടിയുമാണ് [1 കൊറി. 16:23; ഗലാ. 6:18; ഫിലി. 4:23; 1 തെസ. 5:28; 2 തെസ. 3;18]. പിതാവായ ദൈവത്തെയും കർത്താവായ യേശുക്രിസ്തുവിനെയും ലേഖനങ്ങളുടെ അവസാനത്തിൽ അനുസ്മരിക്കുന്ന രീതിയും

1. cfr. എഫേ. 1:2; ഗലാ. 1:3; 1 കൊറി. 1:3; 2 കൊറി. 1:2; 1 തെസ്സ. 1:1; 2 തെസ്സ. 1:2: 1 തിമോ. 1:2; 2 തിമോ. 1:2; തീത്തോ. 1;3: റോമ: 1:7.

www.malankaralibrary.com



കാണാം. [എഫേ. 6:23]. ''സർവ്വജ്ഞനായ ആ ഏകദൈവത്തിന് യേശുക്രിസ്തുവഴി എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ'' [റോമ. 16:27]. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അനുസ്മരിക്കുന്നത് ഒരിടത്തു കാണാം: ''കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ'' എന്ന് കൊരിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ [13:14] നാം കാണുന്നു.

## I. യേശു ആര് ?

യേശുവാണ് ക്രിസ്തു [മിശിഹാ] എന്ന് പൗലോസ് ശ്ലീഹാ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. അതായത്, യഹൂദർ പ്രതീക്ഷിച്ചിരുന്ന വ്യക്തി യേശു തന്നെയാണ്. ഡമാസ്ക്കസിലേക്ക് പോകുന്ന വഴിയിൽവച്ച് പൗലോസ് യേശുവിനെ കണ്ടു. ''ഞാൻ, നീ പീഡിപ്പിക്കുന്ന യേശുവാകുന്നു'' [നടപടി. 9;5] എന്ന സ്വരം തന്റെ കുതിരപ്പുറത്തു നിന്നുള്ള വീഴ്ചക്കിടയിൽ അവൻ കേട്ടു. ''ക്രൂശിതനായ യേശുവിനെ'' പ്രസംഗിക്കാൻ അവൻ വിളിക്കപ്പെട്ടു [1 കൊറി. 2:2]. യേശുക്രിസ്തുവിനെ മഹത്വത്തിന്റെ കർത്താവായും [1 കൊറി. 2:8; കൊളോ. 4:5] അവസാനത്തെ ആത്മാവായും, ജീവദാതാവായ ആത്മാവായും [1 കൊറി. 15:45], അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമായും [കൊളോ. 1:15; 2കൊറി. 4:4] എല്ലാ സൃഷ്ടികരംക്കും മുമ്പുള്ള ആദ്യജാതനായും [കൊളോ. 1:15] പൗലോസ് കാണുന്നു. ദൈവത്വത്തിന്റെ പൂർണത മുഴുവൻ അവനിൽ മൂർത്തീഭവിച്ചിരിക്കുന്നു. അവൻ എല്ലാ ആധിപത്യങ്ങളുടെയും അധികാരങ്ങളുടെയും ശിരസ്സാണ് [കൊളോ. 2:9—10]. അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നു. [ഫിലി. 2:6]. അതായത് യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ പുത്രനാണ്. ''എല്ലാ സൃഷ്ടികരംക്കും മുമ്പുള്ള ആദ്യജാതൻ'' എന്നാൽ സൃഷ്ടിക്കും സമയത്തിനും കാലത്തിനും അതീതൻ എന്നർത്ഥം. അതായത് നിത്യ

www.malankaralibrary.com



നായ പിതാവിനോടുകൂടെ നിത്യതയിലെ അവിടുന്ന് പുത്രനായിരുന്നു എന്നു സാരം. ''ദൈവത്തിന്റെ രൂപം'' ''ദൈവത്തിന്റെ പ്രതിരൂപം'' എന്നത് പിതാവിനോട് സത്തയിലുള്ള സമാനത സ്പഷ്ടമാക്കുന്നു.

ദൈവത്തിന്റെ പുത്രൻ കാലത്തിന്റെ പൂർത്തീകരണത്തിൽ ദാവീദിന്റെ വംശത്തിൽ നിന്ന് ഒരു സ്ത്രീയിൽ നിന്നു ജാതനായി [ഗലാ. 4:4; റോമ. 1:4]. അവൻ നിയമത്തിന് അധീനനായി ജനിച്ചു [ഗലാ. 4:4]. ദൈവപുത്രൻ മനുഷ്യരൂപം സ്വീകരിച്ച് മനുഷ്യനായി പിറന്നു. അവൻ ''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. അവൻ സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു, മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു'' [ഫിലി. 2:6–7].

അവൻ ദൈവത്വത്തിന്റെ രഹസ്യങ്ങൾ നമുക്കു മനസ്സിലാക്കിത്തന്നു. ദൈവം നമ്മുടെ പിതാവാണ് എന്ന് മനുഷ്യർക്ക് വെളിപ്പെടുത്തിക്കൊടുത്തു.

നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ തന്റെ ജീവനെ കുരിശിൽ ഒരു യാഗമായി സമർപ്പിച്ചു. കുരിശിലെ മരണം വഴി അവൻ നമുക്കുവേണ്ടി ശാപമായിത്തീർന്നു [ഗലാ. 3:13]. അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും, തന്റെ മരണം വഴി സ്വന്തം ഭൗതിക ശരീരത്തിൽ മനുഷ്യരെ അനുരഞ്ജിപ്പിക്കുകയും ചെയ്തു [കൊളോ. 1–22]. എല്ലാവർക്കുംവേണ്ടി ഒരു മോചനമൂല്യമായി അവൻ സ്വയം സമർപ്പിച്ചു [1 തിമോ. 2:5–6]. ക്രിസ്തു നമുക്കുവേണ്ടി മരിച്ചു [റോമ. 5:8]. അവന്റെ നീതിപൂർവകമായ പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതീകരണത്തിന് ഹേതുവായി [റോമ. 5:18]. നമ്മുടെ പാപമോചനത്തിനായി അവൻ മരണത്തിന് ഏല്പിക്കപ്പെട്ടു. നമ്മുടെ നീതീകരണത്തിനായി അവൻ ഉയിർപ്പി

www.malankaralibrary.com



ക്കപ്പെടുകയും ചെയ്തു (റോമ. 4:24—25). ദൈവം അവനെ മരിച്ചവരിൽ നിന്നുയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം അവനു കൊടുത്തു (ഫിലി. 2:9). അവൻ എല്ലാററിൻെറയും ആരംഭവും മരിച്ചവരിൽനിന്നുള്ള ആദ്യ ജാതനുമാണ്. എല്ലാ കാര്യങ്ങളിലും അവൻ ഒന്നാമനായി. അവനിൽ സർവ സമ്പൂർണ്ണതയും നിവസിക്കണമെന്നു ദൈവം തിരുമനസ്സായി (കൊളോ. 1:15—20). അവനിലൂടെ നാം ദൈവത്തിൻെറ ദത്തുപുത്രന്മാരായിത്തീർന്നു (ഗലാ. 4:4—5). അവനേപ്പോലെ നാമും ഉയിർപ്പിക്കപ്പെടുന്നതിനാൽ അവൻ നമ്മിൽ ഒന്നാമനായി. ഈ കാരണങ്ങളാൽ അവനെ ആദ്യജാതൻ എന്നു വിളിക്കുന്നു. അനേക സഹോദരങ്ങൾ ഉള്ളവനാണല്ലോ ആദ്യജാതൻ. ഏകജാതനായ ദൈവപുത്രൻ തൻെറ മനുഷ്യാവതാരം വഴി അനേകം സഹോദരന്മാരിൽ ഒന്നാമനായ ആദ്യജാതനായിത്തീർന്നു. ''അവൻ അനേക സഹോദരന്മാരിൽ ആദ്യജാതനാണ്'' (റോമ. 8:29) എന്ന് പൗലോസ് പറയുന്നു.

ജഡപ്രകാരം ദാവീദിൻെറ സന്തതിയിൽ നിന്നു ജനിച്ചവനാണ് യേശുക്രിസ്തു. എങ്കിലും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വഴി ശക്തിയിൽ ദൈവപുത്രനായി അവൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നു (റോമ. 1:4). അവൻ മരിച്ചതിനുശേഷം പിതാവിൻെറ മഹത്വത്തിൽ ഉയിർത്തെഴുന്നേററിരിക്കുന്നു (റോമ. 6:4).

യേശുക്രിസ്തു എന്ന ദൈവപുത്രൻ നമ്മുടെ രക്ഷകനാണ് (തീത്തോ. 1:4); അവൻ നമ്മുടെ രക്ഷയുടെ നാഥനാണ് (എബ്രാ.2:10). ''അവൻ പരിപൂർണനാക്കപ്പെട്ടതുവഴി തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി'' (എബ്രാ. 5:9). അവൻ സഭയാകുന്ന ശരീരത്തിൻെറ ശിരസ്സാണ്. എല്ലാം അവൻവഴി സൃഷ്ടിക്കപ്പെടുകയും എല്ലാം അവൻവഴി രക്ഷിക്കപ്പെടുകയും ചെയ്തു. ''സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ ദൃശ്യാദൃശ്യ വസ്തുക്കളും അവനിൽ സൃഷ്ടിക്കപ്പെട്ടു....സ്വർഗത്തിലും ഭൂമി

www.malankaralibrary.com



യിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിച്ചു'' [കൊളോ. 1:15–20].

അവൻ നമ്മുടെ ജീവനാണ് [കൊളോ. 3:4]. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മധ്യസ്ഥനമാണ് [1 തിമോ. 2:5–6]. അവൻ ശ്രേഷ്ഠ പുരോഹിതനാണ് [എബ്രാ. 3:1]. അവൻ സ്വർഗത്തിലേക്കു കടന്നുപോയി, മഹിമയുടെ സിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നു [എബ്രാ. 4:14; 8:1]. തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു [എബ്രാ. 10:20]. പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ ഈ മഹാപുരോഹിതൻ സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടിരിക്കുന്നു [എബ്രാ. 12:23, 7:26].

ഈ രക്ഷകൻ വീണ്ടും വരുമെന്ന് നാം വിശ്വസിക്കുന്നു. ഈ നാഥനെ നാം നോക്കിപ്പാർത്തുകൊണ്ടിരിക്കുകയാണ്. ''വീണ്ടും വരാനിരിക്കുന്ന രക്ഷകനെ സ്വർഗത്തിൽ നിന്നു നാം കാത്തിരിക്കുന്നു'' [ഫിലി.3:20–21]. അവനാണ് ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്നവൻ [2 തിമോ. 4 : 13; 1 തെസ്സ. 2: 19; 3: 13; 4: 15–17].

അവൻ വരുമ്പോൾ അവനിൽ നിദ്രപ്രാപിച്ചവർ അനശ്വരരായി ഉത്ഥാനം ചെയ്യും: ''ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും'' [1 കൊറി. 15: 22]. ആദത്തിലൂടെ കടന്നുവന്ന പാപത്തെയും മരണത്തെയും മനുഷ്യനായിത്തീർന്ന ദൈവപുത്രൻ നീക്കിക്കളഞ്ഞു [റോമ. 5: 12--21]. യേശുക്രിസ്തുവഴിയാണ് നാം ദൈവസ്നേഹം എന്താണെന്നു മനസിലാക്കിയത്. യേശുക്രിസ്തുവാണ് നമ്മെ പിതാവുമായി രമ്യപ്പെടുത്തിയത്. നമ്മെ അവൻ ദൈവമക്കളാക്കിത്തീർത്തു. മനുഷ്യർ തമ്മിലുള്ള ഐക്യവും യേശുക്രിസ്തുവിലാണ് നടക്കുന്നത് [എഫേ. 2; 14–16].

www.malankaralibrary.com



ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്; അതുകൊണ്ട് ''ദൈവത്തോട് രമ്യപ്പെടുവിൻ'', ''യേശുക്രിസ്തുവിനെ ധരിക്കുവിൻ'', ''പഴയ മനുഷ്യനെ ഉരിഞ്ഞുകളയുവിൻ'' എന്നെല്ലാം പൗലോസ് ഉദ്ബോധിപ്പിക്കുന്നു (2 കൊറി. 5: 17—20 എഫേ. 4:24), ''കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാററിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുവാൻ'' പിതാവ് ആഗ്രഹിക്കുന്നു (എഫേ. 1: 10).

## 2. പിതാവാര്?

യേശുക്രിസ്തു വെളിപ്പെടുത്തിത്തന്ന പിതാവായ ദൈവത്തെപ്പററിയും പൗലോസ്ശ്ലീഹാ വ്യക്തമായി ഗ്രഹിച്ചിരുന്നു; വളരെ വ്യക്തമായിതന്നെ തന്റെ സഭകളെ പഠിപ്പിച്ചിരുന്നു. പിതാവാണ് തന്റെ പുത്രനെ അയച്ചത്. പിതൃഹിതപ്രകാരമാണ് പുത്രൻ ധരയിലെത്തി മനുഷ്യനായത്. തന്റെ ഇഷ്ടം പ്രവർത്തിച്ച പുത്രനെ മരണത്തിൽനിന്ന് പിതാവ് ഉയിർപ്പിച്ച് സ്വർഗീയോന്നതങ്ങളിലേക്കുയർത്തി ഏററം ശ്രേഷ്ഠമായ നാമം നൽകി ബഹുമാനിച്ചു. എല്ലാ സൃഷ്ടികളുടെയും കർത്താവും നാഥനുമാക്കി (റോമ. 7: 25; ഗലാ. 1: 4; റോമ. 10: 9; ഫിലി. 2:9—10). യേശുക്രിസ്തുവഴി ദൈവം നമ്മോടു ക്ഷമിക്കയും നമ്മുടെ പാപം നീക്കി നമ്മെ തന്നോട് രമ്യപ്പെടുത്തുകയും ചെയ്തു (എഫേ. 4: 32; 2 കൊറി. 5 :18).

ദൈവത്തെ ''പിതാവ്''എന്നാണ് പൗലോസ് വിളിക്കുന്നത്. ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവനെ'' മഹത്വപ്പെടുത്താൻ ഇടയാകട്ടെ എന്നു റോമാലേഖനത്തിൽ പൗലോസ് പറയുന്നു (15:6). ഇതേ ആശയം മററിടങ്ങളിലും കാണാം (2 കൊറി. 1:3; എഫേ. 1: 3). ദൈവം, പിതാവായ ദൈവം എന്നൊക്കെ പൗലോസ് ഉപയോഗിക്കുന്നു. പിതാവ് യേശുക്രിസ്തുവിലൂടെ എല്ലാം സൃഷ്ടിച്ചു (എഫേ. 2: 10). പിതാവായ ദൈവമാണ് എല്ലാ പിതൃത്വങ്ങൾക്കും അടിസ്ഥാനവും കാരണവും. അവിടുന്ന് യേശുക്രിസ്തുവിൽ

www.malankaralibrary.com



നമ്മെ തെരഞ്ഞെടുത്തു. നമുക്കുവേണ്ടി സ്വപുത്രനെ ത്തന്നെ അയച്ചുതന്നു(എഫേ. 3: 15; 1: 4; റോമ. 8: 32; 5: 8 2 കൊറി. 5: 21). യേശുക്രിസ്തുവിലൂടെ ദൈവം തൻെറ പരിശുദ്ധാത്മാവിനെ നമ്മിലേക്ക് ചൊരിഞ്ഞിരിക്കുന്നു. ദൈവത്തെ ആബാ (പിതാവേ) എന്നു വിളിക്കാൻ നമ്മെ യോഗ്യരാക്കി. തൻെറ പുത്രനിലൂടെ ദൈവം നമ്മെ മക്കളും അവകാശികളുമാക്കി. നാം യേശുക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളായിത്തീർന്നിരിക്കുന്നു (തീമോ. 3. 6; റോമ. 8: 15; 1 കൊറി 8: 16). നമ്മുടെ എല്ലാ കൃതജ്ഞതകളും സ്തുതിപ്പുകളും യേശുക്രിസ്തുവഴി പിതാവിനു സമർപ്പിക്കാൻ പൗലോസ് ആഹ്വാനം ചെയ്യുന്നു: "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട് അവൻെറ നാമത്തിൽ ചെയ്യുവിൻ" (കൊളോ. 3: 17). എല്ലാം ദൈവമഹത്വത്തിന് ആയിരിക്കട്ടെ. 'യേശു കർത്താവാണ്' എന്ന് ഏററുപറയുന്നതും അതിനായിരിക്കട്ടെ (ഫിലി. 2: 11).

### 3. പരിശുദ്ധാത്മാവ്

പിതാവിനെയും പുത്രനെയും രണ്ടു വ്യത്യസ്ത വ്യക്തികളായിട്ടാണ് പൗലോസ് ശ്ലീഹാ കാണുന്നത്. ഏകദൈവവിശ്വാസികളായ യഹൂദരിൽനിന്നുള്ള ഈ യഹൂദ മതപണ്ഡിതൻ പിതാവിനെയും പുത്രനെയും പററിയുള്ള ആഴമായ അറിവിലേക്ക വന്നത് വെളിപാടുവഴിയാണ്. ഈ വെളിപാടുതന്നെയാണ് പരിശുദ്ധാത്മാവ് എന്ന ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെപ്പററിയുള്ള അറിവ് അദ്ദേഹത്തിനു പകർന്നുകൊടുത്തത്. വെറും ഒരു ദൈവിക ശക്തിയായിട്ടല്ല, പിന്നെയോ പിതാവിനെപ്പോലെയും പുത്രനെപ്പോലെയും ഒരു ദൈവികവ്യക്തിയായിട്ടാണ് പൗലോസിൻെറ ലേഖനങ്ങൾ പരിശുദ്ധാത്മാവിനെ ചിത്രീകരിക്കുന്നത്. കൊറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിലാണ് സ്പഷ്ടമായി ദൈവാത്മാവിൻെറ ദാനങ്ങളെപ്പററിയും വരങ്ങളെപ്പററിയും പൗലോസ് ചർച്ചചെയ്യു

www.malankaralibrary.com



ന്നത് (12–14). ''യേശു കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല (12:3). ഒരേ ആത്മാവ് സഭയുടെ വളർച്ചയ്ക്കും അഭ്യുന്നതിക്കും വേണ്ടി ഓരോരുത്തനും വ്യത്യസ്തങ്ങളായ വരങ്ങൾ നല്കുന്നു (12:11). ''നാമെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകാൻ മാമോദീസാ സ്വീകരിച്ചു'' (12:13).

''ദൈവം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചത്'' എന്ന് തീത്തോസിനുള്ള ലേഖനത്തിൽ (3:6) പൗലോസ് പ്രഖ്യാപിക്കുന്നു. ദൈവാത്മാവു വഴി നാം വിശുദ്ധീകരിക്കപ്പെടുന്നു. ദൈവത്തെ ആബാ, പിതാവേ, എന്നു വിളിക്കാൻ നാം യോഗ്യരായിത്തീരുന്നു. നാം ദൈവമക്കളായി മുദ്രകുത്തപ്പെടുന്നു. നാം പരിശുദ്ധാത്മാവിൻെറ ആലയമാണ് (റോമ. 8: 16; 1 കൊറി. 6: 19; എഫേ. 1: 13; 4: 30; തീത്തോ. 3:5).

ഈ രീതിയിൽ നോക്കിയാൽ, ലേഖനങ്ങളിലുടനീളം പരിശുദ്ധാത്മാവിനെപ്പററിയുള്ള പ്രതിപാദനം കാണാം. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏക ദൈവത്തിലെ മൂന്നാളുകൾ ആയി പൗലോസ് ശ്ലീഹാ മനസ്സിലാക്കിയിരുന്നു എന്ന് ലേഖനങ്ങളിൽ നിന്ന് കാണിക്കാനാണ് ഇത്രയും ചർച്ച നടത്തിയത്.

### 4. സത്യാരാധന–ത്രിത്വാരാധന

കിണററിൻകരയിൽവച്ച് ശമറിയാക്കാരി സ്ത്രീ യേശുവിൻെറ വാക്കുകേട്ട് ഉദ്ഘോഷിച്ചു: ''പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാക്കുന്നു. തദവസരം സത്യാരാധനയെപ്പററി യേശു അവളെ പറഞ്ഞു മനസ്സിലാക്കി. അവൾക്കുവേണ്ടി മാത്രമല്ല,എല്ലാ തലമുറകൾക്കും വേണ്ടിയായിരുന്നിത്: ''സ്ത്രീയേ, എന്നെ വിശ്വസിക്കുക....യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല,

www.malankaralibrary.com



അതു് ഇപ്പോഠം തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണു് ആരാധിക്കേണ്ടതു്.'' അപ്പോഠം ആ സ്ത്രീ പറഞ്ഞു: മിശിഹാ വരുമെന്നു് എനിക്കറിയാം. അവൻ വരുമ്പോഠം എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും. യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണു് അവൻ'' (യോഹ.4:21–26).

യോഹന്നാന്റെ സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ''ആത്മാവിലുള്ള ആരാധന''യുടെ അർത്ഥം പരിശുദ്ധാത്മാവിലുള്ള ആരാധന എന്നാണ്. ''സത്യത്തിൽ'' എന്നാൽ യേശുവിൽ. ''ഞാൻ വഴിയും സത്യവും ജീവനും ആകുന്നു'' എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ. പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനെ ആരാധിക്കണം എന്ന് ചുരുക്കം. അതായതു്, ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മവുമായി ആരാധിക്കണം. ത്രിത്വാരാധനയാണ് സത്യാരാധന എന്ന സത്യം യേശു അവളെ പഠിപ്പിക്കുകയാണ്. സത്യപ്രബോധനം മാത്രമല്ല, സത്യാരാധനയും അവിടുന്നു നമ്മെ പഠിപ്പിച്ചു. അതു ഗ്രഹിച്ച ശ്ലീഹന്മാരാണ് ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്നുച്ചരിക്കാൻ നമ്മെ പഠിപ്പിച്ചതു്.

ലാസറിന്റെ സഹോദരിയായ മാർത്ത യേശുവിനെപ്പററി ഇപ്രകാരം പ്രഖ്യാപിച്ചു: ''കർത്താവേ, നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു'' (യോഹ.11:27).

ഉത്ഥാനം ചെയ്ത യേശുവിനെ കണ്ട തോമാശ്ലീഹാ വിളിച്ചുപറഞ്ഞു: ''എന്റെ കർത്താവും എന്റെ ദൈവവുമേ'' (യോഹ..20:28).

യോഹന്നാന്റെ സുവിശേഷം 20–ാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് ഒരു വാചകമുണ്ട്: ''ഇവ എഴു

www.malankaralibrary.com


തപ്പെട്ടിരിക്കുന്നത് യേശു ദൈവ പുത്രനായ ക്രിസ്തു വാണെന്ന് നിങ്ങറം വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങറംക്ക് അവൻെറ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനുംവേണ്ടിയാണ്'' (20: 31). യേശു ദൈവപുത്രനാണ് എന്ന ആഴമായ അവബോധം ഉത്ഥാന സംഭവവും പെന്തിക്കൊസ്തി സംഭവവും ശ്ലീഹർക്കു പ്രദാനം ചെയ്തു. അതുകൊണ്ടാണ് യോഹന്നാൻ ശ്ലീഹാ എഴുതിയത്: ''ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. എല്ലാം അവനിലൂടെ ഉണ്ടായി. ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല....അവൻ സ്വജനത്തിൻെറ അടുക്കലേക്കു വന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം, തൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകുവാൻ അവൻ കഴിവു നൽകി....വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവൻെറ മഹത്വം നാം ദർശിച്ചു—കൃപയും സത്യവും നിറഞ്ഞതും പിതാവിൻെറ ഏകജാതൻേറതുമായ മഹത്വം'' (യോഹ.1:1-18).

ഇതുതന്നെയാണ് തൻെറ ഒന്നാം ലേഖനത്തിൻെറ ആരംഭത്തിലും യോഹന്നാൻ എഴുതിയിരിക്കുന്നത്: ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങറം കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവൻെറ വചനത്തെപ്പററി ഞങ്ങറം അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു. ഞങ്ങറം അതു കണ്ടു. അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങറംക്ക് വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങറം നിങ്ങളോടും പ്രഘോഷിക്കുന്നു. ഞങ്ങറം കാണുകയും കേറംക്കുകയും ചെയ്തത് ഞങ്ങറം നിങ്ങളെയും അറിയിക്കുന്നു'' (1 യോഹ. 1:1—3).

പിതാവിനെപ്പററിയും പുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും പുതിയ നിയമം നൽകുന്ന

www.malankaralibrary.com



ചിത്രമാണ് നാം മുകളിൽ കണ്ടത്. യേശു, താൻ ദൈവ പുത്രനാണെന്ന് വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും തെളിയിച്ചു. യേശുവിനെ വിശ്വസിച്ചവർ അതംഗീകരിച്ചു. തന്റെ പിതാവിനെപ്പററി സ്പഷ്ടമായി അവിടുന്നു പഠിപ്പിച്ചു. ആ പിതാവിന്റെസത്ത സ്നേഹമാണെന്ന് ചൂണ്ടിക്കാട്ടി, തന്റെ പരിശുദ്ധാത്മാവിനെപ്പററിയും പഠിപ്പിച്ചു. സത്യാരാധനയിലേക്ക് തന്നിൽ വിശ്വസിക്കുന്നവരെ അവിടുന്നാനയിച്ചു. സത്യാരാധന പിതാവിനെ തന്റെ ഏകജാതനിലൂടെ പരിശുദ്ധാത്മാവിൽ ആരാധിക്കുന്നതാണ്. അതായത് ഏകദൈവത്തെ ത്രിത്വമായി ഏററുപറഞ്ഞാരാധിക്കുന്ന ആരാധന. അതാണ് "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി" എന്നു നാം ചൊല്ലുന്നതിന്റെ അർത്ഥം. അതാണ് "നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും അർപ്പിക്കും" എന്ന് കുർബാനയിൽ ഉടനീളം നാം സ്തുതിക്കുന്നത്. 2

2.- മൈക്കിൾ കാരിമററം, വിശ്വാസത്തിന്റെ വേരുകൾ, തലശ്ശേരി, 1990, പേ. 70–100 കാണുക.

www.malankaralibrary.com

## അധ്യായം 3

# ത്രിത്വവിശദീകരണം

നമ്മുടെ വിശ്വാസം ശ്ലീഹന്മാരുടെ പ്രബോധനം തന്നെയാണെന്ന് കഴിഞ്ഞ അധ്യായത്തിലെ അപഗ്രഥനത്തിൽ നിന്നു് വ്യക്തമാകും. പുതിയനിയമ ഗ്രന്ഥകാരന്മാർ വരച്ചു കാട്ടുന്ന ദൈവചിത്രമാണ് നാം അംഗീകരിക്കുന്നതു്. പുതിയനിയമത്തിൻെറ വെളിച്ചത്തിലാണ് ആരാധനക്രമങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുള്ളതു്. സ്നേഹപിതാവായ ദൈവത്തെ നമ്മുടെ കർത്താവായ യേശുമിശിഹാ ചൂണ്ടിക്കാണിച്ചു തന്നു. ദൈവത്വത്തിൻെറ അവാച്യമായ രഹസ്യങ്ങളിലേക്ക പ്രവേശിക്കാൻ നമ്മെ അനുവദിച്ചു. അവിടുത്തെ വെളിപാട വഴിയാണ് സ്വർഗീയസൈന്യങ്ങൾപോലും ഈ പരമയാഥാർത്ഥ്യം ഗ്രഹിക്കാൻ ഇടയായതു് (എഫേ.3:10). അവിടുന്നു് പരിശുദ്ധാത്മാവെന്ന മൂന്നാമത്തെ ആളിനെയും നമുക്ക വെളിപ്പെടുത്തിത്തന്നു. പെന്തിക്കൊസ്തിദിവസം ശ്ലീഹന്മാരുടെമേൽ ഈ പരമാത്മാവിനെ അവിടുന്ന് ചൊരിഞ്ഞു. തന്നിൽ വിശ്വസിക്കുന്ന എല്ലാവരിലും ഈ ആത്മാവിനെ വർഷിച്ചുകൊണ്ടു് അവിടുന്നു നമ്മെ ദൈവത്തിൻെറ ആലയങ്ങളാക്കിത്തീർത്തു.

### 1. ആരാണ് ക്രിസ്ത്യാനികൾ ?

പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവർ ആണ് ക്രിസ്ത്യാനികൾ. അവർ മാത്രമാണ് ക്രിസ്ത്യാനികൾ. അവർക്കാണ് നിത്യജീവൻ ഉള്ളത്. ''ഏകസത്യദൈവമായ നിന്നേയും നീ അയച്ച യേശുമിശിഹായേയും അറിയുക എന്നതാണ് നിത്യജീവൻ'' (യോഹ. 17:3). ക്രിസ്തീയ സഭയുടെ അടിസ്ഥാന വിശ്വാസമാണിത്. ഈ വിശ്വാസമാണ് ക്രിസ്തുമതത്തെ മററുമതങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്നത്:

www.malankaralibrary.com



*യഹൂദമതം* ഏകദൈവവിശ്വാസം പുലർത്തുന്നു. എന്നാൽ അവതരിച്ച വചനമായ ദൈവത്തെ, പ്രതീക്ഷിച്ചിരുന്ന രക്ഷകനായും കർത്താവായും അവർ അംഗീകരിക്കുന്നില്ല. ''അവർ ഇടർച്ചയുടെ പാറമേൽ തട്ടിവീണു'' (റോമ. 9:33). അത് ദൈവികപദ്ധതിയുടെ ഭാഗമായി പൗലോസ്ശ്ളീഹാ കാണുന്നു: ''ഇസ്രായേലിൽ കുറെപ്പേർക്ക മാത്രമേ ഹൃദയകാഠിന്യം ഉണ്ടായിട്ടുള്ളു. അതും വിജാതീയർ പൂർണമായി സ്വീകരിക്കപ്പെടുന്നതുവരെ മാത്രം. അതിനുശേഷം ഇസ്രായേൽ മുഴുവൻ രക്ഷപ്രാപിക്കും'' (റോമ.11:25–26). ''യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏററുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്യുമ്പോഠ'' അവർ രക്ഷപ്രാപിക്കും (റോമ.10:9).

*ഇസ്ലാംമതവും* ഏകദൈവത്തിൽ വിശ്വസിക്കുന്നു. അവർ ദൈവത്തിൻെറ ഏകജാതനിലും അവൻെറ കുരിശിൻെറ ഭോഷത്തത്തിലും അവൻെറ രക്തംവഴിയുള്ള വീണ്ടെടുപ്പിലും വിശ്വസിക്കുന്നില്ല. ഒരു പ്രവാചകനായി മാത്രം അവർ യേശുവിനെ കണക്കാക്കുന്നു. ദൈവത്വത്തെപ്പററിയുള്ള പുത്രൻതമ്പുരാൻെറ വെളിപാട് അവർ അംഗീകരിക്കുന്നില്ല. അറേബ്യയിലുണ്ടായിരുന്ന ഒരു കൂട്ടം ക്രൈസ്തവരുടെ സ്വാധീനമാണ് യേശുവിനെ പ്രവാചകനായി മാത്രം കണക്കാക്കാൻ മുഹമ്മദിനെ പ്രേരിപ്പിച്ചത്. ആ ക്രൈസ്തവർ സുവിശേഷസത്യങ്ങഠ വേണ്ടത്ര ഗ്രഹിക്കാത്തവരായിരുന്നു. യേശുവിനെപ്പററി ചില വികല ധാരണകഠ അവർ പുലത്തി. അവരുടെ സ്വാധീനമാണ് മുഹമ്മദിന് ആദ്യകാലത്തുണ്ടായിരുന്നത്.

*ഹിന്ദുമതം* ഏകദൈവത്തിൽ വിശ്വസിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നാമങ്ങഠക്കു സമാന്തരമായി ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നീ പേരുകഠ അവർ ഉപയോഗിച്ച് ദൈവത്തെ വിളിക്കുന്നു. ക്രിസ്തുമതത്തിലെ ത്രിത്വപ്രബോധനത്തോട് ഏതാണ്ട് അവ്യക്തമായി അടുത്തുവരുന്നു എന്നു തോന്നുന്നതാണ് ഹിന്ദുമത

www.malankaralibrary.com



ത്തിലെ ചില സങ്കല്പങ്ങൾ. ക്രിസ്തുമതത്തിലെ ത്രിത്വപ്രബോധനത്തിൽനിന്നാണോ, ഋഷിമാരുടെ മനനം വഴിയാണോ പ്രസ്തുത സങ്കല്പങ്ങൾ അവർക്കു ലഭിച്ചതു് എന്നു് വ്യക്തമല്ല. ഏതായാലും ദൈവം സ്രഷ്ടാവാണെന്നും, ദൈവം രക്ഷകനാണെന്നും ദൈവം പവിത്രീകരിക്കുന്നവനാണെന്നും ഒക്കെ അവർ കരുതുന്നു. സച്ചിദാനന്ദനായി അവർ ദൈവത്തെ മനസ്സിലാക്കുന്നു. എന്നാൽ ക്രിസ്തുമതം പഠിപ്പിക്കുന്നതുപോലെ അത്ര വ്യക്തവും സ്പഷ്ടവുമല്ല ഹിന്ദുമതത്തിലെ സങ്കല്പങ്ങൾ. ക്രിസ്തുമതത്തിലെ ത്രിത്വപ്രബോധനം സ്വീകരിക്കാൻ ഹിന്ദുക്കൾക്കു് മററാളുകളേക്കാൾ എളുപ്പമായിരിക്കും. മഹാവിഷ്ണുവിൻെറ അവതാരങ്ങളെപ്പററി നിരവധി സാങ്കല്പിക കഥകൾ ഹിന്ദുമതഗ്രന്ഥങ്ങളിൽ ഉണ്ടല്ലോ. പരിപൂർണമനുഷ്യനായി അവിടുന്നു് ഒരിക്കൽ മാത്രമേ അവതിരിച്ചുള്ളു എന്നും അവർ പറയുന്നു. ആ അവതാരപുരുഷൻ യേശുക്രിസ്തുവാണു് എന്ന ബോധ്യമാണു് അവർക്കു ലഭിക്കേണ്ടതു്. അപ്രകാരം അവർ അംഗീകരിച്ചു കഴിഞ്ഞാൽ അവരുടെ പദപ്രയോഗശൈലിയിൽ തന്നെ ത്രിത്വരഹസ്യം വിശദമാക്കാൻ നമുക്കു സാധിക്കും. അതു രക്ഷാകരമായ ഒരനുഭവമായിത്തീരുകയും ചെയ്യും.

ഏതെങ്കിലും മതത്തിൽ വിശ്വസിച്ചാൽ മതിയല്ലോ. ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നതു് എന്തിനു് എന്നു് ചിലർ ചോദിച്ചേക്കാം. അപ്രകാരം മതിയായിരുന്നെങ്കിൽ ദൈവം മനുഷ്യനാകേണ്ട ആവശ്യമില്ലായിരുന്നല്ലോ. ദൈവപുത്രൻെറ മനുഷ്യാവതാരവും കുരിശു മരണവും ഉത്ഥാനവും അവിടുന്നു വെളിപ്പെടുത്തിയ നിത്യജീവനായ ത്രിത്വപ്രബോധനവും രക്ഷപ്രാപിക്കാൻ അത്യന്താപേക്ഷിതമാണു്. ക്രിസ്തുമതത്തിൽ മാത്രമേ ഈ അറിവും ഈ അനുഭവും ഈ വിജ്ഞാനവും ഉള്ളു. അതുകൊണ്ടു് ലോകജനങ്ങളെല്ലാം യേശുക്രിസ്തുവിനെ രക്ഷകനായും കർത്താവായും അംഗീകരിക്കണം; അവിടുന്നു വെളിപ്പെടുത്തിയ സ്നേഹപിതാവിനെ സ്വീകരിക്കണം. അവിടുത്തെ ആത്മാവായ പരിശുദ്ധാത്മാവുകൊണ്ടു് നിറയണം.

www.malankaralibrary.com



ഇന്ന് കേരളത്തിലുള്ള ഹൈന്ദവരിൽ അനേകായിരങ്ങൾ തങ്ങളുടെ കർത്താവും നാഥനുമായി യേശുക്രിസ്തുവിനെ ഹൃദയങ്ങളിൽ സ്വീകരിക്കുന്നുണ്ട്. തങ്ങളുടെ ജീവിതത്തിൽ പാടേ പരിവർത്തനം വരുത്തിയത് യേശുക്രിസ്തുവാണ് എന്ന് അവർ കണ്ടെത്തി. ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്കൂട്ടങ്ങളിൽ പങ്കെടുക്കാനായി പിതാവ് ആകർഷിച്ച പതിനായിരങ്ങൾ ആ സമൂഹങ്ങളിൽനിന്ന് യേശുവിനെ കർത്താവും രക്ഷകനും ദൈവവുമായി സ്വീകരിച്ചുകൊണ്ട് തങ്ങളുടെ ഭവനങ്ങളിലേക്ക് പോകുന്നു. യേശു വെളിപ്പെടുത്തിയ സ്നേഹപിതാവിനെ ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ''എന്ന് ആത്മധൈര്യത്തോടെ അവർ വിളിക്കുന്നു. അന്ധകാരത്തിൽനിന്ന് തന്റെ ഉജ്ജ്വല പ്രകാശത്തിലേക്കു വിളിച്ച പിതാവിന്റെ മഹത്വങ്ങളെ അവരും പ്രഘോഷിക്കുന്നു (1 പത്രോ.2:9). പത്രോസിന്റെ പ്രസംഗം കേട്ടപ്പോൾ കൊർണേലിയൂസിനുണ്ടായ അനുഭവമാണ് ഇവർക്കും ഉണ്ടാകുന്നത്. പത്രോസിന്റെ പ്രസംഗം: ''സത്യമായും ദൈവത്തിനു പക്ഷപാതമില്ല. തന്നെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏതു ജാതിയിൽപെട്ടവനായാലും ദൈവത്തിനു സ്വീകാര്യനാണ്. സമാധാനത്തിന്റെ സദ്വാർത്ത സകലത്തിന്റെയും കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവം വിളംബരം ചെയ്തു. നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അഭിഷേകം ചെയ്തു. അവൻ നന്മ പ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖമാക്കിക്കൊണ്ടും ചുററി സഞ്ചരിച്ചു. ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു. യഹൂദർ അവനെ മരത്തിൽ തൂക്കിക്കൊന്നു. എന്നാൽ ദൈവം അവനെ മൂന്നാംദിവസം ഉയിർപ്പിക്കുകയും പ്രത്യക്ഷനാക്കുകയും ചെയ്തു. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവായി ദൈവം അവനെ നിയോഗിച്ചിരുന്നു. അവനിൽ വിശ്വസിക്കുന്ന എല്ലാവരും അവന്റെ നാമംവഴി പാപമോചനം പ്രാപിക്കും.' പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ, കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവ് വന്നു'' (നട.10:34–47).

www.malankaralibrary.com



ഇന്ന് ഇതുതന്നെ സംഭവിക്കുന്നു. ദൈവവചന പ്രഘോഷണവും ദൈവസ്തുതിപ്പും നടക്കുന്ന സമൂഹങ്ങളിൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുന്നു. അവിടെ കൂടിയിരിക്കുന്നവർക്ക് പരിശുദ്ധാത്മാവിന്റെ കൃപലഭിക്കുന്നു. അവർ അനുതപിക്കയും യേശുക്രിസ്തു കർത്താവാണെന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായിഏററുപറയുകയും ചെയ്യുന്നു.

## 2. ത്രിത്വം എന്നപദം

പിതാവിനെപ്പററിയും പുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും ബന്ധങ്ങളെപ്പററിയും വളരെ സ്പഷ്ടമായി പുതിയനിയമം പഠിപ്പിക്കുന്നുണ്ട്. വളരെ സ്പഷ്ടമായ വെളിപാടാണിത്. എന്നാൽ ത്രിത്വം എന്ന പദം അത്തരത്തിൽ പുതിയനിയമ ഗ്രന്ഥത്തിൽ ഇല്ല. ത്രിത്വം എന്നതിന്റെ ഗ്രീക്കുപദം ത്രിയാസ് (Trias) എന്ന് ആദ്യമായി പ്രയോഗിച്ചത് അന്ത്യോക്യൻ കത്തോലിക്കാ മെത്രാനായ വിശുദ്ധ തെയോഫിലസ് (2—ാം നൂററാണ്ട്) ആണ്. അതിന്റെ ലത്തീൻ പദമായ ട്രിനിതാസ് (Trinitas) എന്ന് ആദ്യം ഉപയോഗിച്ചയാരം തെർത്തുല്യൻ എന്ന ആഫ്രിക്കൻ ക്രൈസ്തവ സാഹിത്യകാരനാണ് (+220). ഇതിൽ നിന്ന് ട്രിനിററി (Trinity) എന്ന ഇംഗ്ലീഷ് പദം ഉണ്ടായി. ഒരേ സത്തയും ഒരേ സ്വഭാവവും ഒരേ ബഹുമാനവും ഒരേ ആധിപത്യവും ഉള്ള പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിക്കാൻ ആണ് ത്രിത്വം എന്ന പദം ഉപയോഗിക്കുന്നത്. വി. ഗ്രന്ഥം പഠിപ്പിക്കുന്ന സത്യത്തിന്റെ വിശദീകരണത്തിന് സഭ ഉപയോഗിക്കുന്നപദമാണിത്. ''ത്രീയേകദൈവം'' എന്ന പദപ്രയോഗവും അപ്രകാരമാണ്. ഏകദൈവം മൂന്നാളുകളായി അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നു എന്നേ അതിനർത്ഥമുള്ളു.

ക്രിസ്തുമതം ഏകദൈവത്തിൽ വിശ്വസിക്കുന്നു. എന്നാൽ ഏകദൈവം ഏകയാളാണ് എന്നല്ല, പിന്നെയോ, ഏകദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്

www.malankaralibrary.com



എന്നാണ് ക്രിസ്തുമതം പഠിപ്പിക്കുന്നത്. ഇത് പുതിയ നിയമ പ്രബോധനമാണ്. ക്രിസ്തുമതം അനേകം ദൈവങ്ങളിൽ വിശ്വസിക്കുന്നില്ല. ''ദൈവമേ, നീ പരിശുദ്ധനാകുന്നു'' എന്നാണ് നാം ചൊല്ലുന്നത്. ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ട് നാം ചൊല്ലുന്ന പ്രാർത്ഥനകളെല്ലാം ഏകവചനത്തിലാണ്: ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും'' എന്നാണ്. ''ഞങ്ങൾ നിങ്ങൾക്ക സ്തുതിയർപ്പിക്കുന്നു'' എന്നു നാം പറയാറില്ല,

## 3. പഴയ നിയമത്തിലെ സൂചനകൾ

അടിയുറച്ച ഏകദൈവ വിശ്വാസികളായ യഹൂദരിൽ നിന്ന് വളർന്ന വികസിച്ചതാണ് ക്രിസ്തുമതത്തിലെ ത്രിത്വപ്രബോധനം. അതായത് ഒരേ സ്വഭാവവും ഒരേ സത്തയും ഉള്ള മൂന്നാളുകൾ. ''പഴയ നിയമത്തിൽ ത്രിത്വ പ്രബോധനം കാണുന്നില്ല, അതുകൊണ്ട് അത് സ്വീകാര്യമല്ല'' എന്നു ചിലർ വാദിച്ചേക്കാം. അതിന് ഇപ്രകാരം മറുപടി പറയാം: അനേകം ദൈവങ്ങളെയും വിഗ്രഹങ്ങളെയും മനുഷ്യർ ആരാധിച്ചുകൊണ്ടിരുന്ന കാലത്താണ് ഏകദൈവ വിശ്വാസത്തിലേക്കു ദൈവം അബ്രഹാമിനെ വിളിക്കുന്നത് (ഉല്പ. 12: 1 ff). ഏകദൈവ വിശ്വാസത്തിൽ ഇസ്രായേൽക്കാരെ ഉറപ്പിച്ചെങ്കിലേ ദൈവത്വത്തിലെ ബഹുത്വത്തെപ്പററി അവരെ പഠിപ്പിക്കാൻ സാധിക്കൂ.

''ഇസ്രായേലേ ഓർമ്മിക്കുക, യാഹ്വെയാണ് നമ്മുടെ ദൈവം. യാഹ്വേ മാത്രമാണ് ദൈവം'' (ആവ. 6:4). വീണ്ടും, ''ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനാണ് അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നത്. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്'' (ആവ. 5:6—7). യാഹ്വേ; ഏൽ (ദൈവം) (സങ്കീ. 104: 20), ഏലി (എന്റെ ദൈവം) (സങ്കീ. 22: 1), ഏൽഷദ്ദായ് (സർവ്വശക്തനായ ദൈവം) (ഉല്പ. 49: 25; സംഖ്യ 24: 4), ഏൽ ഏലിയോൻ (അത്യു

www.malankaralibrary.com



ന്നതനായ ദൈവം) (2 ശാമു. 22: 14; സങ്കീ. 7:17), ഏൽ ഓലാം (നിത്യനായ ദൈവം) (ഏശ. 40: 28), പാറ (ഏശ. 30; 29), രാജാവ് (ന്യായാ. 8: 23), ഇടയൻ (സങ്കീ. 23:1) എന്നു തുടങ്ങിയ പദങ്ങൾ ദൈവത്തെ വിളിക്കാൻ യഹൂദർ ഉപയോഗിച്ചു. ഈജിപ്തിൽനിന്ന് ഇസ്രായേലിനെ മോചിപ്പിച്ച ദൈവമാണ് യാഹ്വെ. അവർ അടുത്തറിഞ്ഞ ദൈവമാണ് യാഹ്വെ. ദൈവം സ്വയം വെളിപ്പെടുത്തികൊടുത്ത തൻെറ പേരാണിത്.

ദൈവത്വത്തിൻെറ ആന്തരിക രഹസ്യങ്ങളൊന്നും അന്നവർക്ക് വെളിപ്പെടുത്തിക്കൊടുത്തില്ല. കാലത്തിൻെറ പൂർത്തീകരണത്തിൽ, മനുഷ്യരെ ഒരുക്കിയതിനുശേഷം ദൈവം കൂടുതൽ ഉന്നതമായ വെളിപാടുകൾ മനുഷ്യനു നൽകി. അതു സ്വീകരിക്കാൻ അനേകർ ശക്തരായിത്തീർന്നു. അപ്പോഴും മററനേകർ അറച്ചു നില്കുകയും പ്രസ്തുത വെളിപാട് തിരസ്ക്കരിക്കുകയും ചെയ്തു.

പഴയനിയമത്തിലെ ഏകദൈവവിശ്വാസത്തിനിടയിലും ദൈവത്വത്തിലെ ബഹുത്വത്തെപ്പററി ചില സൂചനകൾ കാണാൻ കഴിയും. പുതിയനിയമത്തിൻെറ വെളിച്ചത്തിൽ അവ സ്പഷ്ടമായ സൂചനകളാണ്. എന്നാൽ പഴയനിയമ ഗ്രന്ഥകാരന്മാർക്കും ജനങ്ങൾക്കും അവ എത്രമാത്രം വ്യക്തമായിരുന്നു എന്ന് നമുക്കു പറയാനാവില്ല.

***ഏലോഹിം*** എന്ന പദത്തിൻെറ വാച്യാർത്ഥം ദൈവങ്ങൾ എന്നാണ്, ഏലോഹ് എന്നതിൻെറ ബഹുവചനമാണ് ഏലോഹിം. സത്യദൈവം ഏകദൈവമാകയാൽ ദൈവങ്ങൾ എന്ന് ആരും വിവർത്തനം ചെയ്യാറില്ല. ''യാഹ്വെ ഏലോഹിം''—എന്ന പ്രയോഗം ദൈവത്വത്തിൻെറ പൂർണതയെ സൂചിപ്പിക്കുന്നു. അതായത് പൂർണതയിൽ ബഹുത്വം ഒളിഞ്ഞിരിക്കുന്നു എന്നതു് ഇതു സൂചിപ്പിക്കുന്നു. ''ഏലോഹിം വീണ്ടും അരുൾചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം'' (ഉല്പ.1:26). ദൈവം തന്നോടുതന്നെ ആലോചിക്കുന്നതാണിത്. പൂജക ബഹുവചനമല്ലിത്.

www.malankaralibrary.com



അബ്രഹാം കണ്ടു മൂന്നാളുകൾ ദൈവത്വത്തിലെ ബഹുത്വത്തിന്റെ സൂചനയാണ്: ''അബ്രഹാം തല ഉയർത്തി നോക്കിയപ്പോൾ മൂന്നാളുകൾ തനിക്കെതിരെ നില്ക്കുന്നത് കണ്ടു....അബ്രഹാമിനോട് സംസാരിച്ചു കഴിഞ്ഞപ്പോൾ കർത്താവ് അവിടെനിന്നുപോയി'' (ഉല്പ. 18:1—33). മൂന്നാളുകളായി കാണപ്പെടുകയും അവസാനം ഒന്നായി കാണപ്പെടുകയും ചെയ്തത് ദൈവത്വത്തിലെ ബഹുത്വത്തിന്റെ സൂചനയാണ്.

''യാഹ്‌വേ എന്റെ കർത്താവിനോട് (അദോനി) അരുൾചെയ്തു. എന്നു തുടങ്ങുന്ന സങ്കീർത്തനവാക്യവും ഇതിലേക്കു വിരൽ ചൂണ്ടുന്നു (110:1). കർത്താവ് ഈ വാക്യം ഉദ്ധരിക്കുന്നത് ശ്രദ്ധേയമാണ് (മർക്കോ.12:35—37). ഏശാ.9:6 ലെ പ്രവചനം വരാനിരിക്കുന്ന രക്ഷകനെപ്പററിയാണെന്ന് യഹൂദർ മനസ്സിലാക്കിയിരുന്നു. ഈ ശിശുവിനു നൽകുന്ന വിശേഷണങ്ങളൊക്കെ യാഹ്‌വെയ്ക്കു നൽകുന്നവയാണ്. ''വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാന രാജാവ്.'' ആധിപത്യവും മഹത്വവും രാജത്വവും പ്രാപിച്ച് മനുഷ്യപുത്രനെപ്പോലെ വാനമേഘങ്ങളിൽ വരുന്നതായി ദാനിയേൽ കണ്ട ദർശനം (7:13) അനശ്വരാധികാരിയായ ഒരാളെപ്പററിത്തന്നെയാണ്. ഈ പ്രവചനം തന്നെപ്പററി ക്രിസ്തു പ്രയോഗിക്കുന്നതു നാം കാണുന്നു (മത്താ.26:64—65). ദൈവവചനം, ജ്ഞാനം, ആത്മാവ് (റൂഹാ) എന്നിങ്ങനെയുള്ള പഴയനിയമപരാമർശങ്ങൾ ദൈവത്വത്തിലെ ബഹുത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. കർത്താവിന്റെ ദാസൻ (ഏശ. 42:9;49:1—6;50:4—11;52:13—53:12) വെറുമൊരു മനുഷ്യനല്ല എന്നത് മത്താ. 12:18—21ന്റെയും നടപടി 8:32—34ന്റെയും വെളിച്ചത്തിൽ സ്പഷ്ടമാണ്.

ഈ രീതിയിൽ നാം ചിന്തിച്ചാൽ യഹൂദരുടെ ഏകദൈവവിശ്വാസത്തിനകത്തുതന്നെ ദൈവത്വത്തിലെ ബഹുത്വത്തിന്റെ ബീജം മറഞ്ഞു കിടപ്പുണ്ട് എന്നു കാണാൻ കഴിയും, അവർ അതു മനസ്സിലാക്കിയില്ല. എന്നാൽ പുതിയ

www.malankaralibrary.com



നിയമ ഗ്രന്ഥകാരന്മാർ അത് പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു. ത്രിത്വപ്രബോധനം സ്പഷ്ടമാക്കി. ഭൂമിയിലെ മനുഷ്യർക്കെല്ലാം രക്ഷ പ്രദാനം ചെയ്യുന്ന അബ്രഹാമിന്റെ സന്തതി (ഉല്പ.12:3) ക്രിസ്തുവാണെന്ന് ശ്ലീഹന്മാർ കണ്ടെത്തി (നട.3:25; ഗലാ.3:8). ഉല്പത്തിയിൽ പറയുന്ന സ്ത്രീയുടെ സന്തതി (3:15) കന്യകയിൽനിന്നു ജനിച്ച യേശുവാണ്, അവനത്രേ ദാവീദിന്റെ സിംഹാസനം പുനസ്ഥാപിക്കുന്നവൻ, അവൻ നിത്യമായ ഭരണം നടത്തും. മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെട്ട് യാഹ്വേയുടെ വലത്തുഭാഗത്ത് കർത്താവായി ഉപവിഷ്ടനായിരിക്കുന്നതും (സങ്കീ.16:8–11; 110:1) യേശുതന്നെ (നട. 2:24–32; 34–36). തങ്ങളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ് രക്ഷയുടെ നവയുഗം ആരംഭിച്ചിരിക്കുന്നതായി ശിഷ്യർക്കു ബോധ്യപ്പെട്ടു. അങ്ങനെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടതായി അവർക്ക് അനുഭവപ്പെട്ടു (എസ. 36:27; യുയേൽ 2:28–32).

## 4 ത്രിത്വവിശദീകരണം

ത്രിത്വപ്രബോധനം വിശദീകരിക്കാനായി സഭ ശ്രമിച്ചിട്ടുണ്ട്: ''ത്രിത്വമായി ആരാധിക്കപ്പെടുകയും പരിശുദ്ധനായി സ്തുതിക്കപ്പെടുകയും ഏകനായി വിശ്വസിക്കപ്പെടുകയും ചെയ്യുന്ന സർവാരാധ്യനായ കർത്താവേ'' എന്നു വിളിച്ചുകൊണ്ടാണ് ഒസ്താത്യോസിന്റെ അനാഫറയിലെ രണ്ടാമത്തെ ആശീർവാദ പ്രാർത്ഥന ചൊല്ലുക. ദൈവം ഏകനെന്നു നാം വിശ്വസിക്കുന്നു; അവിടുന്നു പരിശുദ്ധനാകുന്നു എന്നു നാം പ്രകീർത്തിക്കുന്നു; അവിടുത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി നാം ആരാധിക്കുന്നു. അതായത് സത്യാരാധന സത്യദൈവത്തിനു നാം സമർപ്പിക്കുന്നു. അതായത് മൂന്നു ദൈവങ്ങൾ എന്നു നാം വിശ്വസിക്കുന്നില്ല; എന്നാൽ മൂന്നാളുകളായി ആരാധിക്കുന്നു. ''ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും'' എന്നാണ് ഓരോ പ്രാർത്ഥനയുടെയും അവസാനം നാം ചൊല്ലുക.

www.malankaralibrary.com



ദൈവത്വത്തിന്റെ ആന്തരിക സ്വഭാവത്തെപ്പററിയുള്ള ഒരു ധ്യാനാത്മക വിചിന്തനം പെന്തിക്കൊസ്തിശുശ്രൂഷയിൽ നമുക്കു കാണാവുന്നതാണ്.

"ദൈവമായ കർത്താവ് അപ്രമേയനും സകല മാനുഷിക ചിന്തകൾക്കും അതീതനുമാണ്. അവിടുന്നു സ്വയംഭൂവും സ്വയം അറിയുന്നവനും സ്വയം പര്യാപ്തനുമാകുന്നു. അവിടുന്നു സകലത്തിന്റെയും സ്രഷ്ടാവും നിയന്താവും ആകുന്നു. അവിടുന്ന് അനാദ്യന്തനാകുന്നു. അവിടുന്നു സനാതനനും അഗോചരനുമായ സത്യേക ദൈവമാകുന്നു. അവിടുന്ന് അഗ്രാഹ്യനും അപരിമേയനുമാകുന്നു"[1]

ഏകനായ സർവേശ്വരൻ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് മൂന്ന് ആളുകൾ ആകുന്നു. എന്നാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്വഭാവം ഏകമാണ്; ആധിപത്യം ഏകമാണ്; ഇച്ഛയും സത്തയും ഏകമാണ്.

ഒരാൾ മറെറാരാളേക്കാൾ പ്രായക്കുറവോ കൂടുതലോ ഉള്ളവനല്ല. ചെറുപ്പമായിരിക്കുന്നതോ സാരാംശത്തിൽ അന്യമായിരിക്കുന്നതോ ആയ നാമമാകട്ടെ ആളത്വമാകട്ടെ തന്നിൽ ഇല്ല. പിതാവ് എല്ലാററിന്റെയും ആരംഭമാകുന്നു. പിതാവെന്നു പറഞ്ഞാൽ പുത്രനും പരിശുദ്ധാത്മാവും അവനിൽ നിന്നുള്ളവരാകുന്നു. പുത്രൻ എന്നു പറഞ്ഞാൽ പിതാവും പരിശുദ്ധാത്മാവും അവൻ മുഖാന്തരം അറിയപ്പെടുന്നു. പരിശുദ്ധാത്മാവ് എന്നു പറഞ്ഞാൽ പിതാവും പുത്രനും അവനിൽ സമ്പൂർണ്ണമായി സ്ഥിതിചെയ്യുന്നു.

പിതാവ് ജനകനാകുന്നു. പുത്രൻ ജനിച്ചവനാകുന്നു; ജനകനല്ല. പിതാവിൽ നിന്ന് പുറപ്പെടുന്നവനും പുത്രനിൽ നിന്നു സ്വീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് പിതാവിന്റെ സാരാംശവും സത്തയും ഉള്ളവനാകുന്നു.

---

. തിരുനാളുകൾ, പേ. 258.

www.malankaralibrary.com



പിതാവായ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ മനുഷ്യൻ സ്വേച്ഛയാ പൈശാചിക സേവയിലേക്ക് വഴുതി വീണു. അവനെ സമുദ്ധരിക്കാൻ വചനമായ ദൈവത്തെ കല്പിച്ചയച്ചു.

ആന്തരികപ്രകാശം നൽകുന്ന കിരണവും പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ സ്വർഗസേനകളാൽ യഥോചിതം വാഴ്ത്തി സ്തുതിക്കപ്പെടുന്നവനുമായ പുത്രൻതമ്പുരാൻ സാരാംശത്തിൽ ഭേദം വരാതെ താഴേയ്ക്കിറങ്ങിവന്ന് വിശുദ്ധ കന്യകയിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായി അവതരിച്ചു. അവിടുന്ന് തന്റെ ജീവിതകാലത്ത് ദൈവത്വത്തിന്റെ അഗ്രാഹ്യാവസ്ഥയെ തെളിവായി അറിയിച്ചു, ദൈവത്വത്തിന്റെ ആന്തരിക രഹസ്യങ്ങൾ വ്യാഖ്യാനിച്ചുതന്നു. അവിടുന്ന് തന്നെപ്പററിയും പിതാവിനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും പഠിപ്പിച്ചു. വിഗ്രഹാരാധന വഴി പിശാചുക്കളുടെ ആരാധകരായിരുന്ന മനുഷ്യകുലത്തെ മിശിഹാതമ്പുരാൻ പരിശുദ്ധ ത്രിത്വത്തിന്റെ സത്യാരാധകരാക്കിത്തീർത്തു. അതിനു ശേഷം അവിടുന്ന് പിതൃസവിധത്തിലേക്ക് ആരോഹണം ചെയ്തു.

പെന്തിക്കോസ്തിദിവസം പരിശുദ്ധാത്മാവ് ശ്ലീഹന്മാരിൽ ഇറങ്ങി ആവസിച്ചു. സകല ജാതികളുടെയും ഭാഷകളാൽ അവരെ അവിടുന്നു സമ്പന്നരാക്കി. ''പരിശുദ്ധ റൂഹാ താൻ ഇച്ഛിക്കുന്നതെല്ലാം സ്വകീയമായ മഹാശക്തിയാൽ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമാകുന്നു. അവിടുന്നു ദീർഘദർശമാർക്ക് പ്രവചനവരം നൽകി. അവിടുന്ന് അവർണ്ണ്യായമാംവിധം പിതാവിൽനിന്നു പുറപ്പെടുന്നു. അവൻ എടുക്കുന്നവനാകുന്നു. എടുക്കപ്പെടുന്നവനല്ല.''

''അവൻ സത്യത്തിന്റെ ആത്മാവാകുന്നു. അവൻ ആശ്വാസപ്രദനാകുന്നു. അവൻ രാജകീയ റൂഹായും നല്ലവനുമാകുന്നു. അവൻ ജ്ഞാനത്തിന്റെയും പ്രാഗത്ഭ്യത്തിന്റെയും ആത്മാവാകുന്നു. അവൻ പ്രവർത്തിക്കുവാനും പൂർണ്ണമാക്കുവാനും ശക്തി നൽകുന്ന അറിവിന്റെ ആത്മാവാകുന്നു. അവൻ അവിഭാജ്യനും സംഖ്യാതീതനുമാകുന്നു.''

www.malankaralibrary.com



''പരിശുദ്ധറൂഹാ മനുഷ്യസ്നേഹിയാകുന്നു. അവൻ നല്ല കാര്യങ്ങൾ ചെയ്യുന്നവനും ശക്തനും സകലവും കഴിയുന്നവനും സ്വഭാവത്തിൽ കലർപ്പില്ലാത്തവനും വ്യാപാരത്തിൽ വിവിധത്വമുള്ളവനുമാകുന്നു. അവൻ ദിവ്യദാനങ്ങളുടെ ഉറവയും സാരാംശത്തിൽ പിതാവിനും പുത്രനും തുല്യനുമാകുന്നു. അവൻ സകലത്തിനും സമീപസ്ഥനും സകലവും പൂർത്തിയാക്കുന്നവനും ആകുന്നു. തനിക്കിഷ്ടം തോന്നുന്നവരിൽ അവൻ അധികാരപൂർവം വിശുദ്ധ കാര്യങ്ങൾ പ്രവർത്തിക്കുന്നു,''

''റൂഹാ തനിക്കായി ആലയങ്ങൾ നിർമ്മിക്കുന്നു. അവിടുന്നു സഭകളെ ശുദ്ധീകരിക്കുന്നവനും ദൈവിക ശുശ്രൂഷകൾക്കു പൂർണത നൽകുന്നവനുമാകുന്നു. അവൻ ആചാര്യപദവി പ്രദാനം ചെയ്യുന്നവനും കൂദാശകൾ നിറവേററുന്നവനും പാപങ്ങൾ പരിഹരിക്കുന്നവനുമാകുന്നു.''

''പിതാവ് അറിയപ്പെടുന്നതും പുത്രൻ വിശ്വസിക്കപ്പെടുന്നതും അവനിൽക്കൂടി ആകുന്നു. അവൻ മാത്രം പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെടുന്നവൻ ആകുന്നു. ജനിപ്പിക്കുന്നതൊഴികെ പിതാവിനുള്ള സകലവും പരിശുദ്ധാത്മാവിനുണ്ട്. അതുപോലെ ജനിച്ചതും ശരീരം ധരിച്ചതും ഒഴികെ പുത്രനുള്ള സകലവും പരിശുദ്ധാത്മാവിനുണ്ട്.''

പരിശുദ്ധത്രിത്വത്തിൻെറ മഹനീയമായ ആരാധനയാണ് ശ്രേഷ്ഠമായ ആരാധനയെന്നും പ്രസ്തുത ശുശ്രൂഷ പറയുന്നു: ''ശക്തി നൽകുന്ന റൂഹാമുഖാന്തിരം പരിശുദ്ധ ത്രിത്വത്തിൻെറ പാവനമായ ആരാധനയെ ഞങ്ങൾ പരിശീലിച്ചതായി ഞങ്ങൾ അറിയുന്നു. ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കേണ്ടതാകുന്നു.''

ത്രിത്വപ്രബോധനം വളരെ വിശദമായി പ്രസ്തുത ശുശ്രൂഷയിൽ വരച്ചുകാട്ടിയിരിക്കുന്നു. ഏകദൈവം അനാദിയിലേ പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്.

www.malankaralibrary.com



"പിതാവ്"—ജനകനാണ്, എന്നതിൽ പുത്രനുമായി ബന്ധപ്പെട്ടിരിക്കുന്നു; പുത്രനിൽ നിന്നും വ്യത്യസ്തനുമാണ്. "പുത്രൻ" ജനിച്ചു എന്നതിൽ പിതാവിനോട് ബന്ധപ്പെട്ടിരിക്കുന്നു; പുത്രൻ ജനകനല്ല എന്നതിൽ വ്യത്യസ്തനാണ്. എന്നാൽ പിതാവിനും പുത്രനും ഒരേ ഒരു സത്തയാണ്, ഒരേ ഒരു സാരാംശമാണ്, ഒരേ ഒരു അധികാരമാണ്. എങ്കിലും പിതാവും പുത്രനും ഒരാളല്ല, രണ്ടാളുകളാണ്. പിതാവിനെ പിതാവാക്കുന്ന ഘടകമാണ് പിതൃത്വം. പുത്രനെ പുത്രനാക്കുന്ന ഘടകമാണ് പുത്രത്വം. പിതാവിന്റെ വ്യക്തിത്വം എന്നതാണ് പിതൃത്വം. (Paternity) പുത്രന്റേത് പുത്രത്വവും (Filiation). പിതാവിന്റെയും പുത്രന്റെയും സ്നേഹമാണ് ആശ്വാസപ്രദനായ പരിശുദ്ധാത്മാവ്. അവിടുന്ന് ജനിച്ചു എന്നല്ല പിതാവിൽ നിന്നു പുറപ്പെടുന്നു എന്നു നാം മനസ്സിലാക്കുന്നു. പുത്രന്റെ നാമത്തിൽ പിതാവിൽ നിന്ന് അയയ്ക്കപ്പെടുന്നവനാണ് റൂഹാ. റൂഹാതമ്പുരാൻ വെറുമൊരു ശക്തിയല്ല, ത്രിത്വത്തിലെ മൂന്നാമത്തെ ആളാണ്. പിതാവിനെപ്പോലെയും പുത്രനെപ്പോലെയും വ്യക്തിത്വമുള്ളവനാണ്. പുറപ്പാട് (Procession) എന്നതാണ് പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം. ദൈവത്തെ ത്രിത്വം എന്നു നാം വിളിക്കുന്നു; പിതാവും പുത്രനും പരിശുദ്ധാത്മാവുമായി നാം ആരാധിക്കുന്നു. ദൈവത്വത്തിനു നാം നൽകുന്ന മൂന്നു പേരുകളല്ല 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്' എന്നുള്ളത്. അതുപോലെ മൂന്നാളുകൾക്കും വിഭിന്നങ്ങളായ സത്തകളുമല്ല. സത്യമായും ഏകസത്തയിലുള്ള മൂന്നാളുകളാണ് പിതാവും പുത്രനും പരിശുദ്ധാത്മാവും. പിതാവ് സത്യമായും പിതാവാണ്; അതിനർത്ഥം പിതാവിനോടുകൂടി എപ്പോഴും പുത്രനുണ്ട് എന്നാണ്. നിത്യപിതാവ് എന്നത് നിത്യനായ പുത്രനെ ഉൾക്കൊള്ളുന്നു. പിതാവ് പുത്രനല്ല; പുത്രൻ പിതാവുമല്ല. എന്നാൽ പുത്രനെക്കൂടാതെ പിതൃത്വമോ, പിതാവിനെക്കൂടാതെ പുത്രത്വമോ ഇല്ല. പരിശുദ്ധാത്മാവ് പിതാവിലും പുത്രനിലുമാണ്; അവരിൽ നിന്ന് പുറപ്പെടുകയും ചെയ്യുന്നു. ദൈവം സത്യപിതാവും സത്യ

www.malankaralibrary.com



പുത്രനും സത്യറൂഹായുമായ ഏകവും അവാച്യവുമായ സത്യമാണ്.

പിതാവിൽനിന്ന് പുത്രനെ വേർതിരിക്കാൻ സാധ്യമല്ല. അതുപോലെ പിതാവിൽ നിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവിനെ വേർതിരിക്കാനും സാധ്യമല്ല. പിതാവ് എവിടെയുണ്ടോ അവിടെ പുത്രനും ഉണ്ട്. പുത്രൻ എവിടെയുണ്ടോ അവിടെ പിതാവുമുണ്ട്. പിതാവും പുത്രനും ഉള്ളിടത്ത് പരിശുദ്ധാത്മാവും ഉണ്ട്. അതുകൊണ്ടാണ് 'പിതൃമാർവിടം വിടാതെ പുത്രൻ കന്യകയുടെ ഉദരത്തിൽ വന്നുവസിച്ചു' എന്നു നാം പറയുന്നത്.

ത്രിത്വത്തിനു പുറത്തുള്ള പ്രവർത്തനങ്ങളെല്ലാം ത്രിത്വത്തിലെ മൂന്നാളുകളുടേതുമാണ്. മനുഷ്യാവതാരത്തിന് പിതാവാണ് തന്റെ പുത്രനെ അയയ്ക്കുന്നത്. പുത്രൻ മാത്രമാണ് നമ്മുടെ മനുഷത്വവുമായി യോജിച്ചത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് പുത്രൻ മനുഷ്യനായത്. വചനവുമായി യോജിക്കാനായി കന്യകയിൽ ശരീരത്തെ രൂപീകരിച്ചത് പരിശുദ്ധാത്മാവാണ്. ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ പുത്രൻ പരിശുദ്ധാത്മാവിനാൽ പൂരിതനായിരുന്നു. വചനമായ ദൈവവുമായി യോജിക്കാനായി ജഡം രൂപീകരിച്ച് അതിനെ പൂരിതമാക്കിയതും അഭിഷേചിച്ചതും പരിശുദ്ധാത്മാവാണ്. രൂപീകരണവും അഭിഷേകവും ഒന്നിച്ചു നടന്ന സംഗതികളാണ്.

ത്രിത്വരഹസ്യം വിശദമാക്കാൻ സൃഷ്ടികളിൽനിന്നു ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടാം. അവ തികച്ചും അപര്യാപ്തമാണ്. എങ്കിലും ഈ മഹോന്നത യാഥാർത്ഥ്യം അല്പമെങ്കിലും വ്യക്തമാക്കാൻ ഒരുപക്ഷേ സഹായിച്ചേക്കും: സൂര്യന്റെ ജ്വാല, ചൂട്, പ്രകാശം എന്നിവ ഒന്ന് മറ്റൊന്നിൽ നിന്നു വേർതിരിക്കാനാവാത്തവിധം ഒന്നിച്ചിരിക്കുന്നു. ഒന്ന് മറ്റൊന്നിനേക്കാൾ മുമ്പല്ല; എന്നാൽ മൂന്നും ഒന്നല്ല, വ്യത്യസ്തമാണ്. ഇവ മൂന്നും സൂര്യന്റെ ശക്തികൾ എന്നു വേണമെങ്കിൽ പറയാം. എന്നാൽ ത്രിത്വത്തിൽ മൂന്ന് വ്യക്തികളാണ്.

www.malankaralibrary.com



രണ്ടാമത്തെ ദൃഷ്ടാന്തം ആദ്യത്തെ മനുഷ്യ കുടുംബത്തിൽ നിന്നാണ്: ആദാം ജനിച്ചവനല്ല; അവനൊരിക്കലും പുത്രനായിരുന്നില്ല. അവൻ ഹാബേലിനെ ജനിപ്പിച്ചു. ഹാബേൽ ആദത്തിന്റെ പുത്രനായി ജനിച്ചു. എന്നാൽ അവന് ആരുടേയും പിതാവാകാൻ സാധിച്ചില്ല. ഹവ്വാ ആദാമിൽ നിന്നു ജനിച്ചതല്ല; അവനിൽ നിന്ന് എടുക്കപ്പെട്ടതാണ്. ഹവ്വാ അവനിൽ നിന്ന് പുറപ്പെട്ടു എന്നു പറയാം. അവൾ ഒരിക്കലും മകളായിരുന്നില്ല: അവളെ സഹോദരിയെന്നു വിളിച്ചിട്ടുമില്ല. ഏതാണ്ടിതുപോലെ ത്രിത്വത്തെ മനസ്സിലാക്കാം. സൃഷ്ടിയിൽ ഇത്തരം ദൃഷ്ടാന്തങ്ങൾ കാണന്നെങ്കിൽ സ്രഷ്ടാവിൽ അത് അസാദ്ധ്യമായി കണക്കാക്കേണ്ടതില്ല.

ത്രിത്വത്തെപ്പററിയുള്ള ശരിയായ വിശ്വാസം നമ്മുടെ കർത്താവിൽ നിന്ന് തന്റെ ശിഷ്യർക്കു ലഭിച്ചു. അതിൽ മാററം വന്നില്ല. എന്നാൽ ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ബന്ധം താത്വികമായി അപഗ്രഥിക്കാൻ ശ്രമിച്ചപ്പോൾ ചില എഴുത്തുകാർക്ക് തെററുപററി. ദൈവശാസ്ത്രം വികസിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ അവരിൽ കടന്നുകൂടിയ അപാകതകളാണവ. പിതാവ് എല്ലാററിന്റേയും ആരംഭമാണ്. പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും. അപ്പോൾ പിതാവിനേക്കാൾ താഴ്ന്ന പടിയിൽ പുത്രനെയും പുത്രനേക്കാൾ താഴ്ന്നപടിയിൽ പരിശുദ്ധാത്മാവിനേയും കാണുന്ന ഒരു പ്രവണത ചില എഴുത്തുകാരിൽ കാണാം. എന്നാൽ സഭ അതു സ്വീകരിക്കുന്നില്ല. പരിപാവനത്രിത്വത്തിലെ മൂന്നാളുകളും സത്തയിൽ തുല്യരാണ്. മൂന്നു പേർക്കും ഒരേ സത്തയും അധികാരവും ഒരേ ബഹുമാനവും ഒരേ ആരാധനയുമാണ്. ഒരാളും മറെറാരാളേക്കാൾ താഴ്ന്നതല്ല.

## 5 പുരാതന പാഷണ്ഡതകൾ

ത്രിത്വത്തെ തെററായി ചിത്രീകരിച്ച ചില അബദ്ധോപദേശകർ സഭയുടെ ആരംഭകാലത്ത് ഉണ്ടായിരുന്നു. അവരെ അബദ്ധോപദേശകരായി മുദ്രകുത്തി സഭാനേതാക്കന്മാർ സഭയ്ക്കു പുറത്താക്കി.

www.malankaralibrary.com



**i) ഭാവവാദം (modalism)** ത്രിത്വത്തിലെ മൂന്നാളുകളെ ഏക ദൈവത്തിന്റെ മൂന്ന് അവസ്ഥകളായി **(modes)** കണ്ടു. ആദ്യം പിതാവായിരുന്ന ഏകദൈവം പിന്നീട് പുത്രനായും അതിനുശേഷം പരിശുദ്ധാത്മാവായും കാണപ്പെട്ടു എന്നു് അവർ പറയുന്നു. ഏകദൈവം ഏകയാളാണ് എന്നതാണ് ഇവരുടെ ചിന്തയ്ക്കടിസ്ഥാനം. ഭാവവാദം (മോഡലിസം) എന്നു് ഇതിനെ വിളിക്കാം.

**ii) ദത്തെടുക്കൽ വാദം** : പിതാവു മാത്രം ദൈവം. പിതാവിന്റെ ശക്തി യോർദ്ദാനിലെ മാമ്മോദീസായുടെ അവസരം യേശുവിൽ ഇറങ്ങി വസിച്ചു. ദൈവം യേശുവിനെ തന്റെ പുത്രനാക്കി ദത്തെടുത്തു. ഈ വീക്ഷണവും സഭ പാടേ തള്ളിക്കളയുന്നു. സത്യവിരുദ്ധമാണിത് എന്നതാണ് ഇതിനു കാരണം.

**iii) ആരിയനിസം** : ആദിമസഭയിൽ വലിയ കോളിളക്കം സൃഷ്ടിച്ച ഒരു കൊടിയ പാഷാണ്ഡത (അപദ്ധോപദേശം) ആണ് ആരിയനിസം. ആരിയസ് (+336) എന്ന വൈദികൻ തുടങ്ങിയതാണിത്. ''പുത്രൻ ഒരു സൃഷ്ടിയാണ്: ഇല്ലായ്മയിൽനിന്നും പിതാവ് നിർമ്മിച്ചതാണ്: അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. പുത്രൻ സത്തയിൽ പിതാവിനു സമനല്ല രണ്ടു സത്തയാണ്'' എന്നു പോകുന്നു ആരിയൻ പാഷണ്ഡത. പുത്രന്റെ ദൈവത്വം പാടേ നിഷേധിച്ച പാഷണ്ഡതയാണത്. പുത്രനെ സ്രഷ്ടാവിന്റെ തലത്തിൽനിന്ന് സൃഷ്ടിയുടെ തലത്തിൽ പ്രതിഷ്ഠിക്കാനുള്ള വിഫല ശ്രമമാണ് ഈ പാഷണ്ഡത. ബൈബിളിലെ ചില വാക്യങ്ങൾ വികലമായി വ്യാഖ്യാനിച്ചാണ് (സുഭാ.8:22: യോഹ.14:28: കൊളോ.1:15) ആരിയസ് തെറ്റായ നിഗമനങ്ങളിലെത്തിച്ചേർന്നതും ത്രിത്വപ്രബോധനം തിരസ്ക്കരിച്ചതും.

അതുപോലെ പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കാൻ മുതിർന്ന ചില പാഷണ്ഡികളും ഉടലെടുത്തു.

ഇവയ്ക്കെതിരെ നിഖ്യ (325), കോൺസ്റ്റാന്റിനോപ്പിൾ (381) എന്നീ സ്ഥലങ്ങളിൽ മെത്രാന്മാരുടെ സൂനഹ

www.malankaralibrary.com



ദോസുകരം നടന്നു. ശ്ലീഹന്മാരിൽനിന്നു കിട്ടിയ സത്യ വിശ്വാസത്തിൽ മായം ചേർത്തവരെ സഭയ്ക്കു പുറത്താക്കി. ഐശ്വര്യമിക പ്രബോധനം നിലനിർത്തി. നാം യാമപ്രാർത്ഥനകളിലും കുർബാനയിലും ചൊല്ലുന്ന നിഖ്യാ വിശ്വാസ പ്രമാണത്തിൻെറ രൂപീകരണ പശ്ചാത്തലം ഇതാണ്.

അതിൽ പിതാവിനെപ്പററിയും പുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും ഉള്ള അടിസ്ഥാന വിശ്വാസ സംഗതികരം ഉരംക്കൊള്ളിച്ചിട്ടുണ്ട്. പിതാവിനെപ്പോലെ പുത്രനും സത്തയിൽ സമനായ ദൈവമാണെന്നും പരിശുദ്ധാത്മാവും സത്യദൈവവും ജീവദാതാവുമാണെന്നും അതിൽ സ്പഷ്ടമായി പഠിപ്പിച്ചു,

''സർവശക്തിയുള്ള പിതാവും ആകാശത്തിൻെറയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻെറയും സ്രഷ്ടവുമായ സത്യേക ദൈവത്തിൽ ഞങ്ങരം വിശ്വസിക്കുന്നു.''

''ദൈവത്തിൻെറ ഏകജാതനം, സർവലോകങ്ങരംക്കും മുൻപ് പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടി അല്ലാത്തവനം, സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും സർവസൃഷ്ടിക്കും ഹേതുവായവനും.... ഏകകർത്താവുമായ യേശുമിശിഹായിലും ഞങ്ങരം വിശ്വസിക്കുന്നു.''

''സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽനിന്നു പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി, ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും ഞങ്ങരം വിശ്വസിക്കുന്നു.''

ഇപ്രകാരം വിശ്വസിക്കുന്നവർ മാത്രമാണ് കത്തോലിക്കർ. ഇപ്രകാരം വിശ്വസിക്കാത്തവർക്ക് ഈ കൂട്ടായ്മയിൽ സ്ഥാനമില്ല.

www.malankaralibrary.com



### IV) ജ്ഞാനവാദം

സഭാരംഭകാലത്തുണ്ടായിരുന്ന മറ്റൊരു അബദ്ധോപദേശമാണ് ജ്ഞാനവാദം അഥവാ ഗ്നോസ്റ്റിസിസം. ത്രിത്വസംബന്ധമായി പല അബദ്ധധാരണകളും വച്ചു പുലർത്തിയിരുന്നവരായിരുന്നു ജ്ഞാനവാദികൾ എന്നറിയപ്പെട്ടിരുന്ന പാഷണ്ഡർ.

ദൈവത്വത്തിൽ അവർ തരംതിരിവുകൾ നടത്തി: അത്യുന്നതനായ ദൈവം, ലോകം സൃഷ്ടിച്ച മധ്യവർത്തിയായ ദൈവം (ഡെമിയൂർജ്), ലോകത്തിനും മനുഷ്യർക്കും ഇടയിൽ മധ്യവർത്തിയായ യേശു എന്ന മനുഷ്യൻ, അത്യുന്നതനായ ദൈവം അജ്ഞാതനും ആഗ്രാഹ്യനുമാണ്. അവൻ പ്രകാശത്തിൽ വസിക്കുന്നു, ഡെമിയൂർഗ് അന്ധകാര ദൈവമാണ്. പ്രകാശത്തിൽ വസിക്കുന്ന ദൈവത്തിൻെറ എതിർ ശക്തിയാണത്. ഈ ലോകം സൃഷ്ടിച്ചത് ഈ അന്ധകാര ദൈവമാണ്. പഴയനിയമം വരച്ചുകാട്ടുന്നത് ഈ ദൈവത്തെയാണ്. യേശു ''പിതാവേ,'' എന്നു വിളിച്ചത് പ്രകാശത്തിൽ വസിക്കുന്ന ദൈവത്തെയാണ്. പഴയനിയമ ദൈവത്തിൻെറ ക്രൂരതകളെ ഇല്ലാതാക്കാനാണ് യേശു വന്നത്. സാധാരണ മനുഷ്യനായിരുന്ന യേശുവിൽ ദൈവിക ശക്തി ഇറങ്ങി വസിച്ചു. അവനെ ഒരുകുട്ടിദൈവമാക്കി. അന്ധകാര ശക്തികളെയും പഴയനിയമ ദൈവത്തെയും പരാജയപ്പെടുത്തിയിട്ട് യേശു ഉന്നതത്തിലേക്ക് ആരോഹണം ചെയ്തു.

## 6. സഭാ പിതാക്കന്മാരുടെ പ്രതികരണം

ഇത്തരം പ്രബോധനങ്ങൾ നടത്തിയ നിരവധി പാഷണ്ഡികൾ അക്കാലത്ത് അവിടവിടെ ഉടലെടുത്തു. തങ്ങളുടേതാണ് സത്യപ്രബോധനം എന്നും തങ്ങളാണ് സത്യക്രിസ്ത്യാനികൾ എന്നും ഒക്കെ ഇവർ പ്രചരിപ്പിക്കാൻ ശ്രമിച്ചു, എന്നാൽ ശ്ലീഹന്മാരിൽനിന്നു സത്യവിശ്വാസം സ്വീകരിച്ച സഭകളും സഭാപിതാക്കന്മാരും ഇവരുടെ പ്രബോധനത്തിലെ പാഷണ്ഡത വ്യക്തമാക്കി. ഇവരുടേത്

www.malankaralibrary.com



തെററായ പ്രബോധനമാണെന്നും സത്യവിശ്വാസത്തിൽ വിഷം കലർത്തിയ മനുഷ്യദ്രോഹികളാണ് ഇവരെന്നും ഇവരിൽനിന്ന് അകന്നു കഴിയണമെന്നും സത്യവിശ്വാസികളായി ജീവിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ടവരെ ഉദ്ബോധിപ്പിച്ചു:

'പഴയനിയമ ദൈവവും പുതിയനിയമ ദൈവവും തമ്മിൽ അന്തരം ഇല്ല. പഴയനിയമ ദൈവവും ഈ ലോകസ്രഷ്ടാവും യേശുവിൻെറ പിതാവും ഒരാൾ തന്നെ. യേശു ചൂണ്ടിക്കാണിച്ച സ്നേഹനിധിയായ പിതാവാണ് അത്. യേശു വന്നത് ഈ പിതാവിൽ നിന്നാണ്. യേശു സത്യമായും സ്വഭാവത്താലേ ദൈവപുത്രനാണ്. മറിച്ച് പഠിപ്പിക്കുന്ന പ്രബോധനങ്ങളൊക്കെ ത്യാജ്യങ്ങളാണ്' എന്ന് സഭാപിതാക്കന്മാർ വിശ്വാസികളെ പഠിപ്പിച്ചു.

തങ്ങളുടെ പ്രബോധനമാണ് സത്യപ്രബോധനം എന്നു തെളിയിക്കാൻ ശ്ലീഹന്മാർ സ്ഥാപിച്ച പുരാതന സഭകളിലേക്ക് ശ്രദ്ധ തിരിക്കാൻ അവർ ആഹ്വാനം നടത്തി. ലോകം മുഴുവനും ഉള്ള കത്തോലിക്കാസഭയിലെ മെത്രാന്മാരുടെ പട്ടികകൾ പിറകോട്ട് പോയാൽ ഏതെങ്കിലും ഒരു ശ്ലീഹായിൽ ചെന്നു നില്ക്കുന്നതായി കാണാം. ഇടമുറിയാതുള്ള ശ്ലൈഹിക കൈവയ്പിലൂടെ ശ്ലൈഹിക പ്രബോധനം ഈ സഭകളിൽ നിലനിന്നു. ശ്ലീഹന്മാർ പഠിപ്പിച്ചവ ഈ ശ്ലൈഹികസഭകൾ നിലനിർത്തി. ഇതിനേററം ഉത്തമദൃഷ്ടാന്തമാണ് റോമാസഭയുടെ കാര്യം. ശ്രേഷ്ഠരായ പത്രോസും പൗലോസും പഠിപ്പിച്ച സത്യപ്രബോധനം ഇന്നും മാററം കൂടാതെ പ്രസ്തുതസഭയിൽ നിലനിൽക്കുന്നു. ഏതെങ്കിലും സഭ പഠിപ്പിക്കുന്നത് സത്യപ്രബോധനമാണോ എന്ന് പരിശോധിക്കാനുള്ള മാനദണ്ഡം, റോമാസഭയുടെ പ്രബോധനവുമായി അവർ ഒത്തുപോകുന്നുണ്ടോ എന്നതാണ് എന്ന് പിതാക്കന്മാർ ചൂണ്ടിക്കാട്ടി.

അബദ്ധോപദേശകരുടെ വിഘടിത സമൂഹങ്ങൾക്ക് ഇപ്രകാരം ശ്ലൈഹികകോത്ഭവം അവകാശപ്പെടാനാവില്ല. ഒരു ശ്ലീഹായും സ്ഥാപിച്ചതല്ല അവരുടെ വിഘടിതസമൂഹ

www.malankaralibrary.com



ങ്ങരം. പാഷണ്ഡതകളുടെ നേതാക്കന്മാർ തങ്ങളുടെ ഭാവനകരം ക്കനുസൃതം രൂപപ്പെടുത്തിയതാണ് അവരുടെ പ്രബോധനങ്ങരം. അതുകൊണ്ട് അവരെ തിരസ്ക്കരിക്കണം. അവർ അസത്യം വിതയ്ക്കുന്നു. തന്റെ കുരിശിലെ രക്തം വഴി നമ്മെ വീണ്ടെടുത്ത നാഥനെ തള്ളിപ്പറഞ്ഞു കൊണ്ട് അന്തരീക്ഷ ശക്തികളെ അവർ സേവിക്കുകയും ചെയ്യുന്നു. പിതാക്കന്മാർ അവരെ കത്തോലിക്കാസഭയ്ക്ക പുറത്താക്കി. അവർ ക്രിസ്ത്യാനികളേ അല്ല എന്നു വ്യക്തമാക്കി. അവരിൽ നിന്ന് അകന്നു കഴിയാൻ സഭാസന്താനങ്ങളെ ഉപദേശിച്ചു. ജ്ഞാനവാദികരം അവസാനം ഇല്ലാതായിപ്പോയി.

## 7 ആധുനിക പാഷണ്ഡതകൾ

### I) യൂണിറേററിയൻസ് (Unitarians)

ഏകദൈവം ഏകയാരം മാത്രം എന്നു കരുതുന്ന കുറെ ആളുകരം സ്ഥാപിച്ചതാണ് യൂണിറേററിയൻ സമൂഹം. അമേരിക്കയിലാണ് ഇവരുടെ ആസ്ഥാനം. യേശുവിന്റെ ദൈവത്വം പരിശുദ്ധാത്മാവിന്റെ അസ്തിത്വം എന്നിവയൊന്നും ഇവർ അംഗീകരിക്കുന്നില്ല. ത്രിത്വപ്രബോധനം പാടേ തിരസ്ക്കരിക്കുന്നു. സുവിശേഷം പഠിപ്പിക്കുകയും ശ്ലീഹന്മാർ കൈമാറുകയും ചെയ്ത അടിസ്ഥാന ക്രൈസ്തവ തത്ത്വങ്ങളിലും മൂല്യങ്ങളിലും ഒന്നും ഇവർക്കു വിശ്വാസം ഇല്ല.

അമേരിക്കൻ യൂണിറേററിയൻസ് മിക്കവരും ''ഹ്യൂമനിസ്ററ്'' സർക്കിളിൽ പെട്ടവരാണ്. അതായത് ദൈവത്തെപ്പററി അജ്ഞത പുലർത്തുന്നു (agnostics). ബൈബിളിനോട് ക്രിസ്ത്യാനികരംക്കുള്ള സമീപനം അവർ നേരത്തെ തന്നെ ഉപേക്ഷിച്ചവരാണ്. ദൈവം ഒരു വ്യക്തിയാണ് (a personal God) എന്ന ചിന്ത പുലർത്തുന്നവർ അവരുടെ ഇടയിൽ ചുരുക്കം. അനേകം മതനേതാക്കളിൽ ഒരാളാണ് യേശു; ബുദ്ധമതം, ഹിന്ദുമതം, ഇസ്ലാം എന്നീ മതങ്ങളിലെ പ്രബോധനംപോലെ മാത്രമാണ് ക്രിസ്തുമതം എന്ന് അവർ കരുതുന്നു.

www.malankaralibrary.com



1967—ലെ ഒരു കണക്കനുസരിച്ച് യൂണിറേററിയൻമാരിൽ 3% മാത്രമേ പ്രകൃത്യാതീത യാഥാർത്ഥ്യമായി ദൈവത്തെ പരിഗണിക്കുന്നുള്ളു. ദൈവത്തെ സ്നേഹമായും പരിണാമമായും മററും പത്തിൽ നാലുപേർ കരുതുന്നു. 90% പേർ ആത്മാവിൻെറ അമർത്യതയിൽ വിശ്വസിക്കുന്നില്ല; 64% ഒരിക്കലും പ്രാർത്ഥിക്കാത്തവർ ആണ്.

സത്യദൈവത്തെപ്പററി മനുഷ്യകുലത്തെ പഠിപ്പിക്കേണ്ടവർ ഇവരല്ലെന്നു വ്യക്തം. ഇവരിൽ നിന്നല്ല സത്യദൈവത്തെപ്പററിയുള്ള അറിവ് നമുക്കും അനന്തര തലമുറകൾക്കും ലഭിക്കേണ്ടത്. അവർ ദൈവത്വത്തെപ്പററി പരിഗണിക്കുന്നതേയില്ല. ദൈവം ഒരാളായാലും മൂന്നാളായാലും അവർക്കൊന്നുമില്ല. ദൈവം ഉണ്ടെങ്കിലും ഇല്ലെങ്കിലും അവർക്ക് ഒന്നുമില്ല. ഏകദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്നെങ്കിലും ഏകദൈവത്തിൽ വിശ്വാസമില്ലാത്തവരാണ് മിക്ക യൂണിറേററിയൻമാരും. പിതാവിൽ നിന്നു വന്ന ഏകജാതനായ പുത്രൻ ഇതൊന്നുമല്ല മനുഷ്യകുലത്തെ പഠിപ്പിച്ചത്.

### ii) യഹോവാസാക്ഷികൾ (റസൽമതക്കാർ)

ഏകദൈവം യഹോവയാണ് എന്ന് വാദിച്ചുകൊണ്ട് ത്രിത്വപ്രബോധനം പാടെ നിരാകരിക്കുന്ന ഒരു വിഘടിത വിഭാഗമാണ് യഹോവാസാക്ഷികൾ അഥവാ റസ്സൽ മതക്കാർ. സി. ററി. റസ്സൽ (+1916) എന്നയാൾ സ്ഥാപിച്ചതിനാൽ റസ്സൽ മതക്കാർ എന്ന് ഇവരെ വിളിക്കുന്നു. 1931—ലാണ് യഹോവാസാക്ഷികൾ എന്ന പേര് ഇവർ സ്വീകരിച്ചത്. യേശു അവർക്കു ദൈവമല്ല; പരിശുദ്ധാത്മാവും ദൈവിക ആളല്ല; ഇങ്ങനെ ക്രൈസ്തവ വിശ്വാസത്തിൻെറ അടിത്തറ ഇളക്കാൻ വേണ്ടി തന്ത്രപൂർവ്വം ആസൂത്രണം ചെയ്ത ഒരു സംഘടനയാണിത്. അമേരിക്കയാണ് ഇവരുടെ ആസ്ഥാനം. പുരാതന സഭയിലുടലെടുത്ത ആരിയൻ പാഷണ്ഡത പുനസ്ഥാപിക്കാനാണ് ഇവർ പരിശ്രമിക്കുന്നത്. ''വാച്ച് ടവ്വർ ആൻഡ് ട്രാക്ററ് സൊസൈററി'' എന്ന അമേരിക്കൻ കമ്പനിക്കുവേണ്ടി പുസ്തകങ്ങൾ വില്ക്കുന്ന ''പ്രസാധനം'' എന്ന ദൗത്യമാണ് അംഗങ്ങൾക്കുള്ളത്.

www.malankaralibrary.com



വേദപുസ്തകത്തിന് ഇവർ വളരെ വികലമായ ഒരു വിവർത്തനം തയ്യാറാക്കിയിട്ടുണ്ട്. വളരെ വികലമായി വ്യാഖ്യാനിച്ച് ലൈംഗിക പ്രബോധനവുമായി ഒരു ബന്ധവുമില്ലാത്തതും പരമാബദ്ധങ്ങൾ നിറഞ്ഞതുമായ കുറേ തത്ത്വങ്ങൾ പ്രചരിപ്പിക്കുന്നു. ലോകാന്ത്യത്തെപ്പറ്റി ഭീതിദായകമാംവിധം ചിത്രീകരിച്ച് ആളുകളെ ഭയപ്പെടുത്തിയാണ് ഇവർ പ്രചരണം നടത്തുന്നത്. കത്തോലിക്കാസഭയെ ഇത്രയധികം നിന്ദിക്കുന്ന ഒരു വിഘടിത സംഘടനയും ഇല്ല എന്നു പറയാം.

യഹോവാസാക്ഷികൾ ക്രിസ്ത്യാനികളല്ല. ''നിങ്ങൾ എനിക്കു സാക്ഷികളാകും'' എന്നാണ് കർത്താവു പറഞ്ഞത് (നട 1:8). ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സാക്ഷികളാണ്. യഹോവാസാക്ഷികൾ വേദപുസ്തകം ഉദ്ധരിക്കുന്നത് തങ്ങളുടെ കൊടിയ വിഷത്തിൽ മധുരമായിട്ടു മാത്രമാണ്. തങ്ങളുടേതാണ് യഥാർത്ഥ ക്രിസ്തുമതമെന്ന് മററ് പാഷണ്ഡരെപ്പോലെ അവരും പറയും. തങ്ങൾക്കു മാത്രമേ രക്ഷയുള്ളു എന്ന് മററ് വിഘടിത സമൂഹങ്ങളെപ്പോലെ അവരും പറയും.

### iii) യേശുനാമക്കാർ

ഈയടുത്തകാലത്ത് ''യേശുനാമക്കാർ'' (Jesus only) എന്ന പേരിൽ ഒരു സംഘടനക്കാർ കേരളത്തിൽ അവിടെയും ഇവിടെയും പ്രത്യക്ഷപ്പെട്ട് ക്രിസ്ത്യാനികളെ വഴി തെററിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവരും ത്രിത്വപ്രബോധനം പാടെ നിഷേധിക്കുന്നവരാണ്. ''ത്രിത്വനാമത്തിലുള്ള മാമോദീസാ പാടില്ല. ''യേശുവിന്റെ നാമത്തിൽ'' ഉള്ള സ്നാനം മതി. നടപടി പുസ്തകത്തിൽ അപ്രകാരമാണ് പഠിപ്പിക്കുന്നത്. മററുള്ളവയൊക്കെ തെററാണ്'' എന്നൊക്കെ പറഞ്ഞ് അവിടുന്നും ഇവിടുന്നും ചില വേദപുസ്തക വാക്യങ്ങൾ പെറുക്കിയെടുത്ത് വികല വ്യാഖ്യാനം നടത്തിയാണ് ഇവർ മതപ്രചരണം നടത്തുന്നത്.

നടപടിയുടെ ആരംഭത്തിൽ കാണുന്ന ഭാഗങ്ങൾ യേശുവിൽ കേന്ദ്രീകൃതമായിരുന്നു. യേശു സത്യമായും മരണ

www.malankaralibrary.com



ത്തിൽ നിന്ന് ഉത്ഥാനം ചെയ്തു. അവിടുന്നു ദൈവ പുത്രനും ജീവിക്കുന്നവനും ജീവദാതാവുമാണ് എന്ന സത്യം പ്രഖ്യാപിക്കാനുള്ള പരിശ്രമമാണ് അവിടെ കാണുക. തങ്ങരംക്കുള്ള ബോദ്ധ്യങ്ങരം പറഞ്ഞു മനസ്സിലാക്കാൻ ശ്ലീഹന്മാർ ശ്രമിക്കയായിരുന്നു. 'യേശുവിന്റെ നാമത്തിലുള്ള സ്നാനം' എന്ന പ്രയോഗം സ്നാപകയോഹന്നാന്റെ സ്നാനത്തിൽ നിന്നു വ്യത്യസ്തമായ ഒന്നിനെ സൂചിപ്പിക്കാനായിരുന്നു. ''യേശുവിന്റെ നാമത്തിലുള്ള സൗഖ്യം'' പോലെയായിരുന്നിത്.

ഒരു പക്ഷേ പെന്തിക്കോസ്തിക്കശേഷമുള്ള കുറെക്കാലത്ത് അപ്രകാരമായിരിക്കാം ചെയ്തിരുന്നത്. ''എന്റെ നാമത്തിൽ പിതാവയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും'' (യോഹ. 14:26) എന്ന കർത്തൃവചനമനുസരിച്ച് പരിശുദ്ധാത്മാവ് ത്രിത്വപ്രബോധനത്തിലേക്ക് ശ്ലീഹന്മാരെ നയിച്ചു. ഏക ദൈവവിശ്വാസികളായ അവർ ദൈവത്തെ മൂന്നാളുകളായി മനസ്സിലാക്കി. അതാണ് അവർ സുവിശേഷങ്ങളിലും ലേഖനങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ പരസ്പര വിരുദ്ധമായ സംഗതികരം ഉണ്ടാകുവാൻ പാടില്ലല്ലോ. മത്താ. 28: 18-20 ൽ സ്പഷ്ടമായി കർത്തൃനിർദ്ദേശം നാം കാണുന്നു.'' പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കുവിൻ.'' തീത്തോസിനുള്ള ലേഖനത്തിൽ ''നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചത്'' (3:6) എന്നു പറയുന്നു. കൊറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം അവസാനിപ്പിക്കുന്നത് ത്രിത്വത്തിന്റെ നാമത്തിലുള്ള ആശീർവാദം കൊണ്ടാണ്. ''കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ'' (13:14) ഇപ്രകാരം ശ്ലീഹന്മാർ എഴുതിയത് വെറുതെയാണോ? ''യേശു

www.malankaralibrary.com



മാത്രം മതി'' എന്ന് അവർക്ക് അറിവുണ്ടായിരുന്നെങ്കിൽ അവർ ഇപ്രകാരം എഴുതുമായിരുന്നോ? നമ്മുടെ കർത്താവിൽ നിന്ന് അവർ പഠിച്ചത് അപ്രകാരമല്ല. പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിച്ചതും അപ്രകാരമല്ല, മറിച്ച് കർത്തൃ പ്രബോധനങ്ങളെ വികലമാക്കിയത് ''യേശു മാത്രം മതി'' ''പിതാവും വേണ്ടാ, പരിശുദ്ധാത്മാവും വേണ്ടാ'' എന്നു പറയുന്ന ''യേശുനാമക്കാർ'' ആണ്.

## 8. മുന്നറിയിപ്പുകൾ

ഈ രീതിയിൽ അബദ്ധ പ്രബോധനവുമായി വന്ന് ക്രിസ്തുവിന്റെ ശിഷ്യരെ കെണിയിൽ കുടുക്കുന്നവർക്കെതിരെ ക്രിസ്തുവും തന്റെ ശിഷ്യന്മാരും തുടരെത്തുടരെ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ''ആരും നിങ്ങളെ വഴി തെററിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. പലരും എന്റെ നാമത്തിൽ വന്ന് 'ഞാൻ ക്രിസ്തുവാണ്' എന്നു പറയുകയും അനേകരെ വഴിതെററിക്കുകയും ചെയ്യും.... നിരവധി വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെററിക്കും'' (മത്താ.24:4–5.11). 'ഇതുവരെ സഭ പഠിപ്പിച്ചവ തെററാണ്' എന്നല്ലേ എല്ലാ വിഘടിത സഭാ നേതാക്കളും പറയുന്നത്. 'ക്രിസ്തു മറെറങ്ങും ഇല്ല, ക്രിസ്തു ഞങ്ങളുടെ പക്കലാണ്' എന്നാണല്ലോ അവരുടെ അവകാശവാദം–കർത്താവു പറയുന്നു, ''ആരും നിങ്ങളെ വഴിതെററിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ.'

ഇതുതന്നെ വിശുദ്ധ പൗലോസ്ശ്ലീഹാ ഗലാത്യർക്കുള്ള ലേഖനത്തിൽ പറയുന്നു: ''ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽനിന്നു വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ, സ്വർഗത്തിൽനിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോട് പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ'' (1:8–9). വി. കുർബാനയിൽ ലേഖനവായനയ്ക്കു മുൻപ് ഈ വാക്യം നാം ഗാനമായി ആലപിക്കാറുണ്ടല്ലോ.

''പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചുപരക്കുന്നു
ദൈവത്തിന്നുപദേശത്തിൽ
സ്ഥിരമായ് നിൽക്കുന്നോൻ ധന്യൻ''.

www.malankaralibrary.com



ശ്ലൈഹിക കാലത്തു തന്നെ വഴിപിഴപ്പിക്കുന്നവർ ഉടലെടുത്തിരുന്നു എന്നു സാരം. ഭൂമിയിൽ വിവിധതരം പ്രബോധനങ്ങളും ഉപദേശങ്ങളും അഭിപ്രായങ്ങളും ഉടലെടുക്കും. എന്നാൽ ദൈവികമായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉപദേശത്തിൽ ഉറച്ചു നില്ക്കുന്നവൻ ഭാഗ്യവാൻ.

കർത്താവു പറയുന്നു: ''ഇതാ ക്രിസ്തു ഇവിടെ, അല്ലെങ്കിൽ അവിടെ എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. കാരണം, കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും പ്രത്യക്ഷപ്പെടുകയും, സാധിക്കുമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപോലും വഴിതെററിക്കത്തക്കവിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും. ഇതാ, ഞാൻ മുൻകൂട്ടി നിങ്ങളോടുപറഞ്ഞിരിക്കുന്നു. അതുകൊണ്ട്, അവൻ മരുഭൂമിയിലുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ പുറപ്പെടരുത്. അവൻ മുറിക്കുള്ളിലുണ്ട് എന്നു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കരുത്'' (മത്താ.24:23–26). ''നിങ്ങൾ ജാഗരൂകരായിരിക്കുവിൻ എല്ലാം ഞാൻ മുൻകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു'' (മർക്കോ.13:23).

''കുഞ്ഞുങ്ങളെ, ഇപ്പോൾ തന്നെ അനേകം വ്യാജക്രിസ്തുക്കൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവർ നമ്മുടെ കൂട്ടത്തിൽനിന്നാണു പുറത്തുപോയത്. അവർ നമുക്കുള്ളവർ ആയിരുന്നില്ല. നമുക്കുള്ളവർ ആയിരുന്നെങ്കിൽ നമ്മോടുകൂടെ നിൽക്കുമായിരുന്നു....പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനാരോ അവനാണ് അന്തിക്രിസ്തു. പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല. പുത്രനെ ഏററു പറയുന്നവനു പിതാവും ഉണ്ടായിരിക്കും'' എന്ന് വി. യോഹന്നാൻ ശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ഉദ്ബോധിപ്പിക്കുന്നു (2:18–24). യഹോവാസാക്ഷികളും യൂണിറേറിയൻസും യേശുമാത്രക്കാരും പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവരാകയാൽ യോഹന്നാന്റെ ലേഖനമനുസരിച്ച് അവരാണ് അന്തിക്രിസ്തു. അന്തിക്രിസ്തുവല്ല, ദൈവത്തിന്റെ സഭയാണ് നമ്മെ ദൈവവചനം പഠിപ്പിക്കേണ്ടത്.

www.malankaralibrary.com



''സത്യത്തെപ്പററിയുള്ള പൂർണജ്ഞാനത്തിൽ എത്തിച്ചേരാൻ അവർക്കു കഴിവില്ല. അവർ ദുഷിച്ച മനസ്സുള്ളവരും വിശ്വാസനിന്ദകരുമാണ്'' (I തിമോ.3:8) എന്ന് പൗലോസ് ശ്ളീഹാ പറയുന്നു. സത്യത്തെപ്പററി പൂർണ്ണമായി അറിയണം. ഭാഗികമായി അറിഞ്ഞാൽ പോരാ. ഏതെങ്കിലും കുറേ വേദപുസ്തകവാക്യങ്ങൾ ഉദ്ധരിച്ച് തന്നിഷ്ടപ്രകാരം വ്യാഖ്യാനിക്കുന്നതല്ല ക്രൈസ്തവപ്രബോധനം. സഭ പഠിപ്പിക്കുന്ന സമഗ്രസുവിശേഷം സ്വന്തമാക്കണം.

വിശ്വാസത്തിൽ നിലനില്ക്കേണ്ടത് ആവശ്യമാണ്. ഒരിക്കൽ ലഭിച്ച വിശ്വാസം നിലനിർത്തേണ്ടതാണ്. കാററിലാടുന്ന ഞാങ്ങണപോലെയോ, ഒന്നുമറിയാത്ത ശിശുക്കളെപോലെയോ വ്യാപരിക്കരുത് എന്നും ശ്ലീഹന്മാർ ഉപദേശിക്കുന്നു: ''നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനില്ക്കുന്നുണ്ടോ എന്നു പരിശോധിക്കുവിൻ'' (1 കൊറി. 13:54). ''നാം ഇനിമേൽ തെററിന്റെ വഞ്ചനയിൽ പെടുത്താൻ മനുഷ്യർ കൗശലപൂർവം നൽകുന്ന വക്രതയാന്ന ഉപദേശങ്ങളുടെ കാററിൽ ആടിയുലയുകയും തൂത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത്'' (എഫേ. 4:14). ''വചനം മുഖേനയോ കത്തു മുഖേനയോ ഞങ്ങൾ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുവിൻ'' (2 തെസ്സ.2:15).

ക്രിസ്തുവിന്റെ കുരിശിനെ നിരാകരിക്കുന്നവരാണ് അന്തിക്രിസ്തു: ''പലരും ക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നു'' (ഫിലി. 3:15). ''പണ്ടു തന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ട മനുഷ്യർ നിങ്ങളുടെ ഇടയിൽ കയറിക്കൂടിയിട്ടുണ്ട്. അവർ നമ്മുടെ ദൈവത്തിന്റെ കൃപയെ തങ്ങളുടെ അശുദ്ധ ജീവിതത്തിനായി ദുർവിനിയോഗിക്കുകയും നമ്മുടെ ഏകനാഥനും കർത്താവുമായ യേശുക്രിസ്തുവിനെ തള്ളിപ്പറയുകയും ചെയ്യുന്നു'' (യൂദാ. 4). ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ മററൊന്നിലും എനിക്ക് അഭിമാനിക്കാൻ ഇടയാകാതിരിക്കട്ടെ'' (ഗലാ. 6;14). ''നാശ

www.malankaralibrary.com



ത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ....ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും പുറജാതികൾക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു'' (1 കൊറി.1:18–23). – യഹോവാ സാക്ഷികൾ കുരിശിനും ക്രൂശിതനായ നാഥനും എതിരെ എന്തെന്തു ദൈവദൂഷണങ്ങളാണോ പറയുന്നത്? അവർ എഴുതിവിടുന്ന ദൈവദൂഷണങ്ങൾക്കതിരില്ല. അവർ ''വിനാശകരമായ അഭിപ്രായങ്ങൾ പഠിപ്പിക്കയും തങ്ങളെ വില കൊടുത്തു വാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യുന്നു'' (2 പത്രോ. 2:1–3).

അതുകൊണ്ട് യേശുക്രിസ്തുവിനെ പിൻചെല്ലണം എന്നാഗ്രഹിക്കുന്നവർ യഹോവാ സാക്ഷികളിൽ നിന്നും യൂണിറേററിയൻസിൽ നിന്നും യേശുനാമക്കാരിൽനിന്നും അകന്നിരിക്കണം. നിരന്തരം ജാഗരൂകരായിരിക്കണം. ''സർപ്പം ഹവ്വായെ തന്ത്രപൂർവം ചതിച്ചതുപോലെ നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിലുള്ള ലാളിത്യത്തിലും വിശുദ്ധിയിലും നിന്ന് വ്യതിചലിക്കപ്പെടുമോ എന്നു ഞാൻ ഭയപ്പെടുന്നു, എന്ന് പൗലോസ് പറയുന്നു (2 കൊറി. 11:13). ശ്ലീഹന്മാർ പ്രസംഗിച്ചതും സഭ ഇടമുറിയാതെ കൈമാറിയതുമായ യേശുക്രിസ്തു എന്ന അമൂല്യനിക്ഷേപം നമുക്കുണ്ട്. എന്നാൽ അതിന്റെ സ്ഥാനത്ത് വികല സുവിശേഷവും വികല ക്രിസ്തുവിനെയുമാണ് യഹോവാ സാക്ഷികളും മററ് വിഘടിത വിഭാഗക്കാരും കാഴ്ചവയ്ക്കുന്നത്. 'ഇതാ, ക്രിസ്തു ഞങ്ങളുടെ പക്കലുണ്ട്' എന്നു പറഞ്ഞാണ് കത്തോലിക്കരെ തങ്ങളുടെ പക്കലേക്ക് അവർ ആകർഷിക്കുന്നത്. ''ഞങ്ങൾ പ്രസംഗിച്ചതല്ലാതെ മറെറാരു യേശുവിനെ ആരെങ്കിലും വന്നു പ്രസംഗിക്കുകയോ, നിങ്ങൾ സ്വീകരിച്ചതല്ലാത്ത മറെറാരു ആത്മാവിനെ നിങ്ങൾ സ്വീകരിക്കുകയോ, നിങ്ങൾ കൈക്കൊണ്ടതല്ലാത്ത മറെറാരു സുവിശേഷം നിങ്ങൾ കൈക്കൊള്ളുകയോ ചെയ്താൽ, നിങ്ങൾ അനായാസം അതിനെല്ലാം കീഴ്പ്പെടുകയായിരി

www.malankaralibrary.com



ക്കും ചെയ്യുക'' (2 കൊറി. 11:4). ''എൻെറ വേർപാടിനു ശേഷം ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ മദ്ധ്യേ വരുമെന്നും, അവ അജഗണത്തെ വെറുതേ വിടുകയില്ലെന്നും എനിക്കറിയാം. ശിഷ്യരെ ആകർഷിച്ച് തങ്ങളുടെ പിന്നാലെ കൊണ്ടുപോകുവാൻ വേണ്ടി സത്യത്തെ വളച്ചൊടിച്ച് പ്രസംഗിക്കുന്നവർ നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടാകും. അതിനാൽ നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുവിൻ'' എന്ന് പൗലോസ് ഉപദേശിക്കുന്നു (നട. 20:29–30). ''ശരിയായ വിശ്വാസത്തിൽ ഉറച്ചുനിൽക്കുക'' അത്യന്താപേക്ഷിതമായ കാര്യമാണ് (തീത്തൂ. 1:14). നവീന പ്രബോധകർ ''ദൈവത്തെ അറിയുന്നു എന്നു ഭാവിക്കുന്നു'' (1:15). അത്തരക്കാരിൽ നിന്നകലുവാൻ ശ്ലീഹാ ഉപദേശിക്കുന്നു: ''അലസതയിലും, ഞങ്ങളിൽ നിന്നു സ്വീകരിച്ച പാരമ്പര്യത്തിനിണങ്ങാത്ത രീതിയിലും ജീവിക്കുന്നവരിൽ നിന്ന് ഒഴിഞ്ഞിരിക്കുവാൻ കർത്താവിൻെറ നാമത്തിൽ ഞങ്ങൾ നിങ്ങളോട് കല്പിക്കുന്നു (2 തെസ്സ. 3:6).

കർത്താവിൻെറയും തൻെറ ശ്ലീഹന്മാരുടെയും മുന്നറിയിപ്പുകൾ നാം ഗൗരവപൂർവം പരിഗണിക്കണം. ''കപടനാട്യക്കാരായ ശ്ലീഹന്മാരും വഞ്ചകരായ ജോലിക്കാരും ക്രിസ്തുവിൻെറ ശ്ലീഹന്മാരായി വ്യാജവേഷം ധരിച്ചുവരുന്നുണ്ട്. പിശാചുപോലും പ്രഭാപൂർണനായ ദൈവദൂതനായി വേഷം കെട്ടാറുണ്ടല്ലോ'' (2 കൊറി. 11:13–14).

നമുക്ക് സത്യദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കാം. ''കർത്താവായ യേശുക്രിസ്തുവിൻെറ കൃപയും ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സഹവാസവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ'' ആമ്മീൻ (2കൊറി. 13:14).